കേരളപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

V

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT-7/1/Malayalam -5AT Vol-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

*Prepared by* :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
First Edition : 2014, Reprint : 2016
Printed at : KBPS, Kakkanad, Kochi- 30
© Department of Education, Government of Kerala

പ്രിയ വിദ്യാർഥികളേ,

മലയാളഭാഷയുടെ മധുരം നുകരാൻ നിങ്ങൾക്കായി ഒരുക്കിയതാണ് ഈ പാഠപുസ്തകം. നമ്മുടെ മാതൃഭാഷയെ ശ്രേഷ്ഠ ഭാഷകളിൽ ഒന്നായി ഭാരതസർക്കാർ അംഗീകരിച്ചിരിക്കുകയാണല്ലോ. അറിവിന്റെ ഉയരങ്ങൾ കീഴടക്കാൻ മാതൃഭാഷയിലൂടെ നമുക്ക് കഴിയും. മലയാളത്തിന്റെ വിപുലമായ സാഹിത്യസമ്പത്ത് നിങ്ങൾക്ക് സ്വന്തമാണ്. അത് ആസ്വദിക്കാനും അതിലേക്ക് സംഭാവന ചെയ്യാനും ഒരുങ്ങിക്കൊള്ളുക.

വായിക്കാനും എഴുതാനും ഏറെ അവസരങ്ങൾ ഈ പാഠപുസ്തകം നിങ്ങൾക്ക് നല്കുന്നു. ഭാഷാപഠനം രസകരവും വിജ്ഞാനപ്രദവുമാക്കാം. നിങ്ങളുടെ ഭാവനയും ചിന്തയും ഉണരട്ടെ.

സ്നേഹാശംസകളോടെ,

ഡോ. പി. എ. ഫാത്തിമ
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി

## പാഠപുസ്തക ശില്പശാലയിൽ പങ്കെടുത്തവർ

- കെ. അബ്ദുൽകരീം, ബി. ആർ. സി. സുൽത്താൻ ബത്തേരി, വയനാട്
- കെ.പി.സി. അബ്ദുൽഖാദർ, ജി. എച്ച്. എസ്. എസ്, സൗത്ത് തൃക്കരിപ്പൂർ, കാസറഗോഡ്
- കെ.എം. ഉണ്ണികൃഷ്ണൻ, ഡയറ്റ്, കണ്ണൂർ
- എബി പാപ്പച്ചൻ, എം. എസ്. എച്ച്. എസ്. എസ്. മൈനാഗപ്പള്ളി, കൊല്ലം
- പി.കെ. ജയരാജൻ, ജി. എച്ച്. എസ്. എസ്. കുണ്ടംകുഴി, കാസറഗോഡ്
- പി. പ്രേമചന്ദ്രൻ, ജി. ജി. എച്ച്. എസ്. എസ്. പയ്യന്നൂർ
- ഡോ. എം. ബാലൻ, എസ്. എസ്. എ. കേരളം, തിരുവനന്തപുരം
- കെ. മനോഹരൻ, എ. യു. പി. എസ്. പുലാശ്ശേരിക്കര, പാലക്കാട്
- എൻ. മുഹമ്മദ് സാലി, ജി. എച്ച്. എസ്. എസ്. മീനങ്ങാടി, വയനാട്
- മുഹമ്മദ് സിയ, ജി. യു. പി. എസ്. പൈമറ്റം, കോതമംഗലം, എറണാകുളം
- പി. യഹിയ, ജി. വി. എച്ച്. എസ്. എസ്. പയ്യാനക്കൽ, കോഴിക്കോട്
- ആർ.പി. ശിവകുമാർ, എസ്. ആർ. വി. ഗവ. മോഡൽ എച്ച്. എസ്, എറണാകുളം
- എ. സജീവൻ, ഗവ. എച്ച്. എസ്. എസ്. വളയം, വടകര
- ഹസീന എസ്. കാനം, ജി. എച്ച്. എസ്. എസ്. കൊച്ചാനൂർ, തൃശ്ശൂർ
- കെ.ബി. ഹൃഷികേശ്, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്

## ചിത്രരചന

- ജനു മഞ്ചേരി
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്. എസ്. എസ്, വടകര
- എൻ.ടി. രാജീവ്, ജി. എച്ച്. എസ്. എസ്. തരിയോട്, വയനാട്
- സന്തോഷ് വെളിയന്നൂർ
- സുരേഷ് ചാലിയത്ത്, ജി. എച്ച്. എസ്. കുറുക, മലപ്പുറം

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്.
- ഡോ. ഡി. ബഞ്ചമിൻ, റിട്ട. പ്രൊഫസർ, കേരളസർവകലാശാല
- ഡോ. പി. സോമനാഥൻ , അസി. പ്രൊഫസർ, കോഴിക്കോട് സർവകലാശാല
- ഡോ. ബി.വി. ശശികുമാർ, അസോ. പ്രൊഫസർ, കേരളസർവകലാശാല
- ഡോ. വിജയൻ ചാലോട്, എസ്. എസ്. എ. കണ്ണൂർ
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രൊഫസർ, കേരളവർമ കോളേജ്, തൃശ്ശൂർ
- ശ്രീ. അക്ബർ കക്കട്ടിൽ, വൈസ് പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി
- ശ്രീ. ബി. രാമചന്ദ്രൻപിള്ള, റിട്ട. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

- ഡോ. പി.കെ. തിലക്, റിസർച്ച് ഓഫീസർ എസ്.സി.ഇ.ആർ.ടി. കേരളം

# ഉള്ളടക്കം


**1. തേനൂറും മലയാളം** 7

മലയാളനാടേ, ജയിച്ചാലും ........ 8

പാത്തുമ്മായുടെ ആട് ........ 13

കോയസ്സൻ ........ 19

**2. കാണാക്കാഴ്ചകൾ** 31

അനന്തവിഹായസ്സിലേക്ക് ........ 32

ഭൂമി സനാഥയാണ് ........ 37

കൃഷിമാഷ് ........ 40

**3. ചിരിയും ചിന്തയും** 47

ആഭരണം ........ 48

വെണ്ണയുണ്ടെങ്കിൽ ........ 50

കാൻസർവാർഡിലെ ചിരി ........ 52

കാസിമിന്റെ ചെരുപ്പ് ........ 55

**4. സഞ്ചാരത്തിനിടയിൽ** 63

മയിൽപ്പീലിസ്പർശം ........ 64

വെള്ളിലവള്ളി ........ 70

പ്രകൃതിപാഠം ........ 73

**5. തനിമയുടെ പൊലിമ** 79

രസഗുളികകൾ ........ 80

കീരീ കീരീ കിണ്ണം താ ........ 85

വേനലിന്റെ ഒഴിവ് ........ 89



# 1
# തേനൂറും മലയാളം



അമ്പത്താറക്ഷരമല്ല
അമ്പത്തൊന്നക്ഷരവുമല്ലെന്റെ മലയാളം
മലയാളമെന്ന നാലക്ഷരമല്ല
അമ്മ എന്ന ഒരൊറ്റക്ഷരമാണ്
മണ്ണ് എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം

– കുഞ്ഞുണ്ണി

മലയാളം എന്ന വാക്കിന് കവി നൽകുന്ന അർഥങ്ങൾ എന്തെല്ലാമാണ്?

# മലയാളനാടേ, ജയിച്ചാലും



മലയാളനാടേ, നിൻ മാറിലോരോ
മലർമാല ചാർത്തുന്നു മഞ്ജിമകൾ
വിജയിക്കൂ ഞങ്ങൾ പിറന്ന നാടേ!
വിമലശ്രീ നിത്യം പുലർന്ന വീടേ!

കരൾ കക്കും നിൻകളിത്തോപ്പിലെത്ര
കവികോകിലങ്ങൾ പറന്നു പാടി!
അവിരളോന്മാദം തരുന്നു ഞങ്ങൾ-
ക്കവർ പെയ്ത കാകളിത്തേന്മഴകൾ

പരശ്ശതം വർഷങ്ങൾക്കപ്പുറത്താ-
പരിചേലും തുഞ്ചൻപറമ്പിലെങ്ങോ
ഒരു തൈമരത്തിൽ തളിർത്ത കൊമ്പ-
ത്തൊരു പച്ചത്തത്തമ്മ കൂടുകൂട്ടി
അഖിലവേദാന്ത പുരാണതത്ത്വ-
മവളാത്തമോദമെടുത്തു പാടി
അഴകുറ്റ ഗാനമേ, നിന്റെ മുൻപിൽ
തൊഴുകൈപ്പൂമൊട്ടുമായ് നില്പു ഞങ്ങൾ
ഫലിതത്തിൻ തൈലം പകർന്നു കുഞ്ചൻ
നിലവിളക്കൊന്നു കൊളുത്തിവച്ചു
അതിനുള്ളിലായിരം പൊൻതിരിക-
ളറിവിൻ വെളിച്ചം ചൊരിഞ്ഞെരിഞ്ഞു
മണിമുകിൽവർണനെ വാഴ്ത്തിവാഴ്ത്തി
മതിമാൻ ചെറുശ്ശേരി പാട്ടുപാടി

അഭിനവമാശാന്റെ തത്ത്വചിന്താ-
മധുരമാം പാവനപ്രേമഗാനം
മറവിക്കും മായ്ക്കുവാനായിടാതെ
മഹിതാഭ വീശിപ്പരിലസിപ്പൂ
മധുരമായ് വള്ളത്തോൾ ഞങ്ങൾ കേൾക്കാൻ
മണിവീണ മന്ദമെടുത്തു മീട്ടി,
വിജയശ്രീലാളിതനായൊരുള്ളൂർ
വിപുലപാണ്ഡിത്യം തുറന്നുകാട്ടി
പ്രണയിപ്പൂ ഹാ! ഞങ്ങൾ ഭക്തിപൂർവം
പ്രതിഭാപ്രഭാവമേ നിന്റെ മുൻപിൽ

ചങ്ങമ്പുഴ കൃഷ്ണപിള്ള

### ഈണത്തിൽ ചൊല്ലാം

- കവിത ക്ലാസിൽ സംഘമായി വായിച്ചവതരിപ്പിക്കൂ. ഏത് അവതരണമാണ് മികച്ചത്?

### വായിക്കാം കണ്ടെത്താം

- കേരളത്തെ മലയാളനാട് എന്നു കവി വിളിക്കുന്നത് എന്തുകൊണ്ടാവാം? നിങ്ങളുടെ ഊഹങ്ങൾ പറയൂ.
- ഏതൊക്കെ കവികളെക്കുറിച്ചാണ് പാഠഭാഗത്ത് സൂചനകളുള്ളത്? കണ്ടെത്തൂ. നിങ്ങൾക്ക് മറ്റേതൊക്കെ കവികളെ അറിയാം?

നമ്മുടെ നാടിന്റെ സവിശേഷതകൾ സൂചിപ്പിക്കുന്ന ചില വരികൾ കവിതയിൽ കാണാം. നാടിന്റെ എന്തൊക്കെ സവിശേഷതകളാണ് ഈ വരികളിലൂടെ നിങ്ങളുടെ മനസ്സിലേക്ക് കടന്നുവരുന്നത്? സമാനമായ ചില വരികൾകൂടി നോക്കൂ :


- മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്
  മലയാളമെന്നൊരു നാടുണ്ട്
  കൊച്ചു മലയാളമെന്നൊരു നാടുണ്ട്

- കേരളം കേരളം കേളികൊട്ടുയരുന്ന കേരളം
  കേളീകദംബം പൂക്കും കേരളം
  കേരകേളീ സദനമാമെൻ കേരളം

കേരളത്തിന്റെ ഏതൊക്കെ പ്രത്യേകതകളെക്കുറിച്ചാണ് ഈ ഗാനങ്ങളിൽ പറയുന്നത്?

"ഫലിതത്തിൻ തൈലം പകർന്നു കുഞ്ചൻ
നിലവിളക്കൊന്നു കൊളുത്തിവച്ചു"

- കുഞ്ചന്റെ കവിതയുടെ ചില പ്രത്യേകതകൾ ഈ വരികളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ കവിതയുടെ മറ്റെന്തെല്ലാം മേന്മകൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും? കണ്ടെത്തിയവ താഴെ കൊടുത്തതു പോലെ എഴുതൂ.




- മറ്റു കവികളെക്കുറിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ ഇതുപോലെ തയാറാക്കൂ.

കവിതയിൽ കാണുന്ന ചില പദച്ചേർച്ചകളും പ്രയോഗങ്ങളും ശ്രദ്ധിക്കൂ:

കവികോകിലങ്ങൾ, തൊഴുകൈപ്പൂമൊട്ട്, ഫലിതത്തിൻതൈലം- ഇവ എന്തു ഭംഗിയാണ് നൽകുന്നത്? ഇത്തരത്തിലുള്ള പദച്ചേർച്ചകൾ കണ്ടെത്തി പ്രയോഗഭംഗി വിശദീകരിക്കുക.

### ചില പദച്ചേരുവകൾ നിർമിക്കാം

| | കുപ്പായം | പച്ചക്കുപ്പായം |
|---|---|---|
| പച്ച | | |
| | | |
| | | |

### കാവ്യഭാഗങ്ങൾ സംഘമായി ചൊല്ലിയവതരിപ്പിക്കൂ

- അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ
  കരയായ്കോമനേ,കരൾ വാടി
  പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി-
  ക്കരയായ്കോമനേ, വരുന്നു ഞാൻ
  പനിനീർച്ചെമ്പകച്ചെറുമുള്ളേറ്റു നിൻ
  കുരുന്നുകൈവിരൽ മുറിഞ്ഞിതേ!
  തനിയേ തൈമാവിൽ കയറിവീണോമൽ
  ചെറുകാൽമുട്ടുകൾ ചതഞ്ഞിതേ!

-കുമാരനാശാൻ

- ഓമനേ, നീയുറങ്ങെൻമിഴിവണ്ടിണ-
  ത്തൂമലർത്തേൻകുഴമ്പെന്റെ തങ്കം!
  ആടിയും പാടിയും ചാടിയുമോടിയും
  വാടിയും വീടും മുഖരമാക്കി
  വാടി വിയർത്ത മുഖാംബുജത്തോടെന്നെ-
  ത്തേടി നീയന്തിയിൽ വന്ന നേരം
  നിൻകവിൾത്തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ-
  യെൻകണ്ണിലുണ്ണീ! ഞാനെത്ര വച്ചൂ!

- ഉള്ളൂർ എസ്. പരമേശ്വരയ്യർ

- പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും
  സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും
  പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു-
  കൊള്ളുന്നു, കുമാരിയും ഗോകർണേശനുമമ്മേ!
  വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
  വന്ദിപ്പിനുപാസ്യരായുള്ളോർക്കുമുപാസ്യയെ!
  ആഴിവീചികളനുവേലം, വെൺനുരകളാൽ-
  ത്തോഴികൾപോലെ, തവ ചാരു തൃപ്പദങ്ങളിൽ
  തൂവെള്ളിച്ചിലമ്പുകളിടുവിക്കുന്നു;തൃപ്തി
  കൈവരാഞ്ഞഴിക്കുന്നു! പിന്നെയും തുടരുന്നൂ!

- വള്ളത്തോൾ നാരായണമേനോൻ

## ജീവചരിത്രക്കുറിപ്പ് തയാറാക്കാം

- കുഞ്ചൻനമ്പ്യാരെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ മനസ്സിലാക്കിയത്? എഴുതിനോക്കൂ.

* പാഠഭാഗത്തുനിന്ന് മനസ്സിലാക്കിയത്

- ..................................................................
- ..................................................................

* ക്ലാസിൽ ചർച്ചചെയ്തതിൽനിന്ന് ലഭിച്ചത്

- ..................................................................
- ..................................................................

* പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കിയത്

- ..................................................................
- ..................................................................

ഇവയെല്ലാം ഉൾപ്പെടുത്തി കുഞ്ചൻനമ്പ്യാരുടെ ലഘുജീവചരിത്രക്കുറിപ്പ് തയാറാക്കുക.

# പാത്തുമ്മായുടെ ആട്



പാത്തുമ്മായുടെ ആടിന്റെ മേട് രാവിലെ തുടങ്ങി. ഏതാണ്ട് എട്ടുമണി ആയിക്കാണും. തലയിലും ദേഹത്തുമെല്ലാം എണ്ണ തേച്ചിട്ട് ലങ്കോട്ടികെട്ടി ഞാൻ കസർത്തു ചെയ്കയായിരുന്നു. അപ്പോൾ മുറ്റത്ത് പിള്ളേരുടെ ഒരു ബഹളം കേട്ടു:

“ഉള്ളാടത്തിപ്പാറൂ! ഉള്ളാടത്തിപ്പാറൂ!”

“വാലേപ്പിടി! വാലേപ്പിടി!”

“മുള്ളളണത് കണ്ടില്ലാ! മുള്ളളണത് കണ്ടില്ലാ!”

“കൊമ്പേപ്പിടി! കൊമ്പേപ്പിടി!”

എന്താണു സംഗതി? ഞാൻ ജനാലയിലൂടെ നോക്കി. വലിയ വിശേഷമൊന്നുമില്ല. പാത്തുമ്മായുടെ ആട് അബിയുടെ ഹാഫ് ട്രൗസറിന്റെ മുൻവശം മുഴുവനും തിന്നുകഴിഞ്ഞു! ബാക്കിയുള്ളതിന് പിടികൂടിയിട്ടുണ്ട്. അബി ആടിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചിരിക്കുന്നു. പാത്തുക്കുട്ടി വാലിൽ പിടിച്ചു വലിക്കുകയാണ്. സൈദുമുഹമ്മദ് കൊമ്പിൽ പിടിച്ചിട്ടുണ്ട്. ആരിഫാ അന്തംവിട്ടുനിൽക്കുന്നു. റഷീദും സുബൈദയും മറ്റൊന്നിലും ശ്രദ്ധിക്കാതെ തള്ളവിരലുകൾ വായിലിട്ടു നുണഞ്ഞുകൊണ്ടു മുറ്റത്തിരിക്കുകയാണ്. ലൈലാ ആടിന്റെ പള്ളയ്ക്കു പിടിച്ചുകൊണ്ട് അതിനെ ചീത്ത പറയുന്നു:

“ഉള്ളാടത്തിപ്പാറൂ! ഉള്ളാടത്തിപ്പാറൂ!”

ഞാൻ തോർത്തു ചുറ്റി മുറിയിൽനിന്നു വരാന്തയിൽ കയറി മുറ്റത്തിറങ്ങിച്ചെന്ന് ആടിന്റെ ചെവിയിൽ പിടിച്ചിട്ട് അബിയെ വേർപെടുത്തി. അബിയുടെ ഹാഫ്ട്രൗസറിന്റെ മുൻഭാഗം മാത്രമല്ല, ഒരു പോക്കറ്റും ആടു തിന്നുകളഞ്ഞു.

സംഗതി അറിഞ്ഞപ്പോൾ പാത്തുമ്മായുടെ ആട് കുറ്റക്കാരിയല്ല. അബിയുടെ ഹാഫ്ട്രൗസറിന്റെ പോക്കറ്റിൽ വെള്ളപ്പം ഉണ്ടായിരുന്നു. ഒന്നവൻ ആടിനു കുറേ കൊടുത്തു. ബാക്കി മുൻവശത്തു തിരുകിയിട്ട് ആടിന്റെ മുമ്പിൽ ചെന്നുനിന്ന് തിന്നാൻ പറഞ്ഞു. ആട് അപ്പവും ഹാഫ് ട്രൗസറിന്റെ മുൻവശവും തിന്നു. കീശയിലുള്ളത് കീശയോടെ തിന്നു. അബി പറഞ്ഞു:

“ബാപ്പാ തല്ലും!”

“അതു നേരത്തേ ഓർക്കാൻ വയ്യായിരുന്നോ? തല്ലട്ടെ!”

തെല്ലു കഴിഞ്ഞു ഞാൻ പറഞ്ഞു:

“പേടിക്കാനില്ലെടാ ആരും പറയുകയില്ല.”

പാത്തുക്കുട്ടി, ലൈലാ, സൈദുമുഹമ്മദ് എന്നിവരോടു രഹസ്യം പാലിക്കാൻ പറഞ്ഞു. ലൈലായോടു മേലിൽ ആരെയും ‘ഉള്ളാടത്തിപ്പാറു’ എന്നു വിളിക്കരുതെന്നും ഉപദേശിച്ചു.

കസർത്തു മുഴുമിപ്പിച്ചിട്ടു ഞാൻ നദിയിൽ കുളിക്കാൻ പോകാൻ ഒരുങ്ങി. സൈദുമുഹമ്മദിനെയും പാത്തുക്കുട്ടിയെയും വിളിച്ചു. അപ്പോൾ അബിയും ലൈലായുംകൂടി വന്നു. അവർ ബാപ്പായുടെകൂടെ കുളിക്കാൻ പോയില്ല. എന്റെകൂടെ കുളിക്കാൻ കാത്തുനിൽക്കുകയായിരുന്നു. വിശേഷകാരണമൊന്നുമില്ല. അബിയുടെ സ്ലേറ്റ്പെൻസിൽ ലൈലാ എടുത്തൊടിച്ചു ചെറിയ കഷണങ്ങളാക്കി. ഈ കുറ്റത്തിന് അബിയെയും ലൈലായെയും ബാപ്പാ കുളിപ്പിക്കാൻ കൊണ്ടുപോയില്ല. പാത്തുക്കുട്ടിക്കും അബിക്കും സ്ലേറ്റ്പെൻസിൽ വാങ്ങിക്കാൻ ഹനീഫാ അരയണ കൊടുത്തിട്ടുണ്ട്.

ഞാൻ എല്ലാവരെയും മൂവാറ്റുപുഴ ആറ്റിൽ കൊണ്ടുപോയി കുളിപ്പിച്ച് കരയ്ക്കു നിർത്തി. എന്നിട്ട് മുങ്ങാങ്കുഴിയിട്ടും പതച്ചും അങ്ങനെ കുളിക്കുകയായിരുന്നു. അപ്പോൾ അബിയുടെ ഒരു വിളി കേട്ടു: "വല്യ മൂത്താപ്പാ!"

ഞാൻ തിരിഞ്ഞുനോക്കി. ആരും വെള്ളത്തിൽ ഇറങ്ങിപ്പോയിട്ടില്ല. ഞാൻ നീന്തി കടവിൽ ചെന്നിട്ട് ചോദിച്ചു:

"എന്താടാ?"

അബി പറഞ്ഞു:

"ഇനിക്കു ട്രൗസറില്ല!"



അവൻ വ്യക്തമാക്കി. നാണം മറയ്ക്കാൻ അവനൊന്നുമില്ല. പരിപൂർണ നഗ്നനായി നാട്ടുവഴിയെക്കൂടി അവനെങ്ങനെ പോകും?

ഞാൻ ചോദിച്ചു:

"നീ വന്നതിങ്ങനെയല്ലേ!"

അതെല്ലാം ശരി, അതൊക്കെ അപ്പോൾ. ഇപ്പോൾ അബി അവന്റെ സ്കൂളിൽ പഠിക്കുന്ന ഒരുവനെ കടത്തുവഞ്ചിയിൽ കണ്ടു. അവൻ മുണ്ടുടുത്തിട്ടുണ്ട്. അതുകൊണ്ട് അബിയുടെ നാണം മറയ്ക്കാൻ ഞാൻ ഒരു തോർത്ത് കൊടുത്തു. അപ്പോൾ പാത്തുക്കുട്ടിക്കും നാണസംബന്ധിയായ ആവശ്യം വന്നു. അവൾക്കും വേണം മുണ്ട്!

ഞാൻ കുളി കഴിഞ്ഞ് എന്റെ മുണ്ടെടുത്തുടുത്ത്, തോർത്തുരിഞ്ഞു നനച്ചു പിഴിഞ്ഞു തല തുവർത്തിയിട്ട്, തോർത്ത് വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ് പാത്തുക്കുട്ടിയെ ഉടുപ്പിച്ചു.

ലൈലായ്ക്കും സൈദുമുഹമ്മദിനും നാണം തോന്നിത്തുടങ്ങിയിട്ടില്ല. ഉണ്ടായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു! എന്റെ പക്കൽ രണ്ടു മുണ്ടേ ഉള്ളൂ.

(പാത്തുമ്മായുടെ ആട്) - വൈക്കം മുഹമ്മദ് ബഷീർ

## വായിക്കാം കണ്ടെത്താം

- ബഹളം കേട്ട് ജനലിലൂടെ നോക്കിയപ്പോൾ ബഷീർ കണ്ടതെന്താണ്?
- "സംഗതിയറിഞ്ഞപ്പോൾ പാത്തുമ്മായുടെ ആട് കുറ്റക്കാരിയല്ല." - ബഷീറിന്റെ നിഗമനം ശരിയാണോ?
- "നാണസംബന്ധിയായി ഉണ്ടായ പ്രശ്നം ബഷീറിനെ കുഴപ്പത്തിലാക്കുമായിരുന്നു." ഈ പ്രസ്താവന ശരിയോ?
- വായിക്കുമ്പോൾ നിങ്ങളിൽ ചിരിയുണർത്തിയ ഭാഗങ്ങൾ ഏതെല്ലാം? അതിനുള്ള കാരണങ്ങൾ കണ്ടെത്തി അവതരിപ്പിക്കൂ.

ഗ്രാമീണജീവിതത്തിന്റെ എന്തെല്ലാം ചിത്രങ്ങളാണ് പാഠഭാഗത്ത് കാണാൻ സാധിക്കുന്നത്? ഇത്തരം കാഴ്ചകൾ നിങ്ങളുടെ പ്രദേശത്ത് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ? അതിനുള്ള കാരണങ്ങൾകൂടി പറയൂ.

'പാത്തുമ്മായുടെ ആടി'ലെ മറ്റൊരു ഭാഗം വായിക്കൂ:

ഇതാരുടെ ആട്? എന്തൊരു സ്വാതന്ത്ര്യമാണു കാണിക്കുന്നത്? എവിടെല്ലാം കയറുന്നു! എന്തെല്ലാം ചെയ്യുന്നു! എന്നിട്ട് ആരും ഒന്നും മിണ്ടുന്നില്ല. കേൾപ്പോരും കേൾവിയുമില്ലാത്ത വീട്!

ചാരുകസേരയിൽ ഞാൻ മുൻവശത്തെ വരാന്തയിൽ ഇരിക്കുമ്പോൾ മുറിയിൽ ആരോ കടലാസു വലിച്ചുകീറുന്ന ശബ്ദം കേട്ടു. ഞാൻ ചെറുവാതിലിലൂടെ ഉള്ളിലേക്കു നോക്കി. അദ്ഭുതം! ആ ആട് എന്റെ കിടക്കയിൽ കയറിനിന്നുകൊണ്ട് പുസ്തകം തിന്നുകയാണ്! പെട്ടിപ്പുറത്ത് ബാല്യകാലസഖി, ശബ്ദങ്ങൾ എന്നീ രണ്ടു പുസ്തകങ്ങളുടെ പുതിയ പതിപ്പിന്റെ ഓരോ കോപ്പി ഇരിപ്പുണ്ടായിരുന്നു. അതിൽ 'ബാല്യകാലസഖി'യാണ് ഇപ്പോൾ അതു സാപ്പിടുന്നത്. മുൻകാലുകൊണ്ട് ചവിട്ടിയിട്ട് രണ്ടും മൂന്നും പേജുകളായി നക്കിനക്കി വായിലാക്കി സ്റ്റൈലായി ചവച്ചുതിന്നുകയാണ്. തിന്നട്ടെ, നല്ല ആടു തന്നെ...! 'ശബ്ദങ്ങൾ' ഇരിപ്പുണ്ടല്ലോ. ഘോരഘോരമായ വിമർശനപീരങ്കി ഉണ്ടകൾ ഏറ്റ ചെറുപുസ്തകമാണ്. എങ്കിലും സംഗതി ഭീകരം. ആ പുസ്തകം തൊടാൻ ഈ ആട് ധൈര്യപ്പെടുമോ?

യാതൊരു സങ്കോചവുമില്ല. 'ബാല്യകാലസഖി' അകത്തായി. ഉടനെ 'ശബ്ദങ്ങൾ' തുടങ്ങി. രണ്ടു മിനുട്ടുകൊണ്ട് മുഴുവനും സാപ്പിട്ടു. എന്നിട്ട് ആട് എന്റെ പുതപ്പു തിന്നാൻ തുടങ്ങി. ഉടനെ ഞാൻ ചാടിയിറങ്ങി ഓടിച്ചെന്നു:

"ഹേ, അജസുന്ദരീ! ഭവതി ആ പുതപ്പു തിന്നരുത്. അതിനു നൂറു രൂപാ വിലയുണ്ട്. അതിന്റെ കോപ്പി എന്റെ പക്കൽ വേറെയില്ല. എന്റെ പുസ്തകങ്ങൾ ഇനി വേറെയുമുണ്ട്. ഭവതിക്കെല്ലാം വരുത്തി സൗജന്യമായി തരാം."

എന്നിട്ട് ആടിനെ ഓടിച്ചു പുറത്തിറക്കി. അതു പ്ലാവിൻ ചുവട്ടിലേക്കോടി. അവിടെ രണ്ടുമൂന്ന് ഇലകൾ വീണു കിടപ്പുണ്ട്. മൂപ്പത്തി അതെല്ലാം തിന്നുകയാണ്.

ഞാൻ ഉമ്മയെ വിളിച്ചു ചോദിച്ചു:

"ആരതാണുമ്മാ ഈ ആട്?"

ഉമ്മാ പറഞ്ഞു:

"നമ്മടെ പാത്തുമ്മാട ആടാ."

അതാണല്ലേ ഇതിനിത്ര സ്വാതന്ത്ര്യം?

പാത്തുമ്മായുടെ ആടിനെക്കുറിച്ച് ഇനി നിങ്ങൾക്ക് എന്തൊക്കെ പറയാൻ കഴിയും?

- ആടിന്റെ രൂപം
- പെരുമാറ്റം
- വീട്ടിലെടുക്കുന്ന സ്വാതന്ത്ര്യം
- 

ഇവയെല്ലാം ചേർത്ത് പാത്തുമ്മായുടെ ആടിനെക്കുറിച്ച് ഒരു വിവരണം തയാറാക്കൂ.

കഥാസന്ദർഭത്തെ ഹൃദ്യമാക്കുന്ന ചില പ്രയോഗങ്ങൾ നോക്കൂ:

- മുള്ളണത് കണ്ടില്ലാ!
- സ്റ്റൈലായി ചവച്ചു തിന്നുകയാണ്.

- കൂടുതൽ പ്രയോഗങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി അതത് സന്ദർഭങ്ങളിൽ അവ എത്രമാത്രം ഉചിതമായിരിക്കുന്നു എന്ന് ചർച്ചചെയ്യുക.

## നാടകമായി അവതരിപ്പിക്കാം

അഭിനയസാധ്യതയുള്ള നിരവധി മുഹൂർത്തങ്ങൾ പാഠഭാഗത്തുണ്ടല്ലോ. അവ കണ്ടെത്തി ലഘുനാടകമായി അവതരിപ്പിക്കൂ.

# കോയസ്സൻ

കോയസ്സൻ പോയി എന്നു കേട്ടപ്പോൾ അപ്പുവിനു വലിയ വ്യസനമായി. എന്തേ ഒന്നും പറയാതെ പോകാൻ? കോയസ്സൻ അങ്ങനെയങ്ങു പോകുമോ?

അപ്പുവിനോടു പറഞ്ഞിട്ടുള്ളത് മറിച്ചാണല്ലോ– "വലിയ യജമാനൻ അടിച്ചിറക്കിയാൽപ്പോലും കോയസ്സൻ ഈ വീട് വിട്ട് പോകില്ല."

അമ്മയോട് അന്വേഷിച്ചു. ഒന്നും പറഞ്ഞില്ല. അമ്മ ചിരിച്ചതേയുള്ളൂ. അതുകണ്ടപ്പോൾ ദേഷ്യമാണു തോന്നിയത്. കുറേക്കഴിഞ്ഞു കാളിക്കുട്ടിയോടു ചോദിച്ചപ്പോൾ കാര്യം മനസ്സിലായി. ഉണ്ണിമാമൻ ഡോക്ടറായി വന്നപ്പോൾ കാറ് വാങ്ങി.

കാറ് വന്നപ്പോൾ കുതിരവണ്ടി ആവശ്യമില്ലാതായി. കുതിരക്കാരൻ കോയസ്സനും വേണ്ടാതായി.



കോയസ്സനു വീടുണ്ട്. അത് അപ്പുവിനറിയാം. മക്കളുമുണ്ട്. ഓണത്തിന് അവർ വീട്ടിൽ വരും. പുള്ളിത്തട്ടമിട്ട കദീസ ഒളിച്ചും തലകുനിച്ചും ദൂരെ നിൽക്കുകയേയുള്ളൂ. കുഞ്ഞാലു അങ്ങനെയല്ല. മിനുസമുള്ള നിലത്തു വീണ നെല്ലിക്ക പോലെയാണ്. അടങ്ങിയിരിക്കില്ല. കുഞ്ഞാലു കേമനാണ്. അവൻ പാടത്തെ താമരക്കുളത്തിൽ ചാടിയിറങ്ങി നീന്തിച്ചെന്ന് താമരപ്പൂ പൊട്ടിക്കുമത്രേ.

കദീസയും കുഞ്ഞാലുവും കൈനിറയെ താമരപ്പൂക്കളുമായിട്ടാണ് വരുക. അവർ ഇങ്ങോട്ടു വരുമ്പോഴേ കോയസ്സൻ അവരെ കാണാറുള്ളുവെന്നു തോന്നും.

കോയസ്സൻ സ്വന്തം വീട്ടിലേക്ക് പോകുന്നത് ഒരിക്കലേ കണ്ടിട്ടുള്ളൂ. ഇനി എന്നും സ്വന്തം വീട്ടിൽ താമസമാക്കുമോ?

വലിയച്ഛൻ ഉള്ള കാലത്തോളം കുതിരവണ്ടിയുണ്ടാകും; വണ്ടിയുള്ള കാലം വരെ കോയസ്സനും എന്നൊക്കെയാണ് വിചാരിച്ചിരുന്നത്.

കുതിരയെ നോക്കുകയും വണ്ടിയോടിക്കുകയും മാത്രമല്ലായിരുന്നു കോയസ്സന്റെ പണി. എല്ലാറ്റിനും കോയസ്സൻ വേണം.

ഇടയ്ക്കിടെ വലിയച്ഛന്റെ വിളി കേൾക്കാം:

“കോയസ്സൻ...”

എവിടെനിന്നെങ്കിലും കോയസ്സൻ പാഞ്ഞെത്തും.

“ഈ കത്ത് പഞ്ചായത്താപ്പീസിൽ കൊണ്ടുപോയി കൊടുത്തു മറുപടി വാങ്ങി വരൂ.”

“ഓ” – കോയസ്സൻ അനുസരിച്ചു മൂളി.

“മടക്കത്തിൽ സ്വൽപ്പം പുകയിലയും വാങ്ങണം.”

പുകയിലയും ചായപ്പൊടിയും കോയസ്സൻ വാങ്ങിയേ നന്നാകൂ എന്നു വലിയച്ഛൻ പറയാറുണ്ട്. മുത്തച്ഛനും അതു സമ്മതിച്ചിട്ടുണ്ട്.

ഒരു ദിവസം ഗോപിച്ചേട്ടൻ പുകയില വാങ്ങി വന്നു. മുത്തച്ഛൻ മണത്തു നോക്കിയിട്ടു ചോദിച്ചു:

“ഇത് കൂവയിലയോ വാഴയിലയോ? അപ്പുവിനെ പറഞ്ഞയച്ചാൽ ഇതിലും ഭേദമാകുമായിരുന്നു.”

അതു കേട്ടപ്പോൾ അപ്പുവിനു സന്തോഷം തോന്നി. ഗോപിച്ചേട്ടൻ തിരിച്ചു പോകുമ്പോൾ അപ്പുവിന്റെ മണ്ടയിൽ അമർത്തി തോണ്ടി.


“വേണ്ട...” അപ്പു തിരിഞ്ഞുനിന്നു കണ്ണുരുട്ടി.

ഗോപിച്ചേട്ടൻ അകത്തേക്കു പോയി. കോയസ്സൻ ജാലകത്തിലൂടെ നോക്കിനിന്നു ചിരിക്കുകയായിരുന്നു.

“വണ്ടി കെട്ടൂ കോയസ്സ. സബ് റജിസ്ട്രാപ്പീസിൽ പോകണം...” വലിയച്ഛൻ പറഞ്ഞു.

കോയസ്സൻ കുതിരലായത്തിലേക്കു പോയി.

ഇങ്ങനെ എപ്പോഴും കോയസ്സനോട് എന്തെങ്കിലും പണി പറഞ്ഞു കൊണ്ടിരിക്കും. ഇനി ആരോടു പറയും?



കുതിരയ്ക്കു തീറ്റി കൊടുക്കണം, തുടയ്ക്കണം, തിരുമ്മണം, പന്തി വെടിപ്പാക്കണം. എത്ര ജോലി യായിരുന്നു കോയസ്സന്!

കുതിരയെ തുടയ്ക്കുമ്പോൾ, കോയസ്സൻ അതിനോടു സംസാരി ക്കും. കുതിരയ്ക്ക് ഒക്കെ മനസ്സി ലാവുകയും ചെയ്യും. “നാളെ നമുക്ക് എട്ടു നാഴിക ഓടണം. നാലുമൈൽ അങ്ങോട്ട്; ഇങ്ങോട്ടും. മൂപ്പർക്ക് റജിസ്ട്രാപ്പീസിൽ പോകണം, ഓർത്തോ!”

കുതിര അനങ്ങിയില്ലെങ്കിൽ കുഞ്ചി രോമം പിടിച്ചിളക്കിയിട്ട് കോയസ്സൻ ചോദിക്കും: “മനസ്സിലായോ കഴുതേ?”

അപ്പോൾ കുതിര തലയാട്ടും. കഴുത എന്നു വിളിച്ചാൽ അതിനു വലിയ മാനക്കേടാണെന്നു തോന്നുന്നു.

ഇതൊക്കെ നോക്കിനിൽക്കാൻ അപ്പുവിനെ മാത്രമേ സമ്മതിക്കൂ. മറ്റാരെങ്കിലും കുതിരപ്പന്തിയുടെ അടുത്തേക്കു ചെന്നാൽ കോയസ്സൻ ചോദിക്കും: "എന്താ പോന്നത്? ഇവിടെ സർക്കസൊന്നുമില്ല."

കോയസ്സന് അപ്പുവിനെ എത്ര ഇഷ്ടമായിരുന്നു!



ആരെങ്കിലും അപ്പുവിനെ ശാസിക്കുന്നതു കേട്ടാൽ കോയസ്സൻ പറയും: "കുഞ്ഞിനെ സൈ്വര്യം കെടുത്തേണ്ട."

വലിയമ്മയാണെങ്കിൽ ഒന്നും പറയില്ല. അപ്പുവിനെ ചുമലിലെടുത്തു വെച്ച് ഒരൊറ്റ നടത്തം. അപ്പോഴും പിൻപിൽനിന്ന് വലിയമ്മയുടെ ശകാരം കേൾക്കാം: "ഈ കുതിര ക്കോയസ്സനെ ആദ്യം അടിച്ചു പുറത്താക്കണം. എന്നാലേ അപ്പുവിന്റെ സ്വഭാവം നേരെയാകൂ!"

ഇതു കേൾക്കുമ്പോൾ കോയസ്സൻ കുലുങ്ങിച്ചിരിക്കും. ചുമലിലിരിക്കുന്ന അപ്പുവും കുലുങ്ങും.

വലിയമ്മ പോയാൽ അപ്പുവിനെ താഴെയിറക്കിയിട്ട് കോയസ്സൻ പറയും:

''ഇങ്ങനെ വികൃതി കാണിച്ചാൽ തല്ലുകൊള്ളും. കുതിരക്കോയസ്സൻ ഉണ്ടായിരുന്നില്ലെങ്കിൽ ഇപ്പോൾ പുറം പൊളിഞ്ഞതുതന്നെ."

അതു കേട്ടാൽ ദേഷ്യം വരുമായിരുന്നു. അപ്പു കോയസ്സനോടു പറഞ്ഞു: "ഞാൻ നിന്റെ തലപ്പാവു വലിച്ചു കീറും."

അതു പറഞ്ഞാൽ കോയസ്സൻ അടങ്ങും. തലപ്പാവു ചുളിഞ്ഞാൽ കോയസ്സനു കരച്ചിൽ വരും.

ഒരു തൊപ്പിക്കുടയോളം വലുപ്പമുള്ളതാണ് കോയസ്സന്റെ തലപ്പാവ്. വളരെ നേരം പണിപ്പെട്ടാണ് അത് കെട്ടിയുറപ്പിക്കുന്നത്.

തലപ്പാവ് മുറുക്കിയേ കുതിരലായത്തിലേക്കുകൂടി കടക്കൂ. തലയിലൊന്നുമില്ലാതെ കോയസ്സനെ കണ്ടാൽ കുതിര ബഹളം വയ്ക്കും, കോയസ്സൻ ചിരിക്കും. "കഴുത, തലപ്പാവില്ലാത്തതുകൊണ്ട് ഞമ്മളെ മനസ്സിലായില്ല."

വീട്ടിലുള്ളവരുടെ പഴയ മുണ്ടെല്ലാം കോയസ്സനുള്ളതാണ്. ഉണ്ണിമാമന്റെ അമ്മായിയുടെ കൈയിൽനിന്ന് രണ്ട് പഴയ സാരി തന്നെ കൈവശപ്പെടുത്തി. എല്ലാം തലപ്പാവിനാണ്. കുതിരപ്പന്തിയുടെ പിൻപുറത്തുള്ള കോയസ്സന്റെ മുറിയിലേക്ക് അപ്പുവിനെ മാത്രമേ കടത്തൂ. ആ മുറിയിൽ ഒരു വലിയ കണ്ണാടിയും ഒരു ചെറിയ കത്തിരിയുമുണ്ട്. കത്തിരി മീശ വെട്ടാനുള്ളതാണ്. അപ്പു അതൊക്കെ എടുത്തു നോക്കുമ്പോൾ കോയസ്സൻ ചിരിക്കുകയേയുള്ളൂ. തലപ്പാവു പോലും തൊടാം.

"ഇത്ര വലിയ തലപ്പാവ് എന്തിനാണ്?" ഒരിക്കൽ അപ്പു ചോദിച്ചു. കോയസ്സൻ പൊട്ടിച്ചിരിച്ചിട്ട് സ്വകാര്യമായി പറഞ്ഞു: "മാനം പൊട്ടി തലയിൽ വീഴുക എപ്പൊഴാണെന്ന് അറിയോ? വീഴുമ്പോൾ തലയ്ക്ക് പരുക്ക് പറ്റരുതല്ലോ."

"വലിയച്ഛനും വലിയമ്മയ്ക്കുമൊന്നും തലപ്പാവില്ലല്ലോ."

"അവർ കുടപിടിക്കുന്നുണ്ട്. അതിന്മേൽ മാനം തടഞ്ഞു നിൽക്കും."

കോയസ്സനു നല്ല ബുദ്ധിയുണ്ടെന്ന് അപ്പുവിനു മനസ്സിലായി.

അന്നു വൈകുന്നേരം അമ്മ അമ്പലത്തിലേക്കു പോകുന്നതു കണ്ട് വലിയച്ഛന്റെ കുടയെടുത്ത് കൊണ്ടുപോയി കൊടുത്തു.

"വെയിലും മഴയുമില്ലല്ലോ, അപ്പൂ."

"ആകാശം പൊളിഞ്ഞു വീണാലോ?"

"അധികപ്രസംഗമൊന്നും വേണ്ട. പൊയ്ക്കോളൂ."

അമ്മയ്ക്കു കോയസ്സനോളം ബുദ്ധിയില്ല.

അന്നു രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അപ്പു അമ്മയോട് മാനം പൊട്ടി വീണാലുള്ള വൈഷമ്യത്തെക്കുറിച്ചു പറഞ്ഞു.

പിറ്റേന്ന് അമ്മ ഇതെല്ലാവരോടും പറഞ്ഞുവെന്നു തോന്നുന്നു. അപ്പുവിനെ എല്ലാവരും പരിഹസിക്കുന്നു. ഇനി അമ്മയോടും ഒന്നും പറയില്ല. കാപ്പി വേണ്ട; ഊണു വേണ്ട; ആരോടും മിണ്ടില്ല.

ഗോപിച്ചേട്ടൻ പറയുന്നതു കേട്ടു: "അപ്പൂ, നോക്കിനിന്നോ, മാനം വീഴുമ്പോൾ താങ്ങണമല്ലോ."

ഗോപിച്ചേട്ടന്റെ കണ്ണടയിൽ ഒരു ഇടി വെച്ചുകൊടുക്കാൻ തോന്നി.

എല്ലാവരും പോയപ്പോൾ, അപ്പു കോയസ്സന്റെ മുറിയിലേക്കു ചെന്നു. അവിടെ കോയസ്സൻ തലപ്പാവു മുറുക്കുകയായിരുന്നു.

അപ്പു മിണ്ടാതിരുന്നു.

കോയസ്സൻ പലതും ചോദിച്ചു. അപ്പു മിണ്ടിയില്ല.

"ഇവിടെ ഒരു സാധനമുണ്ട്. അപ്പുവിനു വേണ്ടേ?"

ആ ചോദ്യം കേട്ടപ്പോൾ തലപൊക്കി നോക്കി. എന്താണെന്നറിയാം. കുടുക്കയിലെ അരിച്ചക്കരയിൽനിന്ന് ഒരു തുണ്ട് കിട്ടും. ഒരു തുണ്ടേ കിട്ടൂ. കൂടുതൽ ചോദിച്ചാൽ പറയും, "അധികം തിന്നാൽ മീശ വരുമ്പോൾ നരച്ചിരിക്കും."

പിന്നെ അപ്പു ചോദിക്കില്ല.

അന്നും ഒരു കഷണം കിട്ടി.

ഇനി ആരാണ് അപ്പുവിന് അരിച്ചക്കര തരുക? കോയസ്സൻ പോയല്ലോ.

അപ്പു കുതിരലായത്തിൽ പോയിനോക്കി. ചുകന്ന ആ കുതിര അവിടെയില്ല; വണ്ടിയുമില്ല. കോയസ്സന്റെ മുറി തുറന്നു നോക്കി. കോയസ്സനില്ല. കണ്ണാടിയില്ല. മീശവെട്ടുന്ന കത്തിരിയുമില്ല. അരിച്ചക്കര വെക്കാറുള്ള കുടുക്ക ഉടഞ്ഞു താഴെ കിടക്കുന്നു.

അപ്പു തേങ്ങിക്കരഞ്ഞു. കുറച്ചു കഴിഞ്ഞ് കണ്ണു തുടച്ച് പറമ്പിന്റെ അതിരിലേക്കു ചെന്നു. വയലിലേക്ക് എത്രനേരം നോക്കിനിന്നു വെന്നറിഞ്ഞുകൂടാ. പെട്ടെന്നാണ് ചോദ്യം കേട്ടത്:

“അപ്പൂ, എന്താണിവിടെ വന്നു നിൽക്കുന്നത്?”

കോയസ്സന്റെ ശബ്ദം. അങ്ങോട്ടു നോക്കി. തലപ്പാവില്ലായിരുന്നു.


“തലപ്പാവെവിടെ?” അപ്പു ചോദിച്ചു.

“ഇനി തലപ്പാവ് വേണ്ട അപ്പൂ.”

“അതെന്താ?”

“കോയസ്സന്റെ കഥയൊക്കെ കഴിഞ്ഞു!”

‘‘അപ്പുവിനെ കാണണമെന്നു തോന്നി. അപ്പോഴിങ്ങോട്ടു പോന്നു. ഇതാ” -അരിച്ചക്കര നീട്ടിക്കാട്ടി.



വാങ്ങാൻ തോന്നിയില്ല.

അപ്പോൾ അപ്പുവിന്റെ കൈപിടിച്ചു മലർത്തി, അതിൽ മുഴുവൻ അരിച്ചക്കര വെച്ചു.

“കോയസ്സൻ പോകണ്ട” - അപ്പു പറഞ്ഞു.

‘‘കോയസ്സൻ പോണം, അപ്പൂ. ഡ്രൈവർ നാണു വന്നു. ഒരു കാര്യം ചെയ്യണം. അപ്പു വലുതായി ഡോക്ടറോ എഞ്ചിനിയറോ ആകുമ്പോൾ എന്റെ മകൻ കുഞ്ഞാലുവിനെ ഡ്രൈവറാക്കണം. അപ്പു ഡ്രൈവറാക്കുമെന്ന് കുഞ്ഞാലുവിനോട് പറഞ്ഞിട്ടുണ്ട്. അത് അപ്പു ചെയ്യണം.”

കുഞ്ഞാലു ഡോക്ടറായാലോ എന്ന് അപ്പു ആലോചിച്ചു. എങ്കിലും പറഞ്ഞില്ല.

“അപ്പു ചെയ്യില്ലേ?”

“ചെയ്യാം.”

കോയസ്സൻ നിറഞ്ഞ കണ്ണു തുടച്ചിട്ട് മടങ്ങിപ്പോയി.

അപ്പു കോയസ്സൻ പോകുന്നതു നോക്കിക്കൊണ്ടു നിൽക്കുമ്പോൾ പടിക്കൽനിന്നു കാറിന്റെ ഹോൺ കേട്ടു. ഉണ്ണിമാമൻ വന്നു.

- ഉറൂബ്

## വായിക്കാം കണ്ടെത്താം

- കോയസ്സന്റെ കുടുംബത്തെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെ അറിയാം?
- ഒരു കുതിരക്കാരൻ എന്നതിലുപരി എന്തെല്ലാം സഹായങ്ങളാണ് കോയസ്സൻ അപ്പുവിന്റെ വീട്ടിൽ ചെയ്തുകൊടുത്തത്?
- അപ്പുവിനെ എല്ലാരും പരിഹസിക്കാനിടയാക്കിയ സംഭവമെന്ത്?
- കോയസ്സന്റെ തലപ്പാവിനെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെ പറയാൻ കഴിയും?

''കോയസ്സൻ പോയി എന്നു കേട്ടപ്പോൾ അപ്പുവിന് വലിയ വ്യസനമായി.''

- കോയസ്സനും അപ്പുവും തമ്മിലുള്ള അടുപ്പം വ്യക്തമാക്കുന്ന കഥാഭാഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കൂ.

"കാറു വന്നപ്പോൾ കുതിരവണ്ടി ആവശ്യമില്ലാതായി. കുതിരക്കാരൻ കോയസ്സനെയും വേണ്ടാതായി'' - ഈ വാക്യം നിങ്ങളിൽ എന്തെല്ലാം ചിന്തകളുണർത്തുന്നു? ഒരു കുറിപ്പാക്കൂ.

പഴയകാല കേരളീയ ജീവിതത്തിന്റെ എന്തൊക്കെ അടയാളങ്ങൾ ഈ കഥയിൽനിന്ന് കണ്ടെത്താം?

കോയസ്സൻ അപ്പുവിനോട് യാത്ര ചോദിക്കുന്ന രംഗം ക്ലാസിൽ സംഘങ്ങളായി വായിച്ചവതരിപ്പിക്കുക.

"കുഞ്ഞാലു ഡോക്ടറായാലോ എന്ന് അപ്പു ആലോചിച്ചു." കുഞ്ഞാലു ഡോക്ടറായാൽ കോയസ്സന്റെ കുടുംബത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാവുക? സങ്കൽപ്പിച്ചെഴുതുക.

ഈ കഥയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം ആരാണ്? എന്തെല്ലാം സവിശേഷതകളാണ് നിങ്ങൾ ആ കഥാപാത്രത്തിൽ കണ്ടത്?

- കഥാപാത്രത്തിന്റെ സവിശേഷതകൾ
- മറ്റുള്ളവരോടുള്ള ബന്ധം
- കഥാപാത്രത്തിന്റെ രൂപം, വേഷം എന്നിവയിലെ പ്രത്യേകതകൾ

– ഇവയെല്ലാം ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയാറാക്കുക.


അപ്പുവിന്റെ വീട്ടിൽനിന്നു പോയ കോയസ്സന്റെ ജീവിതത്തിൽ പിന്നീട് എന്തൊക്കെയാണ് സംഭവിച്ചിട്ടുണ്ടാവുക?

- അയാൾ മറ്റെവിടെയെങ്കിലും കുതിരക്കാരനായി വീണ്ടും ജോലി ചെയ്തിട്ടുണ്ടാകുമോ?
- കുഞ്ഞാലു വളർന്ന് വലിയ ഒരാളായിട്ടുണ്ടാവുമോ?
- അപ്പുവിനെക്കുറിച്ചുള്ള ചിന്ത അയാളെ എങ്ങനെയെല്ലാം പിന്തുടർന്നിട്ടുണ്ടാകും?

– കഥയായി എഴുതി അവതരിപ്പിക്കൂ. കൂട്ടുകാരുടെ രചനകൾകൂടി ഉൾപ്പെടുത്തി പതിപ്പ് തയാറാക്കൂ.

ഈ യൂണിറ്റിന്റെ തുടക്കത്തിൽ കൊടുത്ത കുഞ്ഞുണ്ണിക്കവിത ഒന്നുകൂടി വായിക്കൂ. ആദ്യം നിങ്ങൾ വായിച്ചപ്പോൾ മനസ്സിലായതിനെക്കാൾ എന്തെല്ലാം കാര്യങ്ങളാണ് ഇപ്പോൾ നിങ്ങൾക്ക് പറയാനുള്ളത്? കൂട്ടുകാരുമായി ചർച്ചചെയ്ത് അവതരിപ്പിക്കൂ.

## ചർച്ചയിൽ വരേണ്ടതെന്തെല്ലാം...




ഇവയെല്ലാം ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കൂ.



## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ പ്രവർത്തനങ്ങളിൽനിന്ന് നിങ്ങൾ നേടിയ ഭാഷാപരമായ വളർച്ച എന്താണ്? ചർച്ചചെയ്ത് സ്വയം വിലയിരുത്തൂ.

| കഴിവുകൾ | പൂർണമായി | ഭാഗികമായി | കുറച്ചു മാത്രം |
|---|---|---|---|
| കവിതയിലെ ആശയത്തിനും വികാരത്തിനും അനുയോജ്യമായ ഭാവത്തോടെയും ഈണത്തോടെയും ചൊല്ലിയവതരിപ്പിക്കൽ. | | | |
| 'പാത്തുമ്മായുടെ ആട്' എന്ന നോവൽ ഭാഗത്തിലെ സന്ദർഭങ്ങളുടെയും കഥാപാത്രങ്ങളുടെയും പ്രത്യേകതകൾക്കനുസരിച്ച് വായിച്ചവതരിപ്പിക്കൽ. | | | |


| | | | |
|---|---|---|---|
| കഥ വായിച്ച് പ്രധാന കഥാപാത്ര ങ്ങളെ കണ്ടെത്തുന്നതിനും അവരുടെ പ്രത്യേകതകൾ വിവരിക്കുന്നതിനും സാധിച്ചു. | | | |
| ഞാൻ തയാറാക്കിയ കഥാപാത്ര നിരൂപണം പരിശോധിച്ചപ്പോൾ മികച്ചതായിരുന്നു. | | | |
| കോയസ്സൻ എന്ന കഥ സന്ദർഭത്തി നിണങ്ങുംവിധം ഒഴുക്കോടെയും ശബ്ദത്തോടെയും വായിച്ച് അവതരിപ്പി ക്കാൻ കഴിഞ്ഞു. | | | |
| കൂട്ടുകാരോടൊപ്പം പ്രവർത്തിച്ചപ്പോൾ എന്റെ ആശയങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |
| എന്റെ ആശയങ്ങൾ, അഭിപ്രായങ്ങൾ എന്നിവയെപ്പറ്റി മറ്റുള്ളവർ നൽകിയ നിർദേശങ്ങൾ എന്റെ രചനയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. | | | |
| 'പാത്തുമ്മായുടെ ആട്' എന്ന പാഠ ത്തിലെ മുഹൂർത്തങ്ങൾ ദൃശ്യങ്ങ ളായും ചലനങ്ങളായും സംഭാഷണ ങ്ങളായും അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |

- ഇവ ഓരോന്നിലും നിങ്ങളുടെ കഴിവുകളും പരിമിതികളും കണ്ടെത്തിയല്ലോ. കഴിവുകൾ മെച്ചപ്പെടുത്താനും പരിമിതികൾ മറികടക്കാനും നിങ്ങൾ ചെയ്യേണ്ടതെന്തെല്ലാം? നിങ്ങൾക്ക് വേണ്ട സഹായമെന്ത്?

## പദപരിചയം

അഖിലം - എല്ലാം
അഭിനവം - ഏറ്റവും പുതിയത്
അനുവേലം - എപ്പോഴും, കൂടെക്കൂടെ
അവിരളം - ചുരുക്കമല്ലാത്തത്, തുടർച്ചയായത്
അഴകുറ്റ - ഭംഗിയുള്ള
ആത്തമോദം - വർധിച്ച സന്തോഷം
ആഴിവീചി - സമുദ്രത്തിലെ തിരമാല
ഉന്മാദം - അമിതമായ ആഹ്ലാദം
ഉപാസ്യർ - ഭജിക്കുന്നവർ
കത്തിരി - കത്രിക
കസർത്ത് - വ്യായാമം
കളിത്തോപ്പ് - കളിസ്ഥലം
കേളീകദംബം - പൊടിക്കടമ്പ് വൃക്ഷം
ചാരു - മനോഹരം
തവ - നിന്റെ
കോകിലം - കുയിൽ
തുണ്ട് - കഷണം
പരശ്ശതം - നൂറിൽപ്പരം, നൂറിലധികം
പരിചേലും - ഭംഗിയുള്ള
പാദോപധാനം - പാദത്തിൽ വയ്ക്കുന്ന തലയണ
പാർശ്വയുഗ്മം - രണ്ട് വശങ്ങൾ
പ്രതിഭാപ്രഭാവം - ബുദ്ധിയുടെ മഹിമ
മഞ്ജിമ - മനോഹാരിത
മതിമാൻ - ബുദ്ധിമാൻ
മഹിതാഭ - വർധിച്ച ശോഭ
മുഖരം - വലിയ ശബ്ദം
വാടി - ഉദ്യാനം
വിമലം - പരിശുദ്ധമായത്
ശ്രീ - ഐശ്വര്യം
സദനം - വീട്
സ്വച്ഛാബ്ധി - ശാന്തമായ സമുദ്രം

# 2
# കാണാക്കാഴ്ചകൾ



ചിത്രത്തിലെ കാറ്റ്, മഴ, പുഴ, നക്ഷത്രം - ഇവർ തമ്മിൽ കണ്ടുമുട്ടിയാൽ എന്തെല്ലാം പറയാനുണ്ടാവും? സംഘങ്ങളായി അവതരിപ്പിക്കൂ.

# അനന്തവിഹായസ്സിലേക്ക്...


വിക്ഷേപണത്തിനുള്ള സമയം അടുത്തുവരുകയായിരുന്നു. പലരും കൂടക്കൂടെ വാച്ച് നോക്കുന്നുണ്ട്. റോക്കറ്റും ബഹിരാകാശവാഹനവും യാത്രയ്ക്ക് തയാറാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. ഇനി ആകെ വേണ്ടത് ബഹിരാകാശയാത്രികനെ വാഹനത്തിന്റെ ക്യാബിനിൽ കയറ്റിയിരുത്തുക മാത്രം. യൂറി സ്റ്റേറ്റ് കമ്മീഷൻ ചെയർമാന്റെ മുന്നിൽ ചെന്നിരുന്ന് അദ്ദേഹത്തെ അഭിവാദ്യം ചെയ്തുകൊണ്ട് പറഞ്ഞു:

''സീനിയർ ലെഫ്റ്റനെന്റ് ഗഗാറിൻ ബഹിരാകാശവാഹനമായ വോസ്തോക്കിൽ ഇതാ ആദ്യയാത്രയ്ക്ക് തയാറായിരിക്കുന്നു.”

“നന്മ വരട്ടെ, സുഖമായി പോയിവരുക.”

യാത്രാമംഗളം നേർന്നുകൊണ്ട് അദ്ദേഹം യൂറിയുടെ കൈപിടിച്ചു കുലുക്കി.

ചെയർമാന്റെ മൃദുലമായ ശബ്ദത്തിൽ ഔപചാരികതയെക്കാളേറെ ഒരു പിതാവിന്റെ വാത്സല്യമാണുണ്ടായിരുന്നത്.



ബഹിരാകാശവാഹനത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് പത്രങ്ങൾക്കും റേഡിയോവിനുംവേണ്ടി ഒരു പ്രസ്താവന ചെയ്യണമെന്ന് യൂറിയോടാവശ്യപ്പെട്ടു. അത്യധികമായ ഉൽക്കണ്ഠയുടെയും ആത്മാഭിമാനത്തിന്റെയും നിമിഷങ്ങളായിരുന്നു അത്.

“അടുത്തും അകലെയുമുള്ള, അറിയുന്നവരും അജ്ഞാതരുമായ സുഹൃത്തുക്കളേ, എല്ലാ നാടുകളിലും എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള ജനങ്ങളേ...”

ചിന്തകളെ ഒതുക്കിക്കെട്ടാൻ ശ്രമിച്ചുകൊണ്ട് യൂറി തുടർന്നു: “ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഭീമാകാരമായ ഈ ബഹിരാകാശവാഹനം എന്നെയും വഹിച്ചുകൊണ്ട് പ്രപഞ്ചശൂന്യതയുടെ അനന്തതയിലേക്കു യാത്രയാകും. ഈ അസുലഭനിമിഷത്തിൽ എന്താണ് പറയേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ ഇതുവരെ ജീവിച്ചതും പ്രവർത്തിച്ചതുമെല്ലാം മനോഹരമായ ഈ നിമിഷത്തിന് വേണ്ടിയായിരുന്നുവെന്ന് എനിക്ക് തോന്നുന്നു. ആദ്യ ബഹിരാകാശയാത്രികനാവണമെന്ന് ആവശ്യപ്പെട്ടപ്പോൾ എനിക്കുണ്ടായ വികാരങ്ങളെന്തൊക്കെയായിരുന്നുവെന്ന് വിവരിക്കാൻ കഴിയുന്നില്ല. അത് കേവലം സന്തോഷമോ അഭിമാനമോ ആയിരുന്നില്ല. അതിനേക്കാൾ കവിഞ്ഞുള്ള എന്തോ ആയിരുന്നു. ബഹിരാകാശത്ത് ആദ്യമായി സഞ്ചരിക്കാൻ കഴിയുക, അനന്തവിഹായസ്സിൽ ഇപ്രകാരം ഏകനായിച്ചെന്ന് പ്രകൃതിയുമായി മുഖാഭിമുഖം കാണാൻ സൗകര്യമുണ്ടാവുക, ഇതിനേക്കാൾ മഹത്തായ ഒരനുഭവത്തെക്കുറിച്ച് സ്വപ്നം കാണാൻ എനിക്കെങ്ങനെ കഴിയും? ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന മഹത്തായ ഉത്തരവാദിത്വത്തെക്കുറിച്ച് ഞാൻ തികച്ചും ബോധവാനാണ്.

മഹത്തായ ഈ ദൗത്യം വിജയിപ്പിക്കുന്നതിനായി ഞാൻ എന്റെ മുഴുവൻ കഴിവും പ്രയോഗിക്കും.”

വിക്ഷേപണത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പ്രഖ്യാപനം: “പുറപ്പെടാം.”

“ശരി, പുറപ്പെടാം. എല്ലാം സാധാരണ നിലയിൽ.”

യൂറി വാച്ച് നോക്കി. അന്നേരം മോസ്കോ സമയം ഒമ്പതു മണി ഏഴു മിനിറ്റ്. ചൂളംവിളിപോലുള്ള ഒരു ശബ്ദവും തുടർന്ന് അത്യുഗ്രമായ ഒരു ഗർജനവും യൂറിയുടെ കാതിൽ വന്നലച്ചു. റോക്കറ്റ് ലോഞ്ചിങ്പാഡിൽ നിന്ന് സാവധാനം ഉയരാൻ തുടങ്ങി. ജെറ്റ്‌വിമാനം പുറപ്പെടാനാരംഭിക്കുമ്പോൾ കേൾക്കാറുള്ളതിനേക്കാൾ വളരെയൊന്നും അധികമായിരുന്നില്ല,

ആരംഭത്തിൽ റോക്കറ്റിന്റെ അലർച്ച. പിന്നീട് അത് വർധിച്ചുവന്നു. പേടിപ്പെടുത്തുന്ന ആ യന്ത്രഗർജനം യൂറിയെ സംബന്ധിച്ചിടത്തോളം ഭാവിയുടെ സംഗീതമായിരുന്നു.



താഴെ വെള്ളിരേഖപോലെ നീണ്ടുകിടക്കുന്നത് സൈബീരിയയിലെ മഞ്ഞുറഞ്ഞ മഹാനദികളാണ്. അത്യന്തവിരളമായ ആ ദൃശ്യം നോക്കിയിരിക്കുമ്പോഴേക്കും വന്നു, ഭൂമിയിൽനിന്നുള്ള സന്ദേശം.

“എനിക്ക് വ്യക്തമായി കേൾക്കാം. സുഖം തന്നെ. ഭൂമിയിലെ നദികളും കാടുകളും മേഘങ്ങളുമൊക്കെ വ്യക്തമായി കാണാം. അതിമനോഹരമായ കാഴ്ച.” ബഹിരാകാശസഞ്ചാരിയുടെ മറുപടി.

ആകാശത്തിന്റെ അനന്തവിശാലതയിൽ ചിതറിക്കിടക്കുന്ന നക്ഷത്രങ്ങളെ കണ്ടപ്പോൾ ഉഴുതുമറിച്ച വയലിൽ പുതുതായി വിതച്ച ഗോതമ്പുമണികളാണ് യൂറിക്ക് ഓർമ്മവന്നത്. നക്ഷത്രങ്ങളുടെ നിറം

കെടുത്തിക്കൊണ്ട് പ്രചണ്ഡപ്രഭയോടെ പ്രകാശിക്കുന്ന സൂര്യൻ. ബഹിരാകാശത്തുവച്ച് സൂര്യനെ നോക്കുക എളുപ്പമല്ല. ഭൂമിയിൽ നിന്നു കാണുന്നതിന്റെ നൂറിരട്ടി തീവ്രതയുണ്ട് ബഹിരാകാശത്തെ സൂര്യന്. സൂര്യന്റെ തീവ്രകിരണങ്ങളിൽനിന്ന് രക്ഷപ്പെടാൻ വാഹനത്തിന്റെ കിളിവാതിൽ ഫിൽറ്റർവച്ച് പലപ്പോഴും അടച്ചിടേണ്ടിവന്നു.

ഭൂമി ഒരു ഗോളമാണെന്ന തോന്നൽ നമുക്കെല്ലാവർക്കും ഉണ്ട്. എന്നാൽ ഭൂമിയെ അതിന്റെ തനിരൂപത്തിൽ ആദ്യമായി കാണാൻ ഭാഗ്യം സിദ്ധിച്ചത് യൂറി ഗഗാറിനായിരുന്നു. ബഹിരാകാശത്തുനിന്ന് നോക്കുമ്പോൾ ഭൂഗോളത്തിനു ചുറ്റും ഇളംനീല നിറത്തിലുള്ള ഒരാവരണം കാണാം. ഭൂമിയിൽനിന്ന് അകലുംതോറും ഇളംനീല കടുംനീലയായും പിന്നീട് വയലറ്റായും അവസാനം കറുപ്പായും മാറുന്നു. നിറങ്ങളുടേതായ ഈ മാറ്റം ബഹിരാകാശത്തുനിന്ന് കാണുന്നത് അതീവ ഹൃദ്യമായ ഒരനുഭവമാണ്.

ബഹിരാകാശയാത്രയ്ക്കുപോകുന്ന മനുഷ്യന് അനുഭവപ്പെടുന്ന അസഹ്യമായ ഏകാന്തതയെക്കുറിച്ചും ബോറടിയെക്കുറിച്ചുമൊക്കെ പറഞ്ഞുകേൾക്കാറുണ്ട്. യൂറിയെ സംബന്ധിച്ചിടത്തോളം ഏകാന്തതാബോധം എന്ന അനുഭവമേ ഉണ്ടായില്ല. റേഡിയോബന്ധം വഴി നിരന്തരം ഭൂമിയുമായി ബന്ധപ്പെടുകയും കൂടക്കൂടെ സന്ദേശങ്ങൾ കൈമാറുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ താൻ ഒറ്റപ്പെട്ടുവെന്ന തോന്നലിന്റെ ആവശ്യമെന്ത്? ഭൂമിയുമായുള്ള റേഡിയോബന്ധം അറ്റുപോകുന്ന ഘട്ടത്തിൽ ഏകാന്തതയും നിസ്സഹായാവസ്ഥയും അനുഭവപ്പെട്ടേക്കാം.

ബഹിരാകാശവാഹനം ഭൂഗോളത്തിന്റെ സൂര്യനെതിരായ ഭാഗത്തേക്ക് പ്രവേശിച്ചത് പെട്ടെന്നായിരുന്നു. സൂര്യന്റെ തീവ്രപ്രകാശത്തിനു പകരം ഇപ്പോൾ ചുറ്റിലും കട്ടപിടിച്ച ഇരുട്ടാണ്. ഭൂമിയിലെ നഗരങ്ങളിൽ നിന്നുള്ള മങ്ങിയ പ്രകാശപുഞ്ജങ്ങളും കാണാനില്ല. ബഹിരാകാശ വാഹനം സഞ്ചരിച്ചുകൊണ്ടിരുന്നു. 9.15 ന് വാഹനം ഭൂമിയുടെ നിഴലിൽനിന്ന് പുറത്തുകടന്നു. വീണ്ടും വെളിച്ചത്തിന്റെ മഹാപ്രവാഹം. ഓറഞ്ച് നിറമുള്ള ചക്രവാളത്തിൽ റോറിച്ചിന്റെ കാൻവാസ് ചിത്രങ്ങളെ അനുസ്മരിപ്പിക്കുന്ന മട്ടിൽ വിവിധ വർണങ്ങളുടെ മത്സരക്കളി.

(യൂറി ഗഗാറിൻ) സി. ജി. ശാന്തകുമാർ

## വായിക്കൂ കണ്ടെത്തൂ

- "ഈ അസുലഭനിമിഷത്തിൽ എന്താണ് പറയേണ്ടത് എന്ന് എനിക്ക് അറിഞ്ഞുകൂടാ..." ഏതു സാഹചര്യത്തിലാണ് യൂറി ഗഗാറിൻ ഇങ്ങനെ പറഞ്ഞത്?
- യൂറി ബഹിരാകാശത്തുനിന്ന് കണ്ട കാഴ്ചകൾ എന്തൊക്കെയാണ്? ഒരു വിവരണം തയാറാക്കൂ.
- "ആദ്യ ബഹിരാകാശയാത്രികനാവണമെന്നാവശ്യപ്പെട്ടപ്പോൾ എനിക്കുണ്ടായ വികാരങ്ങളെന്തൊക്കെയായിരുന്നു എന്ന് വിവരിക്കാൻ കഴിയുന്നില്ല." എന്തൊക്കെ വികാരവിചാരങ്ങളായിരിക്കും അപ്പോൾ ഗഗാറിനുണ്ടായിട്ടുണ്ടാവുക?

യൂറിയെ സംബന്ധിച്ചിടത്തോളം ഏകാന്തതാബോധം എന്ന അനുഭവമേയുണ്ടായില്ല. ഈ സന്ദർഭത്തിൽ യൂറിക്ക് പ്രചോദനവും ആശ്വാസവുമാകുന്ന രീതിയിൽ നമുക്കും ഒരു സന്ദേശം തയാറാക്കാം.

"താഴെക്കാണുന്നത് സൈബീരിയയിലെ മഹാനദികളാണ്." എന്നതിനു പകരം "താഴെ വെള്ളിരേഖപോലെ നീണ്ടുകിടക്കുന്നത് സൈബീരിയയിലെ മഞ്ഞുറഞ്ഞ മഹാനദികളാണ്" എന്നു പ്രയോഗിച്ചിരിക്കുന്നു. ഇത് സന്ദർഭത്തിന് കൂടുതൽ ഭംഗി നൽകുന്നുണ്ടോ? ഇത്തരം പ്രയോഗങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്താം. അവയുടെ പ്രത്യേകതകൾ ചർച്ചചെയ്യൂ.

അജ്ഞാതമായ ഒരു സ്ഥലത്തേക്ക് ഒറ്റയ്ക്കൊരു യാത്ര. ഇങ്ങനെയൊരവസരം ലഭിച്ചാൽ എന്തായിരിക്കും അതിനോടുള്ള നിങ്ങളുടെ മനോഭാവം? ക്ലാസിൽ പങ്കുവയ്ക്കൂ.


## വാർത്ത തയാറാക്കുക

ആദ്യ ബഹിരാകാശയാത്ര റിപ്പോർട്ട് ചെയ്യാൻ പത്രങ്ങളും റേഡിയോയുമാണ് അന്നുണ്ടായിരുന്നത്. ഇന്നത്തെക്കാലത്തുള്ള ബഹിരാകാശയാത്രയാണെങ്കിലോ? ഈ വാർത്ത എങ്ങനെയായിരിക്കും അവതരിപ്പിക്കുക?

# ഭൂമി സനാഥയാണ്

പ്രപഞ്ചഗോപുരവാതിൽ തുറന്നു
പണ്ടു മനുഷ്യൻ വന്നൂ
ആദിയിലാകാശങ്ങളിൽനിന്നൊരു
നാദതരംഗം പോലെ
കാലത്തിന്റെ ശിരസ്സിലിരുന്നൊരു
പീലിത്തിരുമുടിപോലെ
സ്വപ്നം കാണും തിരുമിഴികൾക്കൊരു
സ്വാഗതഗാനവുമായി
നക്ഷത്രക്കതിർ നട്ടു വളർത്തിയൊ-
രക്ഷയപാത്രവുമായി
പ്രപഞ്ചഗോപുരവാതിൽ തുറന്നു
പണ്ടു മനുഷ്യൻ വന്നൂ
വിശ്വപ്രകൃതി വെറുംകൈയോടെ
വിരുന്നു നൽകാൻ നിന്നൂ

അന്നു മനുഷ്യൻ തീർത്തൂ ഭൂമിയി-
ലായിരമുജ്ജ്വലശില്പങ്ങൾ
അളകാപുരികൾ, മഥുരാപുരികൾ
കലയുടെയമരാവതികൾ
അഷ്ടൈശ്വര്യസമൃദ്ധികൾ ചൂടി-
യനശ്വരയായീ ഭൂമി
സങ്കല്പത്തിനു ചിറകുകൾ കിട്ടി
സനാഥയായി ഭൂമി



മണ്ണിലെ ജീവിതഖനികളിൽ മുഴുവൻ
പൊന്നു വിളഞ്ഞതു കാൺകെ,
സൂര്യൻ കോപംകൊണ്ടു ജ്വലിച്ചു
ശുക്രനു കണ്ണുചുവന്നു
ഭൂമിയെയൊന്നു വലംവച്ചൊരുനാൾ
പൂന്തിങ്കൾക്കല പാടീ:
പറഞ്ഞയയ്ക്കുക ദേവീ, മനുഷ്യനെ
യൊരിക്കലിവിടെക്കൂടി.....

വയലാർ രാമവർമ്മ

ഈ കവിത ഏതെല്ലാം ഈണത്തിൽ ചൊല്ലാൻ കഴിയും? ഒറ്റയ്ക്കും സംഘമായും ആലപിച്ചുനോക്കൂ.

"പ്രപഞ്ചഗോപുരവാതിൽ തുറന്നു പണ്ടു മനുഷ്യൻ വന്നൂ" -ഗോപുരവാതിൽ തുറന്നു വന്ന മനുഷ്യൻ എങ്ങനെയൊക്കെ വന്നതായിട്ടാണ് കവി പറഞ്ഞിരിക്കുന്നത്? കണ്ടെത്തുക.

"സങ്കല്പത്തിനു ചിറകുകൾ കിട്ടി
സനാഥയായി ഭൂമി"

- ഭൂമിയിൽ മനുഷ്യന്റെ വരവോടെ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായി എന്നാണ് കവിതയിൽനിന്ന് നമുക്കു കണ്ടെത്താൻ കഴിയുന്നത്?

'പ്രപഞ്ചഗോപുരവാതിൽ' എന്ന പദം 'പ്രപഞ്ചത്തിന്റെ ഗോപുര വാതിൽ' എന്ന അർഥത്തിലാണല്ലോ ഉപയോഗിച്ചിരിക്കുന്നത്. എങ്കിൽ താഴെ പറയുന്ന പദങ്ങൾ എങ്ങനെ വിഗ്രഹിക്കും ?

- നാദതരംഗം
- ഉജ്ജ്വലശില്പങ്ങൾ
- സ്വാഗതഗാനം

"വിശ്വപ്രകൃതി വെറും കൈയോടെ
വിരുന്നു നൽകാൻ നിന്നൂ..."

- ഈ വരികളുടെ അർഥം ആലോചിക്കൂ. കവിയുടെ സങ്കല്പ ത്തെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെയാണ് പറയാനുള്ളത് ?

'പറഞ്ഞയയ്ക്കുക ദേവീ, മനുഷ്യനെ
ഒരിക്കലിവിടെക്കൂടി...'

- മനുഷ്യനെ ചന്ദ്രനിലേക്കു ക്ഷണിക്കാൻ തയാറായതിന്റെ കാരണങ്ങൾ എന്തൊക്കെയാവാം? ഒരു ലഘു കുറിപ്പ് തയാറാക്കുക.

മനുഷ്യന്റെ പ്രയത്നം ഭൂമിയിൽ ഏറെ മാറ്റങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട്. ഇന്നു നാം കാണുന്ന സമൃദ്ധികൾക്കു പിന്നിൽ നമ്മുടെ പൂർവികരുടെ പരിശ്രമങ്ങളാണുള്ളത്. മനുഷ്യന്റെ സ്വാർഥത ഈ അവസ്ഥയ്ക്കു വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്? തെളിവുകളുടെ അടിസ്ഥാനത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കുക.

# കൃഷിമാഷ്



“ഇതാണ് നിങ്ങളുടെ ഇന്നത്തെ മാഷ്. അദ്ദേഹം എല്ലാം നേരിട്ട് ചെയ്തു കാണിച്ച് പഠിപ്പിക്കാമ്പോവ്വാ'' - മാസ്റ്റർ പുതിയ അധ്യാപകനെ പരിചയപ്പെടുത്തി. ടോട്ടോചാൻ പുത്തൻ മാഷെ ശ്രദ്ധാപൂർവം നോക്കിക്കണ്ടു. ഒരു അധ്യാപകന് ചേർന്ന മട്ടിലേ അല്ല അദ്ദേഹത്തിന്റെ വസ്ത്രധാരണം. ഒറ്റ നോട്ടത്തിൽത്തന്നെ അത് വ്യക്തമായിരുന്നു. ബനിയനുമുകളിൽ മുഷിഞ്ഞ മുറിക്കൈയൻ ഷർട്ട്. ടൈയുടെ സ്ഥാനത്ത് കഴുത്തിലൂടെ ചുറ്റിയിട്ടിരിക്കുന്ന ഒരു തോർത്ത്, കാലിനോട് പറ്റിച്ചേർന്ന നരയൻ നീല ട്രൗസർ അവിടവിടെയായി കീറിയിട്ടുണ്ട്. ഷൂസിന് പകരം അദ്ദേഹം ധരിച്ചിരുന്നത് പണിക്കാരുടേതുപോലെ അടിവശത്ത് റബ്ബർ പതിപ്പിച്ച ഇടുങ്ങിയ നാടൻ കാലുറകളാണ്. തലയിൽ തീർത്തും പഴകിപ്പൊളിഞ്ഞ ഒരു വൈക്കോൽതൊപ്പിയും.

കുട്ടികളെല്ലാം കുഹോൻബത്സു ക്ഷേത്രത്തിനടുത്തുള്ള കുളക്കരയിൽ കൂട്ടംകൂടി നിൽക്കുകയായിരുന്നു.

“ഈ മാഷെ മുമ്പ് കണ്ടിട്ടുണ്ടല്ലോ” – ഒന്നുകൂടി ശ്രദ്ധിച്ചുനോക്കിയപ്പോൾ കൊച്ചുടോട്ടോയ്ക്ക് സംശയമായി. “പക്ഷേ എവിടെ വച്ച്?” അവൾ അത്ഭുതപ്പെട്ടു. വെയിലേറ്റ് കരിവാളിച്ച് ചുളിവുകൾ വീണ മുഖം. അരയിൽ ബെൽറ്റുപോലെ മുറുക്കിക്കെട്ടിയിരിക്കുന്ന ചരടും അതിൽ ഞാന്നുകിടക്കുന്ന നീളൻ പുകക്കുഴലും. എല്ലാം മുമ്പെവിടെയോ കണ്ടിട്ടുള്ളതുപോലെ.

“ങാ!”

പൊടുന്നനെ അവൾക്കോർമ്മവന്നു.

“നീർച്ചാലിനടുത്ത പാടത്തിൽ കൃഷിപ്പണി ചെയ്യണ ആളല്ലേ” – ഉത്സാഹപൂർവം അവൾ ചോദിച്ചു.

“ഉവ്വുവ്വ്” – മുഖം ചുളിച്ച് പല്ലു പുറത്തുകാട്ടി ചിരിച്ചുകൊണ്ട് ‘അധ്യാപകൻ’ പറഞ്ഞു. “കുഹോൻബത്സുവിലേക്ക് നടക്കാനെറങ്ങുമ്പോഴൊക്കെ നിങ്ങള് അത് വഴിയാ പൂവ്വാറ് ല്ലേ......നെറയെ കടുകിൻ പൂക്കളുള്ള പാടംല്ലേ, അത് എന്റെ പാടാ.”

“ഹായ്, അപ്പോ നിങ്ങള് ഞങ്ങളുടെ ഇന്നത്തെ മാഷാവാമ്പോണൂ!” തെല്ലമ്പരപ്പോടെ കുട്ടികൾ ആർത്തുവിളിച്ചു.

“ഏയ്, അല്ല...ല്ല...!”

കൈ നിഷേധഭാവത്തിൽ ചലിപ്പിച്ച് തെല്ല് ജാള്യത്തോടെ അദ്ദേഹം പറഞ്ഞു:

“ഞാൻ മാഷൊന്ന്വല്ല, ഒരു വെറും കൃഷിക്കാരൻ. പിന്നെ, നിങ്ങളുടെ ഹെഡ്മാസ്റ്റർ വിളിച്ചതോണ്ട് വന്നു. അത്രേള്ളൂ.”

“അല്ലല്ല. ഇദ്ദേഹമാണ് നിങ്ങളുടെ കൃഷിയധ്യാപകൻ”, തൊട്ടടുത്തു തന്നെയുണ്ടായിരുന്ന മാസ്റ്റർ പറഞ്ഞു: “വയലില് കൃഷിയിറക്കുന്ന തെങ്ങനെയെന്ന് നിങ്ങളെ പഠിപ്പിക്കാംന്ന് ഇദ്ദേഹം അനുകമ്പാപൂർവം സമ്മതിച്ചു. അതായത്, റൊട്ടിയുണ്ടാക്കുന്നത് പഠിപ്പിക്കാൻ ഒരു റൊട്ടിക്കാരനെത്തന്നെ കിട്ട്കാന്ന് വിചാരിക്യാ, അതുപോലെ.” മാസ്റ്റർ അധ്യാപകനോടായി പറഞ്ഞു: “നമുക്ക് തുടങ്ങാം. എന്താണ് ചെയ്യേണ്ടതെന്ന് കുട്ടികൾക്ക് പറഞ്ഞുകൊടുത്തോളൂ.”

ഒരു സാധാരണ എലിമെന്ററി സ്കൂളിലാണെങ്കിൽ ആരായാലും, എന്ത് വിഷയമായാലും കുട്ടികളെ പഠിപ്പിക്കാൻ അധ്യാപനയോഗ്യതകൾ ഉണ്ടായേ മതിയാവൂ. പക്ഷേ, കൊബായാഷിമാസ്റ്റർ ഇത്തരം കാര്യങ്ങൾ

ആലോചിച്ച് തലപുണ്ണാക്കാറില്ല. കാര്യങ്ങൾ നേരിട്ടു കണ്ട് പഠിക്കുന്നതാണ് കുട്ടികളെ സംബന്ധിച്ചിടത്തോളം പ്രധാനമെന്ന് അദ്ദേഹം കരുതി.

"അപ്പൊ, തൊടങ്ങാം. ല്ലേ..." കൃഷി പഠിപ്പിക്കുംമാഷ് കുട്ടികളോടായി പറഞ്ഞു.

പാടംപണിക്കായി അവർ ഒത്തുകൂടിയ കുഹോൻബത്സു കുളക്കരയിലെ ആ പ്രദേശത്തിന് സവിശേഷമായൊരു കുളിർമ്മയുണ്ടായിരുന്നു. തടാകത്തിനു മുകളിൽ വൃക്ഷത്തലപ്പുകൾ തണൽവീശി നിൽക്കുന്ന പ്രശാന്തമായ ഒരിടം. കൈക്കോട്ട്, മൺകോരി തുടങ്ങി കുട്ടികൾക്കാവശ്യമായ പണിയായുധങ്ങൾ ശേഖരിച്ചുവയ്ക്കാനായി തീവണ്ടിമുറിയുടെ ഒരു കഷണം മാസ്റ്റർ നേരത്തേതന്നെ അവിടെ സ്ഥാപിച്ചിരുന്നു. കൃഷിക്കായി തിരഞ്ഞെടുത്ത ഭൂമിയുടെ ഒത്ത മധ്യത്ത് ആ കുഞ്ഞുതീവണ്ടി നിശ്ചലം കിടന്നു.

കൃഷിമാഷിന്റെ നിർദേശപ്രകാരം കുട്ടികൾ തീവണ്ടിമുറിക്കുള്ളിൽ കയറി കൈക്കോട്ടുകളും മറ്റും പുറത്തെടുത്തു. ആദ്യം കള പറിക്കലാണ്. അവർ ജോലിയാരംഭിച്ചു. കളകളെ സംബന്ധിച്ച എല്ലാ കാര്യങ്ങളും മാഷ് കുട്ടികൾക്ക് പറഞ്ഞുകൊടുത്തു. അവയുടെ കരുത്തിനെപ്പറ്റി; ചില കളകൾ വിളകളേക്കാൾ തഴച്ചുവളർന്ന് സൂര്യനിൽനിന്ന് അവയെ മറച്ചുപിടിക്കുന്നതിനെപ്പറ്റി; അവ എങ്ങനെ അപകടകാരികളായ കീടങ്ങൾക്ക് സുഖകരമായ താവളങ്ങളാകുന്നുവെന്നതിനെപ്പറ്റി; മണ്ണിലെ പോഷകമൂല്യങ്ങളെല്ലാം തിന്നുതീർത്ത് അവ എങ്ങനെ വിളകൾക്ക് ഉപദ്രവമായിത്തീരുന്നുവെന്നതിനെപ്പറ്റി ... അങ്ങനെയങ്ങനെ അദ്ദേഹം ഓരോന്നോരോന്നായി പഠിപ്പിച്ചു. സംസാരിക്കുന്നതിനിടയിൽ ഒരിക്കൽപ്പോലും അദ്ദേഹം കളപറിക്കൽ നിർത്തിയില്ല. കുട്ടികളും ആ രീതി പിന്തുടർന്നു. തുടർന്ന്, നിലം കിളച്ചുമറിക്കേണ്ടതെങ്ങനെയെന്ന് മാഷ് അവർക്ക് കാട്ടിക്കൊടുത്തു. ഉഴവുചാലുകൾ നിർമ്മിക്കുന്ന രീതി, രാസവളം തളിക്കേണ്ട രീതി തുടങ്ങി, പാടത്ത് കൃഷിചെയ്യുന്നതിന് അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും ക്രമത്തിൽ അദ്ദേഹം വിശദീകരിച്ചു. ഒപ്പം അവയൊക്കെയും ചെയ്തുകാണിക്കുകയും ചെയ്തു.

ഒരു കുഞ്ഞുപാമ്പ് തല പുറത്തേക്കിട്ടു; മുതിർന്ന കുട്ടികളിലൊരാളായ താചാൻ നിന്നിരുന്നതിന് തൊട്ടടുത്ത്.

കൃഷിക്കാരൻമാഷ് അവനെ സമാശ്വസിപ്പിച്ചു: "പേടിക്കേണ്ടാ ട്ടോ, ഇവിടേള്ള പാമ്പുകൾക്ക് വെഷംല്യാ. നമ്മള് അങ്ങോട്ട് ഉപദ്രവിക്കാതിരുന്നാല് അതൊന്നും ചെയ്യില്യ."

പാടത്ത് കൃഷിയിറക്കാൻ പഠിപ്പിക്കുന്നതിനിടയിൽ രസകരമായ പലതും അദ്ദേഹം അവർക്ക് പറഞ്ഞുകൊടുത്തു. കീടങ്ങളെക്കുറിച്ച്, പക്ഷികളെയും പൂമ്പാറ്റകളെയും കുറിച്ച്, പിന്നെ കാലാവസ്ഥാഭേദങ്ങളെക്കുറിച്ച്... എല്ലാമെല്ലാം. സ്വന്തം അനുഭവത്തിലൂടെ കണ്ടെത്തിയതൊക്കെയും കുട്ടികൾക്ക് പകർന്നുകൊടുക്കുമ്പോൾ, കാതൽപോലുള്ള തഴമ്പിച്ച ആ കൈകൾ അവയുടെ സാക്ഷ്യപത്രങ്ങളായി തിളങ്ങി.



കൃഷിക്കാരൻമാഷിന്റെ സഹായത്തോടെ ഞാറുനടീൽ പൂർത്തിയാക്കിയ നിമിഷങ്ങളിൽ കുട്ടികൾ വിയർത്തൊലിക്കുന്നുണ്ടായിരുന്നു. ഒന്നുരണ്ട് ഉഴവുചാലുകൾ ലേശം വളഞ്ഞുപോയി. അതൊഴിച്ചാൽ ഏതുരീതിയിലും കുറ്റമറ്റതായിരുന്നു അവരുടെ വിരൽപ്പാടുകൾ വീണ പുത്തൻ പാടം.

(ടോട്ടോചാൻ)

തെത്സുകോ കുറോയാനഗി
(പരിഭാഷ: അൻവർ)

## വായിക്കൂ കണ്ടെത്തൂ

- ''ഒരധ്യാപകനു ചേർന്ന മട്ടിലേ അല്ല അദ്ദേഹത്തിന്റെ വസ്ത്രധാരണം.'' ടോട്ടോചാൻ ഇങ്ങനെ ചിന്തിക്കാൻ കാരണം എന്താവും?
- കൊബായാഷി മാസ്റ്റർ എന്തുകൊണ്ടായിരിക്കാം ഒരു കൃഷിക്കാരനെത്തന്നെ സ്കൂളിൽ അധ്യാപകനായി കൊണ്ടു വന്നത്?
- ഒരു കൃഷിയധ്യാപകനെന്ന നിലയിൽ എന്തെല്ലാം പ്രത്യേകതക ളാണ് നിങ്ങൾ കൃഷിമാഷിൽ കണ്ടെത്തിയത്?

താഴെ നൽകിയ വരികളിലെ ആശയം എന്തൊക്കെ കാര്യങ്ങളു മായി ബന്ധപ്പെടുത്താം?

- സംസാരിക്കുന്നതിനിടയിൽ ഒരിക്കൽപ്പോലും അദ്ദേഹം കള പറിക്കൽ നിർത്തിയില്ല.
- ''നമ്മള് അങ്ങോട്ട് ഉപദ്രവിക്കാതിരുന്നാല് അതൊന്നും ചെയ്യില്യ.''

കൃഷിമാഷ് ഒരു നല്ല അധ്യാപകനായിരുന്നോ? എന്തൊക്കെ കാരണങ്ങൾ കൊണ്ട്? വിശകലനംചെയ്ത് കുറിപ്പ് തയാറാക്കൂ.

'കൃഷി അന്നും ഇന്നും' എന്ന വിഷയവുമായി ബന്ധപ്പെട്ട് നിങ്ങളുടെ നാട്ടിലുള്ള ഒരു കർഷകനുമായി അഭിമുഖം നടത്താനുള്ള ചോദ്യങ്ങൾ തയാറാക്കാം. അഭിമുഖം നടത്തി ആശയങ്ങൾ ചോദ്യോത്തരരൂപത്തിൽ ക്രോഡീകരിക്കൂ.

## ലഘൂപന്യാസം തയാറാക്കുക

"പരിശ്രമം ചെയ്യുകിലെന്തിനെയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയത്രേ
മനുഷ്യനെ പാരിലയച്ചതീശൻ"

സ്വപ്നം കാണുന്നതെന്തും സ്വന്തമാക്കാൻ മനുഷ്യനു കരുത്തുണ്ട് എന്ന സന്ദേശമാണല്ലോ ഈ വരികളിൽനിന്നു ലഭിക്കുന്നത്. അനന്തവിഹായസ്സിലേക്ക്, കൃഷിമാഷ്, ഭൂമി സനാഥയാണ് എന്നീ പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾപ്പെടുത്തി ഒരു ലഘൂപന്യാസം തയാറാക്കുക.

## പദപരിചയം

| | | |
|---|---|---|
| ഔപചാരികം | - | ഉപചാരപൂർവം, മര്യാദപ്രകാരം |
| അജ്ഞാതം | - | അറിയാത്തത് |
| ഭീമാകാരം | - | വളരെ വലിയ രൂപം |
| അനന്തം | - | അവസാനമില്ലാത്തത് |
| അസുലഭം | - | എളുപ്പത്തിൽ കിട്ടാത്ത, അപൂർവമായ |
| വിഹായസ്സ് | - | ആകാശം |
| മുഖാമുഖം | - | മുഖത്തോടു മുഖമായി, നേരിട്ട് |
| ദൗത്യം | - | ഉദ്യമം |
| ചുമതല | - | ഉത്തരവാദിത്വം |
| ഗർജനം | - | അലർച്ച |
| അത്യന്തവിരളമായ | - | വളരെ അപൂർവമായ |
| വിശാലം | - | വലുപ്പം, വിസ്താരം |
| അസഹ്യം | - | സഹിക്കാനാവാത്തത് |
| ഏകാന്തതാബോധം | - | ഒറ്റയ്ക്കാണെന്ന ബോധം |
| പുഞ്ജം | - | കൂട്ടം |
| സനാഥ | - | നാഥനുള്ള |
| ആദി | - | ആദ്യത്തെ, ഒന്നാമത്തെ |
| തിരുമിഴി | - | രാജാവിന്റെയോ ദേവന്റെയോ നേത്രം |
| അക്ഷയപാത്രം | - | സൂര്യൻ പാണ്ഡവർക്ക് സമ്മാനിച്ച പാത്രം, അതിൽ വിഭവങ്ങൾ ഒരിക്കലും ഒഴിയാറില്ല. |
| വിശ്വം | - | ലോകം, പ്രപഞ്ചം |
| അഷ്ടൈശ്വര്യം | - | യോഗസിദ്ധികൾകൊണ്ട് ലഭിക്കുന്ന എട്ട് അമാനുഷിക സിദ്ധികൾ |
| നിഷേധം | - | വിരോധം, വിലക്ക് |

## ഞാൻ എന്നെക്കുറിച്ച്

| കഴിവുകൾ | പൂർണമായി | ഭാഗികമായി | കുറച്ചു മാത്രം |
|---|---|---|---|
| ഞങ്ങളുടെ ഗ്രൂപ്പ് തയാറാക്കിയ ചോദ്യങ്ങൾ, കൃഷി എന്ന ആശയവുമായി നേരിട്ട് ബന്ധപ്പെടുന്നതായിരുന്നു. | | | |
| ഞങ്ങൾക്ക് അറിയാത്ത വിവരങ്ങൾ ലഭിക്കാൻ അനുയോജ്യമായ ചോദ്യങ്ങളാണ് ഞങ്ങൾ തയാറാക്കിയത്. | | | |
| നേരത്തേ തയാറാക്കിയതിനുപുറമേ അഭിമുഖത്തിനിടയിൽ പുതിയ ചോദ്യങ്ങൾ ചോദിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. | | | |
| അഭിമുഖം നടത്തുന്ന ആളിന്റെ പ്രായം, അറിവ്, അനുഭവങ്ങൾ, വൈദഗ്ധ്യം എന്നിവ പരിഗണിച്ച് സംഭാഷണത്തിലേർപ്പെടാൻ കഴിഞ്ഞു. | | | |
| അഭിമുഖത്തിന്റെ തുടക്കവും വളർച്ചയും അവസാനവും ആകർഷകമായിരുന്നു. | | | |
| ലഭിച്ച വിവരങ്ങൾ അതതു സമയം തന്നെ തെറ്റുകൂടാതെ എഴുതാൻ കഴിഞ്ഞു. | | | |

- ഈ അഭിമുഖം നടത്തുമ്പോൾ നിങ്ങൾ നേരിട്ട പ്രശ്നങ്ങൾ എന്തൊക്കെയാണ്? അതു പരിഹരിക്കാൻ അഭിമുഖത്തിനു മുൻപും ആ സമയത്തും ശേഷവും നിങ്ങളെന്തെല്ലാം ചെയ്യും?



# 3
# ചിരിയും ചിന്തയും




കാർട്ടൂണിലെ കുട്ടി പഴഞ്ചൊല്ലിന് നൽകിയ വ്യാഖ്യാനം ശരിയാണോ?


# ആഭരണം

മറ്റുള്ളവരെ സ്നേഹിക്കുകയും പരിഹസിക്കുകയും തിരുത്തുകയും ചെയ്ത രസികനായിരുന്നു മുട്ടസ്സുനമ്പൂരി. ഒരു ദിവസം അദ്ദേഹം ആറാട്ടുപുഴപ്പൂരം കാണാൻ പോയി. പൂരത്തിനു വരുന്നവരെല്ലാം ശരീരത്തിൽ പരമാവധി ആഭരണങ്ങളണിഞ്ഞാണ് എത്താറുള്ളത്. കൈയിലില്ലാത്തവർ കടം വാങ്ങിയണിയും. ഇതായിരുന്നു പതിവ്.



മുട്ടസ്സുനമ്പൂരി ഒരു പെട്ടിയും തലയിലേറ്റി പൂരസ്ഥലത്ത് ആൽത്തറയിൽ കയറി നിൽപ്പായി. തന്റെ തറവാട്ടുവക സ്വത്തിന്റെയെല്ലാം ആധാരമാണ് ആ പെട്ടിയിലുണ്ടായിരുന്നത്. ആളുകൾക്ക് അദ്ഭുതമായി. ''എന്താ, തിരുമേനീ പെട്ടിയേറ്റി നിൽക്കുന്നത്?'' അവർ അന്വേഷിച്ചു.

“ഓ, എന്റെ ആധാരപ്പെട്ടിയാണ് ഇത്. ഇത് തുറന്നു നോക്കിയാൽ എന്റെ വീട്ടിൽ എത്ര സ്വത്തുണ്ടെന്നറിയാം.”



“അതിന് ഞങ്ങളാരും ഞങ്ങളുടെ സ്വത്ത് വെളിപ്പെടുത്തുന്നില്ലല്ലോ” ആളുകൾ പറഞ്ഞു.

“ഇല്ലേ? നിങ്ങളുടെ ശരീരത്തിലുള്ള ആഭരണങ്ങൾ നോക്കിയാലറിയാമല്ലോ അത്. ഞാനങ്ങനെ ആഭരണമണിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ആധാരപ്പെട്ടിയേറ്റിയത്.”

നമ്പൂതിരിയുടെ മറുപടി കേട്ട് ആളുകൾ തലതാഴ്ത്തി, തങ്ങളുടെ ആഭരണഭ്രമം അവസാനിപ്പിക്കേണ്ടതാണെന്നു മനസ്സിലാക്കി.

(കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാലയോട്' കടപ്പാട്)

മുട്ടസ്സുനമ്പൂരി ആധാരപ്പെട്ടി തലയിലേറ്റി നിൽക്കാൻ കാരണമെന്തായിരുന്നു?

‘‘ഞാനങ്ങനെ ആഭരണമണിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ആധാരപ്പെട്ടിയേറ്റിയത്” - നമ്പൂരിയുടെ ഈ അഭിപ്രായം എന്തു സന്ദേശമാണ് നൽകുന്നത്? ഇത് ഇക്കാലത്ത് എത്രമാത്രം പ്രസക്തമാണെന്ന് ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

# വെണ്ണയുണ്ടെങ്കിൽ



മുല്ലാ നസ്റുദ്ദീൻ ഭാര്യയോടു പറഞ്ഞു: "കുറച്ചു വെണ്ണ കൊണ്ടുവരൂ. വെണ്ണ കഴിക്കുന്നത് കണ്ണിനു വളരെ നല്ലതാണ്."

"വെണ്ണ തീർന്നുപോയി" - ഭാര്യ പറഞ്ഞു.

"വളരെ നന്നായി. വെണ്ണ പല്ലുകൾക്കും മോണകൾക്കും നന്നല്ല."

"നിങ്ങളുടെ ഏതു പ്രസ്താവനയാണ് ശരിയായത്?" ഭാര്യ.

''വീട്ടിൽ വെണ്ണയുണ്ടെങ്കിൽ ആദ്യത്തേതും ഇല്ലെങ്കിൽ രണ്ടാമത്തേതും." മുല്ല പറഞ്ഞു.

(ചിന്താസരിത്സാഗരം) എഡി: രവി. ഡി. സി

''വീട്ടിൽ വെണ്ണയുണ്ടെങ്കിൽ ആദ്യത്തേതും ഇല്ലെങ്കിൽ രണ്ടാമത്തേതും" - മുല്ലാ നസ്റുദ്ദീന്റെ ഈ പ്രസ്താവനയിലൂടെ വ്യക്തമാവുന്നതെന്താണെന്ന് എഴുതുക.

''നിത്യജീവിതത്തിൽ വീണുകിട്ടുന്ന ചില സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന നർമ്മം സന്തോഷത്തോടൊപ്പം ചില തിരിച്ചറിവുകളും നൽകുന്നു." മുല്ലാക്കഥ വായിച്ച് ഈ അഭിപ്രായം ചർച്ചചെയ്ത് കുറിപ്പ് തയാറാക്കൂ.

മുല്ലാക്കഥയിലെ പരിഹാസം ആർക്കാണ് കൊള്ളുന്നത്? ഇന്നത്തെ സമൂഹത്തിലും ഇത്തരക്കാരുണ്ടോ? ചർച്ചചെയ്യൂ.

# കാൻസർവാർഡിലെ ചിരി

മഹാരോഗങ്ങൾക്ക് മൂന്നവസ്ഥകളുണ്ട് എന്നാണ് അനുഭവത്തിലൂടെ മനസ്സിലാക്കിയത്. തനിക്ക് രോഗമാണ് എന്നറിഞ്ഞുണ്ടാകുന്ന ഞെട്ടലും കടുത്ത ഏകാന്തതയുമാണ് ആദ്യത്തേത്. അതിനുശേഷം പതുക്കെപ്പതുക്കെ നാം അതുമായി താദാത്മ്യപ്പെടും. ശരിക്കും പറഞ്ഞാൽ കീഴടങ്ങൽ. അടുത്ത ഘട്ടം ചികിത്സയ്ക്കൊപ്പം രോഗത്തെ മറികടക്കാനുള്ള യത്നങ്ങളാണ്. ഈ യത്നങ്ങളിൽ ഓരോരുത്തർക്കും ഓരോന്നായിരിക്കും പിൻബലം. ചിലർക്ക് ധൈര്യം, ചിലർക്ക് പ്രാർഥന, മറ്റു ചിലർക്ക് വാടാത്ത പ്രതീക്ഷ. എനിക്ക് ചിരിയായിരുന്നു പിൻബലം. ജീവിതത്തിൽ കടന്നുപോന്ന മറ്റു പലവിധത്തിലുള്ള പ്രതിബന്ധ ഘട്ടങ്ങളിലുമെന്നപോലെ ഇവിടെയും ചിരിയെ ചേർത്തുപിടിക്കാൻ ഞാൻ തീരുമാനിച്ചു. അങ്ങനെ മാത്രമേ എനിക്ക് ഈ അവസ്ഥയെ മറികടക്കാൻ സാധിക്കൂ എന്ന് മനസ്സിലുറപ്പിച്ചു. എന്റെ പഴയ കണ്ണുകൾ തുറന്നുവയ്ക്കുക, എന്തിലും ചിരി കണ്ടെത്താനുള്ള സെല്ലുകൾ തുറന്നുപിടിക്കുക. അത്രയും ചെയ്താൽ മതി. ഞാൻ അതിനു തയാറായി. ഡോക്ടറുടെ മരുന്നുകൾക്കൊപ്പം ഞാൻ എന്റേതായ ഔഷധങ്ങളും തയാറാക്കാൻ തുടങ്ങി.

എനിക്ക് കാൻസറാണ് എന്ന കാര്യം നാട്ടിലാകെ പരന്നുതുടങ്ങിയിരുന്നു. ആദ്യം അറിഞ്ഞത് ബന്ധുക്കളാണ്. അവർ വന്നുതുടങ്ങി.



ദയനീയമായ മുഖവുമായി നിൽപ്പുതുടങ്ങി. സഹതാപവാക്കുകൾ പറഞ്ഞു, സമാനമായ രോഗാവസ്ഥയിലുള്ളവരുടെ കഥകൾ കെട്ടഴിച്ചു. ഏതു രോഗിയും ഇതിനെയൊക്കെ നേരിട്ടേ പറ്റൂ. എല്ലാം കേട്ട് ഞാൻ കിടന്നു.

കാൻസർ എന്റെ ശരീരത്തിൽ ആക്രമണം അഴിച്ചുവിട്ട സമയത്തു തന്നെയാണ് ഇരിങ്ങാലക്കുടയിലെ പ്രസിദ്ധമായ പിണ്ടിപ്പെരുന്നാൾ വന്നത്. നാടിനാകെയുള്ള ഉത്സവകാലമാണത്. വീടുകൾ എല്ലാം വിളക്കുകളണിയും; ബന്ധുക്കളെക്കൊണ്ടും വിരുന്നുകാരെക്കൊണ്ടും നിറയും. എന്നാൽ ഇങ്ങനെ അസുഖമായിക്കിടക്കുന്ന അവസ്ഥയിൽ വീട്ടിൽ ആഘോഷമൊന്നും വേണ്ട എന്ന് ആലീസ് പറഞ്ഞു. മനസ്സാകെ മൂടിക്കെട്ടി നിൽക്കുമ്പോൾ ആഘോഷങ്ങൾക്കൊന്നും തോന്നില്ല. എങ്കിലും ഞാൻ വൈകുന്നേരങ്ങളിൽ പതുക്കെ നടന്ന് ഗേറ്റിന്റെ അടുത്ത് ചെന്നുനിൽക്കും. ആൾക്കാർ അങ്ങനെ ഒഴുകുന്നതു കാണാം. കഴിഞ്ഞ വർഷംവരെ ഞാനും ആ ആൾക്കൂട്ടത്തിന്റെ ഭാഗമായിരുന്നു. അതാലോചിച്ചപ്പോൾ എനിക്ക് സങ്കടം തോന്നി. അങ്ങനെ നിൽക്കുമ്പോൾ അതുവഴി കടന്നുപോയ ഒരു വഴിപോക്കൻ ചോദിച്ചു: "എന്താ ഇന്നസെന്റേ, നിങ്ങടെ വീട്ടിൽ ആരെങ്കിലും മരിച്ചോ? പെരുന്നാളിന്റെ വെളിച്ചോം ബഹളോം ഒന്നുമില്ലാതെ.'' "ഇല്ല, മരിച്ചിട്ടില്ല. അടുത്തകൊല്ലം മരിക്കണേന്റെ റിഹേഴ്സലാ. ഞാൻ സിനിമാനടനല്ലേ. ഞങ്ങൾ ഏതു രംഗം ഷൂട്ട് ചെയ്യണതിന്റേം മുൻപേ ഒരു റിഹേഴ്സൽ എടുക്കും. 'മനസ്സിനക്കരെ' എന്ന സിനിമ നിങ്ങൾ കണ്ടിട്ടുണ്ടോ? അതിൽ ഞാൻ മരിച്ചുകിടക്കുന്ന ഒരു രംഗമുണ്ട്. ആറിലധികം തവണയാണ് അതിന്റെ റിഹേഴ്സൽ എടുത്തത്. എന്നിട്ടാണ് ഷോട്ട് ഓക്കെയായത്. അതുപോലെ ഇത് അടുത്തവർഷത്തെ വാലായ്മയ്ക്കുള്ള റിഹേഴ്സലാ."

അതു കേട്ട് അയാൾ ചിരിക്കണോ കരയണോ എന്നറിയാതെ നിന്നു. ഈ കാര്യം ഞാൻ മമ്മൂട്ടിയോടു പറഞ്ഞു. മമ്മൂട്ടി അതുകേട്ട് പൊട്ടിച്ചിരിച്ചു. രോഗസമയത്തും ഞാൻ ചിരി വിടാതെ കൊണ്ടുനടക്കുന്നതിനെ പ്രശംസിച്ചു. ഫോൺ വയ്ക്കുന്നതിനു മുൻപ് ഞാൻ ചോദിച്ചു: "മമ്മൂട്ടീ, ഞാനൊരു ചെറിയ നടനാ. എനിക്ക് ഒരുപാട് റിഹേഴ്സലൊക്കെ എടുക്കേണ്ടിവരും. നിങ്ങൾ ഭരത് അവാർഡൊക്കെ കിട്ടിയ വലിയ നടനല്ലേ. നിങ്ങടെ കാര്യത്തിൽ ഈ വാലായ്മ ഫസ്റ്റ് ടേക്കിൽ ഓക്കെയാകുമോ, റിഹേഴ്സൽ ഒന്നുമില്ലാതെ തന്നെ.'' അതുവരെ പൊട്ടിച്ചിരിച്ച മമ്മൂട്ടി ഒന്നും മിണ്ടാതെ ഫോൺ കട്ട് ചെയ്തു.

– ഇന്നസെന്റ്

## വായിക്കൂ കണ്ടെത്തൂ

- ''ഡോക്ടറുടെ മരുന്നുകൾക്കൊപ്പം ഞാൻ എന്റേതായ ഔഷധങ്ങളും തയാറാക്കാൻ തുടങ്ങി'' തന്റെ രോഗശമനത്തിനായി ഇന്നസെന്റ് സ്വയം തയാറാക്കിയ ഔഷധം എന്തായിരുന്നു?
- "എന്താ ഇന്നസെന്റേ, നിങ്ങളുടെ വീട്ടിൽ ആരെങ്കിലും മരിച്ചോ? പെരുന്നാളിന്റെ വെളിച്ചോം ബഹളോം ഒന്നുമില്ലാതെ." വഴിപോക്കന്റെ ഈ ചോദ്യത്തിന് ഇന്നസെന്റിന്റെ മറുപടി എന്തായിരുന്നു?
- "അതുവരെ പൊട്ടിച്ചിരിച്ച മമ്മൂട്ടി ഒന്നും മിണ്ടാതെ ഫോൺ കട്ട് ചെയ്തു." എന്തായിരിക്കും മമ്മൂട്ടി ഫോൺ കട്ട് ചെയ്യാൻ കാരണം? ചർച്ചചെയ്യൂ.

ഇന്നസെന്റിന്റെ രോഗാവസ്ഥ അദ്ദേഹത്തിലും ഭാര്യ ആലീസിലും ഉണ്ടാക്കിയ പ്രതികരണങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കൂ.

രോഗത്തെ നർമ്മബോധത്തോടെ നേരിട്ട ഇന്നസെന്റിനോട് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? കത്ത് തയാറാക്കൂ.

"കരളെരിഞ്ഞാലും തലപുകഞ്ഞാലും
ചിരിക്കണ, മതേ വിദൂഷകധർമ്മം.
ചിരിയും കണ്ണീരുമിവിടെക്കാണുവ-
തൊരുപോലെ മിഥ്യയെന്നറിവോനല്ലീ നീ?"


-സഞ്ജയൻ

ഇന്നസെന്റിന്റെ ജീവിതാനുഭവങ്ങൾ സഞ്ജയന്റെ വരികളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കൂ.

<u>അദ്ദേഹം</u> ആറാട്ടുപുഴപ്പൂരം കാണാൻ പോയി.
ആദ്യം അറിഞ്ഞത് ബന്ധുക്കളാണ്. <u>അവർ</u> വന്നുതുടങ്ങി.

അടിവരയിട്ട വാക്കുകൾ ഏതിനു പകരമായിട്ടാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പാഠഭാഗങ്ങളിൽനിന്ന് കണ്ടെത്തൂ.

# കാസിമിന്റെ ചെരുപ്പ്



പഴയ കെയ്റോ നഗരം. അവിടെ അബൂകാസിം എന്ന ഒരു മുറിവൈദ്യനുണ്ടായിരുന്നു. സർവസൗഭാഗ്യങ്ങളുമുണ്ടായിരുന്ന അയാൾ മഹാപിശുക്കനായിരുന്നു. കണ്ടാൽ ഒരു യാചകനേക്കാൾ കഷ്ടം! അയാളുടെ വർഷങ്ങൾ പഴക്കമുള്ള കോട്ട് നൂറുകണക്കിന് തുണിക്കഷണങ്ങൾ തുന്നിച്ചേർത്തുണ്ടാക്കിയതാണ്. നിറംകെട്ട് മുഷിഞ്ഞ തൊപ്പി. കുളിക്കാറില്ലാത്തതിനാൽ അഴുക്കടിഞ്ഞ ദേഹവും. അതിനേക്കാളൊക്കെ ദയനീയം ചെരുപ്പുകളാണ്. ആണികൾ തറച്ച്, തുകലുകൾ വീണ്ടും വീണ്ടും തുന്നിപ്പിടിപ്പിച്ച് കുതിരത്തലപോലെയുള്ള ഒന്നായിത്തീർന്നിട്ടുണ്ട് അത്. ചെരുപ്പിന്റെ ഭാവവും രൂപവുമൊക്കെ ഏവരും ശ്രദ്ധിക്കുമായിരുന്നു.

കാലം പോകെ നാട്ടിലൊരു പ്രയോഗമുണ്ടായി: ''കാസിമിന്റെ ചെരുപ്പുപോലെ.'' അസുഖം വന്നാൽ ആൾക്കാർ ചോദിക്കാൻ തുടങ്ങി: "നീ കാസിമിന്റെ ചെരുപ്പ് തിന്നിരുന്നോ?" അങ്ങനെ കാസിമും ചെരുപ്പും നാട്ടിലെങ്ങും ചർച്ചയായി.

ആയിടെ ഒരു ദിവസം അയാൾക്ക് പതിവിലേറെ ധനം കൈയിൽ വന്നു. ഇത്തരം നിമിഷങ്ങളിൽ ആൾക്കാർ എന്താണു ചെയ്യുക? മധുരപലഹാരങ്ങൾ വിതരണം ചെയ്യും; മറ്റുള്ളവരെ വിരുന്നിനു ക്ഷണിക്കും. ചിലപ്പോൾ പുതുവസ്ത്രങ്ങൾ വാങ്ങും. കാസിം ഇതൊന്നും ചെയ്തില്ല. സ്നാനഗൃഹത്തിൽ പോയി ഒന്ന് കുളിച്ചു കളയാമെന്ന് അയാൾ തീരുമാനിച്ചു. കട പൂട്ടി, തേഞ്ഞുപോകുമെന്ന് കരുതി ചെരുപ്പ് കക്ഷത്തിൽവച്ച് മൂപ്പർ പുറപ്പെട്ടു.

ചെരുപ്പുകൾ പുറത്തുവച്ച് അയാൾ സ്നാനഗൃഹത്തിനകത്തു കയറി. ശരീരത്തിൽ അടിഞ്ഞുകൂടിയ അഴുക്കൊക്കെ കഴുകിക്കളയാൻ ഏറെ നേരമെടുത്തു. പുറത്തു വന്നപ്പോൾ കണ്ടതെന്താണ്? തന്റെ പഴഞ്ചൻ ചെരുപ്പിന്റെ സ്ഥാനത്ത് പുതിയതും മുന്തിയതുമായ തുകൽ ചെരുപ്പുകൾ! അയാൾ മറ്റൊന്നുമാലോചിച്ചില്ല. ദൈവം തന്നതുതന്നെ! സന്തോഷം അടക്കാനാവുന്നില്ല. മുന്തിയ ചെരുപ്പും ധരിച്ച്, മൂളിപ്പാട്ടും പാടി അയാൾ വീട്ടിലേക്കു നടന്നു.

വാസ്തവത്തിൽ സംഭവിച്ചതെന്താണെന്നോ? വൃത്തികെട്ട ആ ചെരുപ്പുകൾ വാതിലിനു പിന്നിലേക്ക് മാറ്റിവച്ചത് അവിടത്തെ ഭൃത്യനാണ്. സ്നാനഗൃഹത്തിൽ വന്ന ന്യായാധിപന്റെ കണ്ണിൽ അത് പെടേണ്ട എന്നു കരുതിയാണ് അങ്ങനെ ചെയ്തത്. ആ ഭൃത്യൻ ജോലിസമയം കഴിഞ്ഞ് പോവുകയും ചെയ്തിരുന്നു. ന്യായാധിപൻ സ്വന്തം ചെരുപ്പ് തിരഞ്ഞു. കാണാനില്ല. മറ്റു ഭൃത്യന്മാർ അവിടമാകെ നോക്കി. കാസിമിന്റെ ചെരുപ്പുകളാണ് അവിടെ കണ്ടെത്താനായത്. സംശയമൊന്നുമില്ല, കാസിമായിരിക്കും മോഷ്ടിച്ചത്. കാസിമിനെ ഉടൻതന്നെ പിടികൂടി ജയിലിലിട്ടു. ഭാരിച്ച തുക പിഴയടച്ചിട്ടാണ് അയാൾക്ക് പുറത്തിറങ്ങാനായത്.



അന്നാദ്യമായി കാസിം തന്റെ ചെരുപ്പുകളെ വെറുത്തു. തന്റെ പണം നഷ്ടപ്പെടുത്തിയ ജന്തു! അയാൾ ആ ചെരുപ്പുകൾ നൈൽനദിയിലേക്ക് വലിച്ചെറിഞ്ഞു.

രണ്ടുമൂന്നു ദിവസം കഴിഞ്ഞതേയുള്ളൂ. നദിയിൽ വല വീശിയപ്പോൾ മുക്കുവന്മാർക്ക് എന്തോ വലയിൽ കുടുങ്ങിയതായി തോന്നി. വലിച്ചെടുത്തു നോക്കുമ്പോൾ, അവർക്ക് നിരാശയും കോപവുമുണ്ടായി കാസിമിന്റെ ചെരുപ്പുകൾ! അതിന്റെ ഇരുമ്പാണികൾകൊണ്ട് വലക്കണ്ണികൾ അറ്റുപോയിരിക്കുന്നു. അരിശംകൊണ്ടു പല്ലിറുമ്മിയ അവർ നേരെ പോയത് കാസിമിന്റെ കടയിലേക്കാണ്. ''നീ

തുലഞ്ഞുപോകട്ടെ" എന്നാക്രോശിച്ചുകൊണ്ട് അവർ ആ ചെരുപ്പുകൾ കടയിലേക്ക് വലിച്ചെറിഞ്ഞു. കുറേ പനിനീർക്കുപ്പികളും മരുന്നുപാത്രങ്ങളും പൊട്ടിത്തകർന്നു.

കാസിമിന്റെ സങ്കടം ഇരട്ടിയായി. "നശിച്ച ചെരുപ്പുകൾ! ഇതെന്റെ സമ്പത്തു മുഴുവൻ തീർക്കും. ഇതവസാനിപ്പിച്ചിട്ടു തന്നെ കാര്യം." അയാൾ നേരെ വീട്ടിലേക്കോടി. ഒരു കുഴിയെടുത്ത് ചെരുപ്പുകൾ അതിലിട്ടു മൂടി.

ആ മൺകൂനയിലേക്കു നോക്കി അയാൾ പറഞ്ഞു: "ഇനി നീ എന്നെ തോൽപ്പിക്കുന്നത് എനിക്കൊന്നു കാണണം."

കാസിമിനോടു വിരോധമുള്ള ഒരയൽക്കാരൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. ഇതു തന്നെ തക്കം! കാസിമിന് നിധി കിട്ടിയിട്ടുണ്ടെന്നും അയാളത് കുഴിച്ചിട്ടിട്ടുണ്ടെന്നും അയൽക്കാരൻ അധികാരിയോടു ചെന്നു പറഞ്ഞു. അധികാരി കാസിമിനെ വിളിച്ചു വരുത്തി ചോദ്യം ചെയ്തു. സത്യം ബോധിപ്പിച്ചിട്ടും അധികാരിക്കു വിശ്വാസം വന്നില്ല.

കാസിം കൂടുതൽ തകരുകയായിരുന്നു. ഭടന്മാർ വന്നു കുഴിമാന്തി നോക്കിയപ്പോൾ, ചെരുപ്പുതന്നെ. ഭീഷണിപ്പെടുത്തി നല്ലൊരു തുകയും കൈക്കലാക്കി അവർ മടങ്ങി. ഇനി എന്തു ചെയ്യും? ഈ ഒഴിയാബാധയിൽനിന്ന് എങ്ങനെ രക്ഷപ്പെടും? അയാൾ ചെരുപ്പുകൾ ഒരു തോട്ടിലേക്കെറിഞ്ഞു. ഇനി ആ നരകം തിരിച്ചുവരില്ല എന്നാശ്വാസംകൊണ്ടു.

തോട്ടിലെ നീരൊഴുക്കുകൊണ്ട് പ്രവർത്തിക്കുന്ന ഒരു മില്ലുണ്ടായിരുന്നു അവിടെ. ഗതികേട് എന്നല്ലാതെ എന്തു പറയാൻ! ചെരുപ്പു ചെന്നു കയറിയത് മിൽച്ചക്രത്തിന്റെ പല്ലുകളിൽ. അതോടെ യന്ത്രം നിശ്ചലമായി. കേടുതീർക്കാനെത്തിയവർ കണ്ടത് ആ ചെരുപ്പുകളാണ്. അതാരുടേതാണെന്ന് അധികം ആലോചിക്കാതെ തന്നെ എല്ലാവർക്കുമറിയാമല്ലോ. പരാതി അധികാരിയുടെ മുമ്പിലെത്തി. അവർക്കും നല്ലൊരു തുക നഷ്ടപരിഹാരം കൊടുക്കേണ്ടിവന്നു. പോകുമ്പോൾ ഉദ്യോഗസ്ഥർ ചെരുപ്പുകൾ കാസിമിന്റെ കൈയിൽ കൊടുത്തു.

സമനില തെറ്റിയവനെപ്പോലെയാണ് കാസിം വീട്ടിലെത്തിയത്. ചെരുപ്പുകൾ കണ്ണിൽപ്പെടാത്തവിധം മട്ടുപ്പാവിലേക്കിട്ട് അയാൾ രക്ഷാമാർഗങ്ങൾ ചിന്തിച്ചു. എന്തു പറയാൻ! മട്ടുപ്പാവിലേക്ക് ഓടിക്കയറിയ ഒരു നായ ചെരുപ്പു കടിച്ചെടുത്ത് കളി തുടങ്ങി. ചാടിക്കളിക്കുന്നതിനിടയിൽ ചെരുപ്പ് താഴേക്ക് തെറിച്ചു വീണു. കൃത്യമായും ഒരു വൃദ്ധയുടെ തലയിൽ. ചെരുപ്പിലെ ആണികൾ അവരുടെ തലയിൽ ആഴത്തിലുള്ള മുറിവുണ്ടാക്കി. വൃദ്ധ വീണുപോയി. എഴുന്നേറ്റു നോക്കിയപ്പോൾ കാര്യം മനസ്സിലായി. കാസിമിന്റെ ചെരുപ്പ് തന്റെ തല പൊട്ടിച്ചിരിക്കുന്നു! വൃദ്ധയുടെ ശകാരവാക്കുകൾ കേട്ടു തളർന്നു നിൽക്കാനല്ലാതെ കാസിമിന് മറ്റൊന്നും ചെയ്യാനുണ്ടായിരുന്നില്ല. പതിവുപോലെ കേസ് അധികാരിക്കു മുമ്പിലെത്തി. വലിയൊരു സംഖ്യ നഷ്ടപരിഹാരമായി അവർക്കും നൽകേണ്ടി വന്നു

ഏറ്റവും അവസാനമുണ്ടായ ഈ വിപത്ത് കാസിമിനെ ഇരുത്തിച്ചിന്തിപ്പിച്ചു. അയാൾ ആ ചെരുപ്പുകളുമെടുത്ത് അധികാരിക്കു മുമ്പിലെത്തി ആർത്തു കരഞ്ഞു: ''അങ്ങുന്നേ, എന്റെ എല്ലാ നാശത്തിനും കാരണമായ ഈ ചെരുപ്പുകൾ കാണണേ. ഇതു കാരണം എനിക്കിനി തെണ്ടുകയല്ലാതെ വേറൊരു വഴിയുമില്ല. അതിനാൽ അങ്ങ് കനിവുണ്ടായി വിളംബരം ചെയ്യണം, ഇനി ഈ ചെരുപ്പുകളുടെ ഉടമസ്ഥൻ കാസിമല്ലെന്ന്. ഇതു കാരണം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കാസിം ഉത്തരവാദിയായിരിക്കുന്നതല്ലെന്നും അങ്ങ് പ്രഖ്യാപിക്കണം.' ഇതും പറഞ്ഞ് അയാൾ ചെരുപ്പുകൾ അവിടെയിട്ട് ഒരോട്ടമോടി. ന്യായാധിപനടക്കം അവിടെയുണ്ടായിരുന്ന എല്ലാവരും പൊട്ടിച്ചിരിക്കുന്നത് കാസിം കാണുകയുണ്ടായില്ല.

അറബിക്കഥ

## വായിക്കൂ കണ്ടെത്തൂ

- കാസിമിന്റെ രൂപത്തിലും ഭാവത്തിലും എന്തെല്ലാം പ്രത്യേകതകളാണ് നിങ്ങൾ ശ്രദ്ധിച്ചത്?

- കാസിമിന് പുതിയ ചെരുപ്പുകൾ കിട്ടിയതെങ്ങനെ?
- ചെരുപ്പുകളൊഴിവാക്കാൻ കാസിം നടത്തിയ ഓരോ ശ്രമവും കണ്ടെത്തിപ്പറയൂ.

കാസിമിനെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയാറാക്കുക.

കാസിമിന്റെ ചെരുപ്പ് തന്റെ തല <u>പൊട്ടിച്ചിരിക്കുന്നു.</u>
അവിടെയുണ്ടായിരുന്ന എല്ലാവരും <u>പൊട്ടിച്ചിരിക്കുന്നു.</u>

അടിവരയിട്ട പദങ്ങൾ രണ്ടു സന്ദർഭങ്ങളിലും ഏതൊക്കെ അർഥങ്ങളാണ് നൽകുന്നത്? വിശദമാക്കൂ.

കാസിമിന്റെ ചെരുപ്പ് മിൽച്ചക്രത്തിൽ കുടുങ്ങിയ സംഭവം ഒരു പത്രവാർത്തയുടെ രൂപത്തിൽ മാറ്റി എഴുതുക. ചെരുപ്പ് വരുത്തിവച്ച മറ്റു വിനകളും പത്രത്തിൽ വരാവുന്നവയാണോ? ഉചിതമായവ എഴുതൂ.

'കാസിമിന്റെ ചെരുപ്പ്' എന്ന കഥയിലെ സംഭവങ്ങൾ ചേർത്ത് ഒരു ചിത്രകഥ തയാറാക്കുകയാണെങ്കിൽ എന്തെല്ലാം ശ്രദ്ധിക്കണം?

- കാസിമിന്റെ രൂപം
- കാസിം സ്നാനഗൃഹത്തിൽ കയറുന്നു.
- അധികാരി ശിക്ഷിക്കുന്നു.
- ചെരുപ്പ് നദിയിൽ വലിച്ചെറിയുന്നു.
- ..................................................................
- ..................................................................

ഇനിയുള്ള രംഗങ്ങൾ എന്തെല്ലാമായിരിക്കും? കഥയിൽനിന്ന് കണ്ടെത്തിയ രംഗങ്ങൾ ചേർത്തുവച്ച് ഒരു ചിത്രകഥ തയാറാക്കൂ.

ഈ രംഗങ്ങൾ ചേർത്ത് ഒരു നാടകമാക്കിയാലോ? രംഗത്ത് അവതരിപ്പിക്കാമല്ലോ.

യൂണിറ്റിലെ രചനകൾ പരിചയപ്പെട്ടല്ലോ. ഫലിതകഥകൾ ശേഖരിച്ച് ഒരു കഥാപ്പതിപ്പ് തയാറാക്കൂ

## ഞാൻ എന്നെക്കുറിച്ച്

- നാടകം അവതരിപ്പിക്കുന്നതിന് ഇപ്പോൾ നിങ്ങൾക്കുണ്ടായ മികവുകൾ എന്തെല്ലാം? താഴെപ്പറയുന്നവ ഉപയോഗിച്ച് വിലയിരുത്തുക.
    - നാടകത്തിനു യോജിച്ച സന്ദർഭങ്ങൾ എളുപ്പം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.
    - കണ്ടെത്തിയ സന്ദർഭങ്ങളെ ദൃശ്യവൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
    - കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്താനും യോജിച്ച വേഷവിധാനങ്ങളോടെ അവതരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.
    - കഥാപാത്രങ്ങളുടെ പ്രത്യേകതകൾക്കിണങ്ങുംവിധം സംഭാഷണങ്ങൾ, ചലനം, അംഗവിക്ഷേപം, മുഖഭാവം തുടങ്ങിയവ ഉപയോഗിച്ചിട്ടുണ്ട്.
    - അവതരണശേഷം ലഭിച്ച നിർദേശങ്ങളുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ നാടകം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

  നിങ്ങളുടെ വിലയിരുത്തൽ അഭിപ്രായങ്ങൾ ഒരു കുറിപ്പാക്കുക

- നിങ്ങൾ തയാറാക്കിയ കോയസ്സന്റെയും കാസിമിന്റെയും കഥാപാത്രനിരൂപണങ്ങൾ താരതമ്യം ചെയ്ത് വായിക്കൂ. കഥാപാത്രനിരൂപണത്തിനുണ്ടായിരിക്കേണ്ട ഏതെല്ലാം കാര്യങ്ങളിൽ ആദ്യത്തേതിൽനിന്നു നിങ്ങൾക്ക് മുന്നേറാൻ സാധിച്ചിട്ടുണ്ട്? കണ്ടെത്തിയ പരിമിതികൾ എന്തെല്ലാം? അവയെ മറികടക്കാൻ എന്തു ചെയ്യും?



## പദപരിചയം

ആധാരം - അടിസ്ഥാനം, ഭൂമിയുടെ ഉടമസ്ഥാവകാശരേഖ

ആഭരണഭ്രമം - ആഭരണത്തോടുള്ള അമിത താൽപ്പര്യം

ഒഴിയാബാധ - വിട്ടുമാറാത്ത ഉപദ്രവം

താദാത്മ്യപ്പെടുക - മറ്റൊന്നിനോട് ഐക്യപ്പെടുക

ധർമ്മം - ജോലി, കടമ

പിണ്ടിപ്പെരുന്നാൾ - വാഴപ്പിണ്ടിയിൽ വിളക്കുവച്ച് അലങ്കരിച്ച് ആഘോഷിക്കുന്ന പെരുന്നാൾ. തൃശൂർ, ഇരിങ്ങാലക്കുട ഭാഗങ്ങളിൽ പ്രധാനം

പ്രതിബന്ധം - തടസ്സം

മട്ടുപ്പാവ് - കെട്ടിടത്തിന്റെ മുകൾഭാഗത്തെ തുറസ്സായ സ്ഥലം


മിഥ്യ - യഥാർഥമല്ലാത്തത്

വാലായ്മ - പ്രസവവുമായി ബന്ധപ്പെട്ട അശുദ്ധി. പാഠഭാഗത്ത് മരണവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

വിദൂഷകൻ - നാടകങ്ങളിലും മറ്റും ഹാസ്യരസം പ്രകടിപ്പിക്കുന്ന കഥാപാത്രം

വിളംബരം - രാജകീയ പരസ്യം

# 4
# സഞ്ചാരത്തിനിടയിൽ



"കല്ലിനുമുണ്ടൊരു കഥപറയാൻ..."

കല്ലു പറയുന്ന കഥകൾ എന്തെല്ലാമായിരിക്കും?

# മയിൽപ്പീലിസ്പർശം

രാത്രിയുടെ ഏതോ യാമത്തിൽ തുറന്ന ജനലിലൂടെ ഒഴുകിപ്പരന്ന നിലാവിലൂടെ പാറിപ്പറന്ന് ആ മയിൽപ്പീലി വീണ്ടും ഉണ്ണിമായയുടെ അടുത്തെത്തി. ഉറങ്ങാതെ കിടക്കുന്ന ഉണ്ണിമായയുടെ നെറുകയിൽ ആരോ കൊടുക്കാൻ മറന്നുപോയ ഒരുമ്മപോലെ അത് ഒന്ന് സ്പർശിച്ചു. മധുരമായ സ്വരത്തിൽ ആരോ അവളുടെ കാതിൽ മന്ത്രിച്ചു:

"ഉണ്ണിമായയ്ക്ക് ഉറങ്ങാൻ ഒരു കഥ പറഞ്ഞുതരാം." ഉണ്ണിമായ പ്രത്യാശയോടെ മയിൽപ്പീലിയെ നോക്കി. മയിൽപ്പീലിക്കണ്ണിൽനിന്ന് കരുണാകുലമായ ഒരു നോട്ടം നീണ്ടുവന്ന് അവളെ തൊട്ടു. ആരോ പറഞ്ഞുതുടങ്ങി:

"ഒരു കാട്ടിൽ, കാടിനെ പലതായി ഭാഗിച്ചു പലമാതിരി മൃഗങ്ങൾ താമസിച്ചിരുന്നു. ആനകളെല്ലാം തെക്കേ അറ്റത്ത്, സിംഹങ്ങളെല്ലാം വടക്കേ അറ്റത്ത്, മാനുകളും മുയലുകളും ആടുകളും കിഴക്കുവശത്ത്. കരടി, ചെന്നായ് എല്ലാം പടിഞ്ഞാറും. കാടിന്റെ ഒത്ത നടുവിൽ സൗഹൃദം എന്ന ഒരു തടാകം ഉണ്ടായിരുന്നു. എല്ലാ മൃഗങ്ങളും ആ സൗഹൃദത്തടാകത്തിൽ നിന്നാണ് വെള്ളം കുടിച്ചിരുന്നത്.



ആനകളുടെയെല്ലാം രാജാവ് വലിയ ഒരു കൊമ്പനായിരുന്നു. അവന് തറയിൽ കിടന്നാൽ എഴുന്നേൽക്കാൻ പ്രയാസമാണ്. വാതത്തിന്റെ ഉപദ്രവവും ഉണ്ട്. അതുകൊണ്ട് രാത്രിമുഴുവൻ നിന്നുറങ്ങും.

ഒരുദിവസം കിഴക്കുഭാഗത്തുനിന്ന് ഒരു മുയൽക്കുട്ടൻ രാത്രിയിൽ തുള്ളിക്കളിച്ചു വന്നപ്പോൾ കൊമ്പനമ്മാവനെ കണ്ടു. അവന് കൊമ്പന മ്മാവന്റെ തുമ്പിക്കൈയിൽ ഒന്ന് തൊട്ടുനോക്കണം എന്ന് മോഹം തോന്നി. ആനയുടെ തുമ്പിക്കൈ നിറയെ സ്നേഹമാണ്. ലോകത്തിലെ എല്ലാം തൊട്ടുനോക്കി അവൻ ആ സ്നേഹം കൊടുക്കും. മുയൽക്കുട്ടന് തുമ്പിക്കൈ തൊട്ടുനോക്കിയപ്പോൾ അതിൽ ഒന്ന് ഉമ്മവയ്ക്കണമെന്നു തോന്നി. അത്രയും മൃദുവായ ഒന്നിനെയും കൊമ്പനമ്മാവനും തൊട്ടിരുന്നില്ല.

കൊമ്പൻ ചോദിച്ചു: “നീ ഏതാ കുഞ്ഞുമോനേ?”

മുയൽ പറഞ്ഞു: “ഞാനീ കാട്ടിലെ ഏറ്റവും ചെറിയ മുയൽക്കുട്ടിയാണ്.”

“നീ എന്തിനാണ് എന്റെ തുമ്പിക്കൈയിൽ ഉമ്മവച്ചത്?”

“ഞാൻ ഉമ്മവച്ചെന്ന് കൊമ്പനമ്മാവൻ എങ്ങനെ അറിഞ്ഞു?”

“നീ ഉമ്മവച്ചപ്പോൾ എന്റെ ഉള്ളിലൊരു കുളിരുകോരി. അതാണ് നീ ഉമ്മവച്ചതെന്താണെന്നു ചോദിച്ചത്.”

മുയൽക്കുട്ടൻ പറഞ്ഞു: “കൊമ്പനമ്മാവന് എങ്ങനെയാണോ തുമ്പി ക്കൈ, അതുപോലെയാണ് എനിക്ക് മൂക്കിന്റെ രണ്ടുവശത്തുമുള്ള നീണ്ടു വെളുത്ത മീശകൾ. തുമ്പിക്കൈയിൽ തൊട്ടപ്പോഴാണ് മാമൻ സ്നേഹ ത്തിന്റെ വലിയൊരു ചുമടാണെന്ന് അറിഞ്ഞത്. അതാണ് ഒരുമ്മ തന്നത്.”

“കുഞ്ഞുമോനേ, നമ്മൾ ഈ കാട്ടിൽ ഒന്നിച്ചുകഴിഞ്ഞിട്ടും നിന്നെപ്പോലെ ഓമനത്തമുള്ളവർ ഈ കാട്ടിലുണ്ടെന്ന് ഞാനറിഞ്ഞില്ലല്ലോ!”

“കൊമ്പനമ്മാവൻ പുള്ളിമാനിനെ തൊട്ടുനോക്കിയിട്ടുണ്ടോ? മെഴുമെഴാ ന്നിരിക്കും. എന്റെ സ്നേഹം അരുവിയിലെ വെള്ളം പോലെയാണെങ്കിൽ



പുള്ളിമാനിന്റെ സ്നേഹം തേൻതുള്ളിപോലെയാണ്. മാമന് ഇഷ്ടമാണെങ്കിൽ ഞാൻ വിളിച്ചുകൊണ്ടുവരാം."

അങ്ങനെ വലിയ ഒരുകൂട്ടം പുള്ളിമാനുകളെ മുയൽക്കുട്ടൻ കൂട്ടിക്കൊണ്ടുവന്നു. ആന പേടിപ്പിക്കാതെ തുമ്പിക്കൈ താഴ്ത്തിയിട്ടു വെറുതെ നിന്നു. പിന്നെ കെട്ടിപ്പിടിക്കാൻ കുനിഞ്ഞുകൊണ്ട് പറഞ്ഞു: "ഒരു ജീവിതകാലം പോയി, സ്നേഹം എന്തെന്നറിയാതെ."

ആനയും മാനുകളും കളിക്കുന്നതുകണ്ട് ആടുകളും ചേർന്നു. അപ്പോൾ ചെന്നായയ്ക്കും കൊതിയായി, ഈ സ്നേഹസൗഹൃദത്തിൽ പങ്കുചേരാൻ. അവനും ചെന്നുകൂടി.

അപ്പോൾ ഒരു കടുവ ചെന്ന് സിംഹത്തിനോടു ചോദിച്ചു: "സിംഹമുത്തച്ഛാ, ആനയും മാനുകളും മുയലും ചെന്നായയുംകൂടി കളിക്കുന്നു. നമുക്കും പോയാലോ?"

"വേണ്ട കുട്ടാ," സിംഹം പറഞ്ഞു: "നമ്മളൊക്കെ ഇത്രനാളും അവരെ പിടിച്ചുതിന്നു ഭയപ്പെടുത്തി. ഇനി നമ്മൾ ചെന്നാൽ അവർ ഓടിക്കളയും."

മുയൽക്കുട്ടൻ ഇതുകേട്ട് വിവരം ആനയോടു പറഞ്ഞു. ആന പറഞ്ഞു: "കുഞ്ഞുമുയൽക്കുട്ടാ, ഈ സിംഹം ആളൊരു അലവലാതിയാണെന്നാണ് ഞാൻ വിചാരിച്ചത്. അവന്റെ ഉള്ള് തനിത്തങ്കം തന്നെ."

"പക്ഷേ, സിംഹത്തിനും കടുവയ്ക്കും പുല്ലുമാത്രം തിന്നു ജീവിക്കാൻ സാധിക്കില്ല കൊമ്പൻമാമാ. പശി കുറച്ചു കൂടുതലാണ്."

അപ്പോൾ കാട്ടുപോത്ത് ചെന്നുപറഞ്ഞു: "നമ്മൾ ഏതായാലും വയസ്സായാൽ അങ്ങ് ചത്തുപോകും. ദഹിപ്പിക്കാനോ കുഴിച്ചുമൂടാനോ ആരുമില്ല. അങ്ങനെയാകുമ്പോൾ ഞങ്ങളിൽ വയസ്സായവരെ നിങ്ങൾ ഭക്ഷിച്ചുകൊള്ളിൻ."

കാട്ടുപോത്തിന്റെ ഈ നിർദേശംകേട്ട് സിംഹം പൊട്ടിക്കരഞ്ഞുപോയി: "എന്റെ ദൈവമേ! കാട്ടുപോത്ത് തീരെ നിർദയനും കശ്മലനുമാണെന്നാണല്ലോ ഞാൻ കരുതിയത്. അവന്റെ ഉള്ളിൽ ഇത്ര ത്യാഗം ഇരിക്കുന്നല്ലോ!"

കാട്ടുപോത്ത് പറഞ്ഞു: "ഈ ലോകത്തെ സൃഷ്ടിച്ചിരിക്കുന്നത് അന്യോന്യം ഉതകി ജീവിക്കാനാണ്. ഞങ്ങൾക്കുവേണ്ടി നിങ്ങൾ പട്ടിണിയൊന്നും കിടക്കണ്ട. എന്നായാലും ഒരിക്കൽ മരിക്കണമല്ലോ. അത് നിങ്ങൾക്ക് ഉപകരിച്ചിട്ടായാൽ അത്രയും സന്തോഷം. നിങ്ങൾ ചെയ്യുന്നത് പാപവുമല്ല. ജീവിതം ഒടുങ്ങാൻ ഒരു വഴിവേണം. നിങ്ങളിൽ ആവുന്നവർ അത് ഞങ്ങൾക്ക് ചെയ്തുതരുന്നു എന്നുമാത്രം."

മൃഗങ്ങളുടെ ഈ വർത്തമാനം കേട്ട് ദൈവം പറഞ്ഞു: "എന്റെ കാട്ടിലെ കുഞ്ഞുങ്ങളേ, നിങ്ങൾക്ക് വകതിരിവില്ലെന്ന് ഞാൻ വിചാരിച്ചു. അല്ലെങ്കിൽ ഇത്രയധികം മനുഷ്യരെ ഞാൻ സൃഷ്ടിക്കുകയില്ലായിരുന്നു."

അങ്ങനെ കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമുള്ള എല്ലാ മൃഗങ്ങളുംകൂടി ആ സൗഹൃദത്തടാകത്തിൽനിന്ന് വെള്ളം കുടിച്ചു. അവിടെത്തന്നെ കിടന്നുറങ്ങി. ദൈവത്തിന്റെ അനൽപ്പമായ സ്നേഹംപോലെ നിലാവ് അവരെ തഴുകി.

ഉണ്ണിമായയുടെ ചുണ്ടുകളിലും തളർന്ന ഒരു പുഞ്ചിരി വിരിഞ്ഞു. അവൾ മയിൽപ്പീലിയെ കെട്ടിപ്പിടിച്ചു. പിന്നെ അതേ ചിരിയോടെ ഉറങ്ങിപ്പോയി.

(മയിൽപ്പീലിസ്പർശം) -അഷിത

### വായിക്കാം കണ്ടെത്താം

- "ഒരു ജീവിതകാലം പോയി, സ്നേഹം എന്തെന്നറിയാതെ."
  എന്തുകൊണ്ടായിരിക്കാം ആന ഇങ്ങനെ പറഞ്ഞത്?
- "അവന്റെ ഉള്ളിൽ ഇത്ര ത്യാഗം ഇരിക്കുന്നല്ലോ."
  ആരെക്കുറിച്ചാണ് സിംഹം ഇങ്ങനെ പറഞ്ഞത്?
  അതിനുള്ള കാരണം എന്തായിരിക്കാം?
- "മാമൻ സ്നേഹത്തിന്റെ വലിയൊരു ചുമടാണ്."
  ആരാണീ മാമൻ? കുഞ്ഞുമുയൽ ഇങ്ങനെ പറയാനുള്ള കാരണം എന്താണ്?
- മൃഗങ്ങൾക്ക് മനുഷ്യരേക്കാൾ വകതിരിവുണ്ടെന്ന് ദൈവം തിരിച്ചറിഞ്ഞത് എപ്പോഴാണ്?
- 'സൗഹൃദത്തടാകം' എന്ന് കഥയിൽ പ്രയോഗിച്ചിരിക്കുന്നതിന്റെ ഔചിത്യമെന്ത്?
- ആന സ്നേഹമുള്ള ജീവിയാണ്. എന്തൊക്കെ സൂചനകളാണ് പാഠഭാഗത്ത് കണ്ടെത്താൻ കഴിയുന്നത്?

## പ്രയോഗഭംഗി കണ്ടെത്താം

- "സ്നേഹത്തിന്റെ വലിയൊരു ചുമട്" എന്നത് കഥയിലെ ഭംഗിയുള്ള ഒരു പ്രയോഗമാണ്. സ്നേഹം ചുമടായി മാറുമോ? എന്തുകൊണ്ടായിരിക്കാം കഥാകാരി ഇങ്ങനെ പറയുന്നത്?
- കഥയിലെ മറ്റുചില പ്രയോഗങ്ങൾ നോക്കൂ.
  - ⁎ മയിൽപ്പീലിക്കണ്ണിൽനിന്ന് കരുണാകുലമായ ഒരു നോട്ടം നീണ്ടുവന്ന് അവളെ തൊട്ടു.
  - ⁎ എന്റെ സ്നേഹം അരുവിയിലെ വെള്ളം പോലെയാണെങ്കിൽ പുള്ളിമാനിന്റെ സ്നേഹം തേൻതുള്ളിപോലെയാണ്.
  - ⁎ ദൈവത്തിന്റെ അനൽപ്പമായ സ്നേഹംപോലെ നിലാവ് അവരെ തഴുകി.

  ഈ വാക്യങ്ങളുടെ അർഥഭംഗികളെക്കുറിച്ച് കൂടുതൽ ആലോചിക്കൂ.
  എന്തൊക്കെ ആശയങ്ങളാണ് തെളിഞ്ഞുവരുന്നത്?

## ശീർഷകം ഉചിതമോ?


- 'മയിൽപ്പീലിസ്പർശം' എന്നാണല്ലോ ഈ കഥയുടെ പേര്. കഥാകാരി എന്തുകൊണ്ടായിരിക്കണം ഇങ്ങനെയൊരു ശീർഷകം കഥയക്ക് നൽകിയത്? നിങ്ങളുടെ ചിന്തകൾ പങ്കുവയ്ക്കൂ.

## കാടും നാടും

- കാടിനെക്കുറിച്ചും മൃഗങ്ങളെക്കുറിച്ചും മാത്രമല്ല ഈ കഥ, നാടിനെക്കുറിച്ചും മനുഷ്യരെക്കുറിച്ചും കൂടിയാണ്.

  നിങ്ങളുടെ അഭിപ്രായം എന്താണ്?
  ചർച്ചചെയ്ത് കുറിപ്പ് തയാറാക്കൂ.

# വെള്ളിലവള്ളി



കമ്മലിനൊക്കും പൂവുകൾ, ചാരേ
നിർമ്മലവെള്ളപ്പട്ടിലകൾ,
ചില്ലകൾതോറും നൂറുകണക്കിനു
നല്ല പതുത്തൊരു പച്ചിലകൾ,
വെള്ളിലവള്ളിയിതെല്ലാം ചാർത്തി-
ത്തുള്ളിരസിച്ചു തിമിർക്കുമ്പോൾ
ഉള്ളിലസൂയപ്പെട്ടൂ വാടി-
ക്കുള്ളിലനേകം പൂച്ചെടികൾ

മന്ദമണഞ്ഞൂ വനികയിലേയ്ക്കൊരു
സുന്ദരിയാം ചെറുപൂമ്പാറ്റ,
ചേതോഹരമായ് വായുവിൽ നീന്തിടു-
മേതോ ദേവതയെന്നോണം,
മന്നിതിലേക്കു വിരുന്നുവരുന്നൊരു
മഴവില്ലിന്മകളെന്നോണം
'വരികെ'ന്നവളെ വിളിച്ചൂ, വീശും
ചെറുചില്ലകളാൽ പൂച്ചെടികൾ.

അവളോ, വെള്ളിലവള്ളിയിലത്രേ
അതിലോലം ചെറുകാലൂന്നി.
പുളകം പൂണ്ടു വെള്ളിലവല്ലരി:
"പുണ്യത്താലിതു കൈവന്നൂ"
പവിഴച്ചുണ്ടിൽ ചുംബിച്ചൂട്ടീ -
യവളെത്തേനും പൂംപൊടിയും
വെള്ളിലവള്ളിക്കെത്ര കൊടുക്കിലു-
മുള്ളിൽ തൃപ്തി വരുന്നീല.

മരതകവർണപ്പച്ചിലതോറും
പരതീ പിന്നെപ്പൂമ്പാറ്റ.
മുത്തുകൾപോലിലകൾക്കിടയിൽ ചെറു-
മുട്ടകളിട്ടൂ പൂമ്പാറ്റ.
ആയിലകൾക്കടിഭാഗം മുട്ടക-
ളായിരമായിരമായപ്പോൾ
ചിറകു വിരുത്തി 'റ്റാറ്റാ' കാട്ടി
ചിക്കെന്നവൾ പോയ് മറവായീ.

(മകരക്കൊയ്ത്ത്) - വൈലോപ്പിള്ളി ശ്രീധരമേനോൻ

## കണ്ടെത്താം എഴുതാം

- വെള്ളിലവള്ളിയുടെ മനോഹാരിത എങ്ങനെയാണ് കവിതയിൽ വർണിച്ചിരിക്കുന്നത്?
- സുന്ദരിയായ പൂമ്പാറ്റയെ വർണിക്കാൻ കവി ഉപയോഗിച്ച വിശേഷണങ്ങൾ എന്തെല്ലാമാണ്? എഴുതൂ.
- മറ്റു ചെടികൾക്ക് വെള്ളിലവള്ളിയോട് അസൂയ തോന്നിയത് എന്തെല്ലാം കാരണങ്ങളാലാവാം?
- 'പുണ്യത്താലിതു കൈവന്നു' എന്നു വെള്ളിലവള്ളി കരുതാൻ കാരണമെന്തായിരിക്കും?

കവിതയ്ക്ക് ഈണം നൽകി ചൊല്ലി അവതരിപ്പിക്കൂ.

- വെള്ളിലവള്ളി എന്നാൽ വെള്ളിലകളുള്ള വള്ളി

  ∗ പച്ചിലകൾ : ..........................................................
  ∗ പവിഴച്ചുണ്ട് : ..........................................................
  ∗ പൂമ്പൊടി : ..........................................................

കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തൂ.

## പ്രയോഗങ്ങൾ കണ്ടെത്താം

- മഴവില്ലിൻ മകളെന്നോണം - മഴവില്ലിന്റെ മകളെപ്പോലെ
  ദേവതയെന്നോണം - ദേവതയെപ്പോലെ

ഇത്തരം കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തൂ.

ഈ കവിതയിലെ ആശയങ്ങൾ ചിത്രങ്ങളായി ആവിഷ്കരിക്കാമോ?

## അഭിനയിക്കാം

- പൂന്തോട്ടത്തിലെ പൂവുകളും ഇലകളും നിങ്ങളാണെന്ന് കരുതൂ. അവിടെ നടക്കുന്ന സംഭവങ്ങൾ അഭിനയിക്കൂ.

"മുത്തുകൾ പോലിലകൾക്കിടയിൽ ചെറു-
മുട്ടകളിട്ടൂ പൂമ്പാറ്റ
ആയിലകൾക്കടിഭാഗം മുട്ടക-
ളായിരമായിരമായപ്പോൾ
ചിറകുവിരുത്തി 'റ്റാറ്റാ' കാട്ടി
ചിക്കെന്നവൾ പോയ് മറവായി."

-ഏറെക്കാലം കഴിഞ്ഞ് പൂമ്പാറ്റ തിരിച്ചു വന്നപ്പോൾ ഉണ്ടായ അനുഭവങ്ങൾ എന്തായിരിക്കും? എഴുതിനോക്കൂ.

## സംഭാഷണം എഴുതാം

- വെള്ളിലവള്ളിയിൽ പൂമ്പാറ്റ വന്നിരുന്നപ്പോൾ രണ്ടു പേർക്കും വളരെയധികം സന്തോഷം തോന്നി. അവർ തമ്മിൽ അപ്പോൾ നടന്നിരിക്കാനിടയുള്ള സംഭാഷണം എന്തായിരിക്കും? ഊഹിച്ച് എഴുതിനോക്കൂ.

'വെള്ളിലവള്ളി' എന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കൂ.


# പ്രകൃതിപാഠം



നമ്മൾ ഒരുമിച്ചിരിക്കുമ്പോൾ നീ പലപ്പോഴും എന്നോട് പല സംഗതിക ളെപ്പറ്റിയും ചോദിക്കാറുണ്ടല്ലോ. ഞാൻ അവയ്ക്ക് സമാധാനം പറയു വാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. ഇപ്പോൾ നീ മസ്സൂറിയിലും ഞാൻ അലഹബാദിലും ആയതുകൊണ്ട് നമുക്ക് അങ്ങനെയുള്ള സംഭാഷണ ത്തിന് സൗകര്യമില്ല. അതുകൊണ്ട് ഈ ഭൂമിയുടെയും അതിന്റെ വിഭാഗ ങ്ങളായ ചെറുതും വലുതുമായ അനേകം രാജ്യങ്ങളുടെയും ചരിത്രം ചെറിയ ഉപന്യാസങ്ങളായി നിനക്ക് എഴുതി അയയ്ക്കാമെന്ന് ഞാൻ വിചാരിക്കുന്നു. ഇംഗ്ലണ്ടിന്റെയും ഇന്ത്യയുടെയും ചരിത്രം കുറച്ചെല്ലാം നീ വായിച്ചിട്ടുണ്ടല്ലോ. ഇംഗ്ലണ്ട് ഒരു ചെറിയ ദ്വീപ് മാത്രമാണ്. ഇന്ത്യ ഒരു വലിയ രാജ്യമാകുന്നു. എന്നാൽ അത് ഭൂമിയുടെ ഉപരിഭാഗത്ത് ഒരു ചെറിയ ഭാഗം മാത്രമാകുന്നു. നാം ജീവിക്കുന്ന ഈ ലോകത്തിന്റെ ചരിത്രം കുറേയെങ്കിലും അറിയണമെങ്കിൽ അതിലുള്ള എല്ലാ രാജ്യ ങ്ങളെപ്പറ്റിയും ചിന്തിക്കേണ്ടിവരും. അല്ലാതെ നാം ജനിച്ചുവളർന്ന ഒരു ചെറിയ രാജ്യത്തെപ്പറ്റി മാത്രം ആലോചിച്ചാൽ മതിയാവില്ല.

എന്റെ ഈ കത്തുകളിലൂടെ വളരെയധികം സംഗതികൾ നിന്നെ ധരിപ്പിക്കാൻ സാധിക്കുമോ എന്ന് ഞാൻ സംശയിക്കുന്നു. എന്നാൽ ഈ ചുരുങ്ങിയ വിവരങ്ങൾ നിനക്ക് രസകരമായിരിക്കുമെന്നും ലോകം മുഴുവൻ വാസ്തവത്തിൽ ഒന്നാണെന്നും അതിലെ നിവാസികൾ നമ്മുടെ സഹോദരങ്ങളാണെന്നും മനസ്സിലാക്കുവാൻ അതു മതിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു. വലുതാകുമ്പോൾ നീ ഭൂമിയെപ്പറ്റിയും അതിൽ പാർക്കുന്നവരെപ്പറ്റിയും വലിയ പുസ്തകങ്ങൾ വായിക്കും. അത് നീ വായിച്ചിരിക്കുവാനിടയുള്ള മറ്റ് ഏത് കഥയേക്കാളും നോവലിനേക്കാളും അധികം രസകരമായിരിക്കും.

ചരിത്രം അറിയുവാനുള്ള ശരിയായ വഴി അതിനെപ്പറ്റി വല്ലവരും എഴുതിയിട്ടുള്ള പുസ്തകങ്ങൾ വായിക്കുക അല്ല, പ്രകൃതിയാകുന്ന പുസ്തകത്തിൽനിന്ന് നേരിട്ട് പഠിക്കുകയാണ്. ശിലകളിൽനിന്നും മലകളിൽനിന്നും ഭൂമിയുടെ ആദിമകഥ നീ വേഗത്തിൽ പഠിച്ചുതുടങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഹാ! അതെത്ര മനോഹരമായിരിക്കുമെന്ന് ആലോചിച്ചു നോക്കുക!



നിലത്തിലും മലഞ്ചരിവുകളിലും നീ കാണുന്ന ഓരോ കല്ലും പ്രകൃതിഗ്രന്ഥത്തിലെ ഓരോ ചെറിയ ഏടുകളായിരി ക്കാൻ മതി. അത് വായിക്കുവാൻ നിനക്കറിയാമെങ്കിൽ അതിൽനിന്ന് ചില സംഗതികൾ ഗ്രഹിക്കുവാനും സാധിച്ചേക്കും. ഹിന്ദി, ഉർദു, ഇംഗ്ലീഷ് - ഇങ്ങനെയുള്ള ഏതു ഭാഷയും വായിക്കാറാകണമെങ്കിൽ ആ ഭാഷയിലെ അക്ഷരമാല ആദ്യമായി പഠിക്കണം.

അതുപോലെതന്നെ കല്ലുകളും പാറകളുമാകുന്ന ഗ്രന്ഥങ്ങളിൽനിന്ന് പ്രകൃതി ചരിത്രം വായിക്കണമെങ്കിൽ പ്രകൃതിഭാഷയിലെ അക്ഷരമാല പഠിക്കണം.

ഈ പ്രകൃതിഭാഷ അൽപ്പാൽപ്പം വായിക്കുവാൻ നിനക്ക് ഒരുപക്ഷേ, ഇപ്പോൾത്തന്നെ അറിയാം. ഉരുണ്ടതും മിനുമിനുത്തതുമായ ഒരു ചെറിയ ഉരുളൻകല്ല് സൂക്ഷിച്ചു നോക്കുമ്പോൾ അത് നിന്നോട് ചിലതെല്ലാം പറയുന്നില്ലേ? മുനയും മൂലയുമില്ലാതെ അത് ഉരുണ്ടു മിനുത്തു മിന്നുന്ന കല്ലായിത്തീർന്നതെങ്ങനെ? ഒരു വലിയ കല്ല് ചെറുകഷണങ്ങളാക്കി പൊട്ടിച്ചാൽ അതിന്റെ ഓരോ കഷണവും പരുപരുത്തതും മുനയും മൂലയുമുള്ളതുമായിരിക്കും. അത് ഒരിക്കലും ഉരുണ്ടുമിനുത്ത കല്ലായിരിക്കില്ല. ആ കല്ല് ഇങ്ങനെ ഉരുണ്ടുമിനുത്ത് മിന്നുന്നതായിത്തീർന്നത് എങ്ങനെയാണ്? നോക്കിക്കാണുവാൻ കണ്ണും കേൾക്കുവാൻ ചെവിയും നിനക്കുണ്ടെങ്കിൽ ആ കല്ല് അതിന്റെ കഥ നിന്നോടു പറയും.

പണ്ടുപണ്ട്, വളരെക്കാലം മുമ്പ് ഒരു വലിയ പാറയിൽനിന്നോ ഒരു വലിയ കല്ലിൽനിന്നോ പൊട്ടിച്ചെടുക്കപ്പെട്ട ചെറുകഷണംപോലെ, വളരെ മുനകളും മൂലകളുമുള്ള ഒരു കൽക്കഷണമായിരുന്നു എന്ന് അത് നിന്നോടു പറയും. അത് ഏതോ മലഞ്ചരിവിൽ കിടന്നിരുന്നതാവാം. അവിടെ മഴപെയ്ത് ആ വെള്ളത്തിൽ അത് താഴ്‌വരയിലേക്ക് ഒലിച്ചു പോന്നു. പിന്നെ ഒരു മലയരുവിയിലൂടെ ഒലിച്ചൊലിച്ച് ഒരു ചെറിയ നദിയിൽ ചാടി. ചെറിയ നദി അതിനെ ഒരു വലിയ നദിയിലെത്തിച്ചു. ഈ കാലത്തെല്ലാം അത് നദിയുടെ അടിയിലൂടെ ഉരുളുകയായിരുന്നു. അങ്ങനെ അതിന്റെ മുനകൾ തേഞ്ഞുപോവുകയും പരുപരുത്ത പുറം മിനുസവും മിന്നിച്ചയും ഉള്ളതാവുകയും ചെയ്തു. ഇപ്രകാരമാണ് പരുപരുത്ത പാറക്കഷണം നീ കാണുന്ന വിധത്തിലായത്. നദി എങ്ങനെയോ ഇട്ടേച്ചുപോയ കല്ലാണ് നീ കണ്ടത്. നദിയിൽത്തന്നെ ഒലിച്ചുപൊയ്ക്കൊണ്ടിരുന്നെങ്കിൽ അത് ചെറുതായി ചെറുതായി ഒടുവിൽ ഒരു മണൽത്തരിയായിത്തീരുകയും കടൽക്കരയിലെ സഹോദരങ്ങളോടൊത്ത്, കൊച്ചുകുട്ടികൾ കളിക്കുവാനും മണൽമാളിക പണിയുവാനും ഉപയോഗിക്കുന്ന മണൽപ്പുറമായിത്തീരുകയും ചെയ്യുമായിരുന്നു.

ഒരു ചെറിയ കൽക്കഷണത്തിന് ഇത്രയെല്ലാം പറയുവാൻ കഴിയുന്ന സ്ഥിതിക്ക്, പാറകളിൽനിന്നും പർവതങ്ങളിൽനിന്നും നാം കാണുന്ന മറ്റനേകം വസ്തുക്കളിൽനിന്നുമെല്ലാം നമുക്ക് എത്രയധികം സംഗതികൾ ഗ്രഹിക്കുവാൻ കഴിയും!

(ഒരച്ഛൻ മകൾക്കയച്ച കത്തുകൾ) -ജവഹർലാൽ നെഹ്റു

## വായിക്കാം കണ്ടെത്താം

- ജവഹർലാൽ നെഹ്റു മകൾക്ക് കത്തെഴുതാനുള്ള സാഹചര്യം കണ്ടെത്തി എഴുതൂ.
- തന്റെ കത്തുകളിലൂടെ എന്തെല്ലാം പകർന്നു നൽകാനാണ് അച്ഛൻ ആഗ്രഹിക്കുന്നത്?
- നമുക്ക് പ്രകൃതിയിൽനിന്ന് ധാരാളം കാര്യങ്ങൾ ഗ്രഹിക്കാൻ സാധിക്കും എന്നതിന് തെളിവായി നെഹ്റു ചൂണ്ടിക്കാണിക്കുന്നത് എന്തെല്ലാം?
- "ഓരോ കല്ലും പ്രകൃതിഗ്രന്ഥത്തിലെ ഓരോ ഏടാണ്" എന്ന് പറയുന്നത് എന്തുകൊണ്ടാണ്?

## പ്രസംഗം തയാറാക്കാം

- ജവഹർലാൽ നെഹ്റു മകൾക്ക് നൽകുന്ന ചില ഉപദേശങ്ങൾ ശ്രദ്ധിക്കൂ.
  - ✳ "നാം ജീവിക്കുന്ന ഈ ലോകത്തിന്റെ ചരിത്രം കുറേയെങ്കിലും അറിയണമെങ്കിൽ അതിലുള്ള എല്ലാ രാജ്യങ്ങളെപ്പറ്റിയും ചിന്തിക്കേണ്ടി വരും."
  - ✳ "ലോകം മുഴുവൻ വാസ്തവത്തിൽ ഒന്നാണ്. അതിലെ നിവാസികൾ നമ്മുടെ സഹോദരങ്ങളാണ്."

  ഈ ആശയങ്ങൾ വികസിപ്പിച്ച് പ്രസംഗം തയാറാക്കൂ.

## ഉചിതമായ ചിഹ്നം ചേർത്തെഴുതാം

- ഹാ അതെത്ര മനോഹരമായിരിക്കും എന്നാലോചിച്ചു നോക്കുക എന്തു ഭംഗിയാണാ പൂവിന് ആ പൂവ് പൊട്ടിച്ചു കളഞ്ഞല്ലോ കഷ്ടം ആരാണിതു ചെയ്തത്

ഒലിച്ചൊലിച്ച് എന്നത് ഒലിക്കുന്നതിന്റെ തുടർച്ചയെ കാണിക്കുന്നു. സമാനപദങ്ങൾ കണ്ടെത്തൂ.

"ആയിരക്കണക്കിന് മൈലുകൾ സഞ്ചരിച്ചാവാം കല്ല് ഇന്നത്തെ അവസ്ഥയിൽ എത്തിയത്. ധാരാളം കാഴ്ചകളും അനുഭവങ്ങളും കല്ലിനുണ്ടാവാം." കല്ല് സ്വന്തം കഥ പറയുന്നത് എങ്ങനെയാവാം? എഴുതിനോക്കൂ.

ഉരുളുക, ആയിരുന്നു എന്നീ രണ്ട് പദങ്ങൾ ചേരുമ്പോൾ 'ഉരുളുകയായിരുന്നു' എന്ന ഒറ്റപ്പദം ഉണ്ടാവുന്നു.

ഇതുപോലെ ഏതെല്ലാം പദങ്ങൾ ചേർന്നാണ് മൂലയുമില്ലാതെ, പൊട്ടിച്ചെടുത്ത എന്നീ പദങ്ങൾ ഉണ്ടായത്?

## ഞാൻ എന്നെക്കുറിച്ച്

'വെള്ളിലവള്ളി' എന്ന കവിത ചൊല്ലിയവതരിപ്പിച്ചത് ഇനിയും മെച്ചപ്പെടുത്താൻ ഞാൻ ചെയ്യേണ്ടത്

*
*
*

'വെള്ളിലവള്ളി' എന്ന കവിതയുമായി ബന്ധപ്പെട്ട് ഞാനെഴുതിയ സംഭാഷണത്തിലെ മികവുകൾ

*
*
*

'കല്ലിന്റെ കഥ' എന്ന രചന മെച്ചപ്പെടുത്താൻ ചെയ്യേണ്ടത്

*
*
*
*

'പ്രകൃതിഗ്രന്ഥം' എന്ന പാഠഭാഗം വായിച്ചപ്പോൾ
മെച്ചപ്പെടുത്താൻ ലഭിച്ച നിർദേശങ്ങൾ

- 
- 
- 
- 

പ്രസംഗം മെച്ചപ്പെടുത്താൻ ഞാൻ ചെയ്യേണ്ടത്

- 
- 
- 
- 



## പദപരിചയം

യാമം - ഏഴരനാഴിക (മൂന്നു മണിക്കൂർ) കൂടിയ സമയം
നെറുക - തലയുടെ മധ്യം, ഉച്ചി
കരുണ - ദയ
കശ്മലൻ - നിന്ദ്യൻ
ഉതകുക - ഉപകരിക്കുക
നിർമ്മലം - പരിശുദ്ധമായത്
തിമിർക്കുക - സന്തോഷംകൊണ്ട് ചാടിക്കളിക്കുക
മന്ദമണഞ്ഞു - മെല്ലെ വന്നു
ചേതോഹരം - മനസ്സിനെ അപഹരിക്കുന്നത്, സൗന്ദര്യമുള്ളത്
അതിലോലം - വളരെ മൃദുവായത്
പുളകം - രോമാഞ്ചം
മരതകം - പച്ചനിറത്തിലുള്ള രത്നം, നവരത്നങ്ങളിൽ ഒന്ന്
ചിക്കെന്ന് - പെട്ടെന്ന്
വാടി - ഉദ്യാനം
വനിക - ഉദ്യാനം
മന്ന് - ഭൂമി

# 5
# തനിമയുടെ പൊലിമ



- കനകംമൂലം കാമിനിമൂലം കലഹം പലവിധമുലകിൽ സുലഭം
- മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം
- ഗതികെട്ടാൽ പുലി പുല്ലും തിന്നും
- കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിന് കുന്നിൻമീതെ പറക്കാൻ മോഹം

പഴഞ്ചൊല്ലുകളോളം പ്രചാരം ലഭിച്ചിട്ടുള്ള ഈ വരികളിലെ ആശയം ചർച്ചചെയ്യൂ.

# രസഗുളികകൾ



'പഴയമൊഴി'കളാണ് പഴഞ്ചൊല്ലുകൾ. തമിഴ്ഭാഷയിൽ 'മുതുമൊഴികൾ' എന്നാണ് പറയാറുള്ളത്. ജനങ്ങൾ പറഞ്ഞു പറഞ്ഞ് പ്രചരിച്ചിട്ടുള്ള വാമൊഴിരൂപങ്ങളാണവ. ഭാഷാപരവും ബുദ്ധിപരവുമായ വളർച്ചയിൽ സ്വാധീനം ചെലുത്താൻ പഴഞ്ചൊല്ലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. അനുഭവജ്ഞാനവും ജീവിതപരിചയവും അവയിൽ പകർന്നിരിക്കും. വിജ്ഞാനപ്രദമായ ലഘുവാക്യങ്ങളാണവ.

നിത്യസംഭാഷണവേളയിലാണ് പഴഞ്ചൊല്ലുകളുടെ പ്രയോഗം കൂടുതലായും കാണുന്നത്. അത്തരം സന്ദർഭങ്ങളിൽ ഒരു ദൃഷ്ടാന്തം എന്ന നിലയിൽ അവ പ്രവർത്തിക്കും. 'പുകഞ്ഞകൊള്ളി പുറത്ത് ' എന്ന പഴഞ്ചൊല്ല് നോക്കുക. ഒരു കുടുംബത്തിന്റെ പൊതുവായ ക്ഷേമത്തിന് എല്ലാവരും പ്രവർത്തിക്കുമ്പോൾ, അതിനു വിപരീതമായി ഒരു വ്യക്തി പ്രവർത്തിക്കുകയാണെങ്കിൽ, ആ വ്യക്തിയെപ്പറ്റി ഈ പഴമൊഴി പ്രയോഗിക്കാം. ആ സന്ദർഭത്തിൽ അതിന് അർഥം പ്രകാശിപ്പിക്കാൻ എത്രമാത്രം ശക്തിയുണ്ടെന്ന് അനുഭവംകൊണ്ടു മാത്രമേ അറിയാൻ കഴിയുകയുള്ളൂ.

ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടവയാണ് പഴഞ്ചൊല്ലുകൾക്കുള്ള വിഷയങ്ങൾ. തൊഴിൽ, കാർഷികവൃത്തി, ഗൃഹജീവിതം, വൈദ്യം, പ്രകൃതി തുടങ്ങിയവയുമായി ബന്ധപ്പെടുന്ന വിഷയങ്ങൾക്ക് പഴമൊഴികളുമായി ബന്ധം കാണാം. കൃഷിയും നായാട്ടും പഴയകാലംതൊട്ടേ ജീവിതബന്ധമുള്ളവയാണ്.

"മുളയിലറിയാം വിള"

"നിലമറിഞ്ഞ് വിത്തിടണം"

"വിള പുറത്തിട്ട് വേലി കെട്ടരുത്"

എന്നിവ കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകളാണ്. ഇത്തരം മൊഴികളിൽ വ്യംഗ്യമായൊരർഥം ഉണ്ടാകും. സംഭാഷണവേളയിൽ ആ അർഥത്തിനാണ് പ്രാധാന്യം. "വിള പുറത്തിട്ട് വേലി കെട്ടരുത്" എന്ന പഴമൊഴി 'പ്രധാനപ്പെട്ടതിനെ പുറന്തള്ളരുത്' എന്ന അർഥത്തിലാണ് പ്രയോഗിക്കാറുള്ളത്.

"വേവുവോളം നിന്നാൽ
തണിയുവോളം നിൽക്കണം"

"ചട്ടുകമെന്ത് സ്വാദറിഞ്ഞു"

എന്നിവ ഗൃഹസംബന്ധമായ വിഷയങ്ങളെ മുൻനിർത്തി ഉണ്ടായിട്ടുള്ള വയാണ്.

ഐക്യം, ക്ഷമ, സ്ഥിരത തുടങ്ങിയവയെ സംബന്ധിച്ച പഴമൊഴി കളിൽ ചിലതാണ് "പലതുള്ളിപ്പെരുവെള്ളം", "മെല്ലെത്തിന്നാൽ മുള്ളും തിന്നാം", "പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല" എന്നിവ.

ദുർമോഹം, അതിസാമർഥ്യം, കൂറുമാറ്റം, ചതി തുടങ്ങിയ ദോഷങ്ങളെ വെളിപ്പെടുത്തുന്ന പഴമൊഴികളുണ്ട്. ''കാക്കയുടെ വായിലേ അട്ട ചാവൂ'' എന്ന മൊഴിയിൽ അതിസാമർഥ്യമുള്ളവർ ഒടുവിൽ അപകടത്തിലാണ് പെടുക എന്ന ആശയമാണ് പ്രകാശിപ്പിക്കുന്നത്.



“തന്നത്താനറിഞ്ഞില്ലെങ്കിൽ പിന്നെത്താൻ അറിയും”, “കണ്ടാൽ നല്ലത് തിന്നാനാകാ”,“അടുത്തവരെ കെടുത്തരുത്”, “വടി കൊടുത്ത് അടി വാങ്ങരുത്”, “കണ്ടു നിറഞ്ഞവനോട് കടം കൊള്ളണം” എന്നിങ്ങനെ ഉപദേശമോ അനുശാസനമോ തത്ത്വങ്ങളോ അടങ്ങുന്ന ലഘുവാക്യങ്ങൾ പഴഞ്ചൊല്ലിന്റെ രൂപത്തിൽ കാണാറുണ്ട്.

ശൈലികളുമായി പഴഞ്ചൊല്ലുകൾക്ക് അടുപ്പം കാണാം. പ്രകടമായ അർഥത്തേക്കാൾ വ്യംഗ്യമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന വാചകങ്ങളാണ് ശൈലികൾ. പഴഞ്ചൊല്ലുകൾക്കും ഈ സവിശേഷത കാണാം. സാഹിത്യലോകത്തിൽ കടന്നുചെല്ലാത്ത എത്രയോ നാടൻശൈലികളുണ്ട്. “ഉണ്ട ചോറിൽ മണ്ണിടുക”, “കുളിച്ച കടവ് മറക്കുക” തുടങ്ങിയവ ശൈലികളായും ചെറിയ മാറ്റം വരുത്തി പഴഞ്ചൊല്ലുകളായും പ്രയോഗിക്കാറുണ്ട്.

‘‘കുരങ്ങു ചത്ത കുറവനെപ്പോലെ,’’ ‘‘അണ്ടി കളഞ്ഞ അണ്ണാനെപ്പോലെ”, “കടന്നൽക്കൂട്ടിൽ കല്ലിട്ടപോലെ” എന്നിങ്ങനെ അനേകം ശൈലീമൊഴികൾ നിത്യഭാഷണങ്ങളിൽ പ്രകടമാകാതിരിക്കയില്ല. പഴഞ്ചൊല്ലുകൾ പ്രയോഗിക്കുന്നതുപോലെ തന്നെയാണ് ഇവയും പ്രയോഗിക്കുന്നത്.

ഭാവിയിലേക്ക് കരുതിവയ്ക്കണമെന്നു കരുതുന്നവ താളബദ്ധമാക്കുകയെന്നത് മനുഷ്യസ്വഭാവമാണ്. മിക്ക പഴഞ്ചൊല്ലുകൾക്കും ഈ പ്രത്യേകത കാണാം. കവിതയുടെ പ്രാരംഭകാലത്തെയാണ് അവ സൂചിപ്പിക്കുന്നത്. മലയാളത്തിലെ പഴഞ്ചൊല്ലുകൾ കൊച്ചുകവിതകളുടെ രൂപഭംഗിയും അർഥപുഷ്ടിയും ഉള്ളവയാണ്. ലോകസ്വഭാവം മിതവും സാരവുമായി വെളിപ്പെടുത്താൻ അവയ്ക്കു കഴിയുന്നു.

“അന്നവിചാരം മുന്നവിചാരം”, “ഞാറുറച്ചാൽ ചോറുറച്ചു”, “അരചൻ വീണാൽ പടയില്ല” എന്നിങ്ങനെ താളവും ഈണവും ഒത്തിണങ്ങിയ മൊഴികൾ പഴഞ്ചൊല്ലുകളിൽ കാണാൻ കഴിയും.

“വിത്താഴം ചെന്നാൽ പത്തായം നിറയും,” “ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും,” “ഏറിപ്പോയാൽ കോരിപ്പോകും” എന്നിങ്ങനെ ഈരണ്ട് ഖണ്ഡങ്ങൾ അടങ്ങുന്ന പഴമൊഴികളുമുണ്ട്.

"തോണി കടന്നാൽ തുഴ വേണ്ട," "അഹങ്കരിച്ചാൽ മുഖം കറുക്കും," "സമ്പത്തുകാലത്ത് തൈപത്തുവെച്ചാൽ ആപത്തുകാലത്ത് കാപത്തു തിന്നാം," "ചക്ക്യോളം ചോദിച്ചാൽ ചുക്കോളം കിട്ടും" എന്നിങ്ങനെ വിവിധ ചൊൽവടിവുകൾ ഉൾക്കൊള്ളുന്ന പഴഞ്ചൊല്ലുകൾ നമ്മുടെ ഭാഷയിൽ കുറവല്ല.

പഴഞ്ചൊല്ലുകൾ ഭാഷയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടായവയാണ്. നിത്യജീവിതവുമായി ബന്ധപ്പെട്ട ആ മൊഴികൾ വാമൊഴിരൂപത്തിൽ നിലനിൽക്കുന്നവയായതിനാൽ പദസംബന്ധമായ മാറ്റങ്ങൾ അവയിൽ സംഭവിക്കുക സ്വാഭാവികമാണ്. ഭാഷയുടെയും സംസ്കാരത്തിന്റെയും വിവിധ തലങ്ങളെ സ്പർശിക്കുന്നവയാണ് പഴഞ്ചൊല്ലുകൾ. പ്രാദേശികത്തനിമ അവയുടെ ഒരു പ്രത്യേകതയാണ്.

നിത്യജീവിതത്തിൽ പഴമൊഴികളുടെ പ്രയോഗം കുറഞ്ഞുവരുകയാണ്. അതുകൊണ്ടുതന്നെ അവ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ആ 'സാഹിത്യഗുളിക'കളെ യഥാർഥരൂപത്തിൽ സമാഹരിച്ച് സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

(പഴഞ്ചൊൽസാഹിത്യം) ഡോ. എം.വി. വിഷ്ണുനമ്പൂതിരി

## വായിക്കാം കണ്ടെത്താം

- പഴഞ്ചൊല്ലുകളുടെ സവിശേഷതകൾ എന്തെല്ലാം? കണ്ടെത്തി എഴുതുക.
- പഴഞ്ചൊല്ലുകളും ശൈലികളും തമ്മിലുള്ള സമാനതകൾ എന്തൊക്കെ?
- പഴഞ്ചൊല്ലുകൾ സമാഹരിച്ച് സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നു പറയുന്നതെന്തുകൊണ്ട്?

## വ്യാഖ്യാനിക്കാം

പാഠഭാഗത്തെ പഴഞ്ചൊല്ലുകൾ ചെറുസംഘങ്ങളായിത്തിരിഞ്ഞ് വ്യാഖ്യാനിക്കുക.

### കണ്ടെത്തി തരംതിരിക്കാം

പഴഞ്ചൊല്ലുകൾ ശേഖരിച്ച് വിഷയാടിസ്ഥാനത്തിൽ തരംതിരിച്ച് പതിപ്പാക്കൂ.

### ഈ കവിത വായിക്കൂ

"തോളിലിരുന്നു ചെവിതിന്നുവോരേ
നേരെ വന്നാൽ നിങ്ങൾ നിസ്സഹായർ
പൂവമ്പഴത്താൽക്കഴുത്തറുപ്പോരേ
വാളുതന്നാൽ നിങ്ങൾ നിസ്സഹായർ
വീണമരത്തിന്മേൽക്കേറീടുന്നോരേ
തളപ്പു തന്നാൽ നിങ്ങൾ നിസ്സഹായർ
നനയാതെ മീൻപിടിച്ചീടുവോരേ
വഞ്ചിതന്നാൽ നിങ്ങൾ നിസ്സഹായർ!"

(നിസ്സഹായർ) — പുലാക്കാട്ട് രവീന്ദ്രൻ

കാവ്യഭാഗത്തെ പഴഞ്ചൊല്ലുകൾ കണ്ടെത്തി വ്യാഖ്യാനിക്കുക.

കാവ്യഭാഗത്ത് പരാമർശിക്കപ്പെടുന്നവരെല്ലാം നിസ്സഹായരാണ്. കാരണങ്ങൾ കണ്ടെത്തി എഴുതുക.

### പഴഞ്ചൊൽ കേളി

പഴഞ്ചൊല്ലുകളെ അടിസ്ഥാനമാക്കി കളികൾ ആസൂത്രണം ചെയ്യൂ. ഒരുദാഹരണം നോക്കൂ.

- ഒരു സംഘം ഒരു പഴഞ്ചൊല്ല് ഉൾക്കൊള്ളുന്ന ആശയസൂചന നൽകുന്നു. മറ്റൊരു സംഘം ആ പഴഞ്ചൊല്ല് കണ്ടെത്തണം.

# കീരീ കീരീ കിണ്ണം താ




കേരളത്തിന്റെ വാമൊഴിചരിത്രത്തിൽ കുഞ്ഞുങ്ങളെ കുടുക്കിയ ധാരാളം പാട്ടുകളുണ്ട്. ഇവയിൽ പലതും കുഞ്ഞുങ്ങൾതന്നെ ഉണ്ടാക്കിയവ യുമാണ്.

''കീരീ കീരീ കിണ്ണം താ'' എന്ന പാട്ട് വീടിന്റെ അവസ്ഥകൾ അറിയാവുന്ന ഏതെങ്കിലും കുഞ്ഞുമനസ്സിൽ പിറന്നതാകാനാണ് വഴി. കീരിയോട് കുഞ്ഞുങ്ങൾ ആവശ്യപ്പെടുന്നത് "കീരീ കീരീ കിണ്ണം താ" എന്നു മാത്രമല്ല, "കിണ്ണത്തിലിട്ട് കിലുക്കിത്താ" എന്നുകൂടിയാണ്. വെറും കിണ്ണം വേണ്ട എന്നർഥം. "കല്ലും നെല്ലും പോക്കിത്താ" എന്നും "നല്ലരി വച്ചു വിളമ്പിത്താ" എന്നും കുഞ്ഞുങ്ങൾ പാടുന്നുണ്ട്. കല്ലും നെല്ലും നിറഞ്ഞ കല്ലരി വീട്ടിലുള്ള അനുഭവം മനസ്സിലുള്ള കുഞ്ഞുങ്ങളിൽ നിന്നാണ് കീരിയോട് ഇങ്ങനെയൊരു അഭ്യർഥന നാമ്പിടുന്നത്. കുട്ടിക്കവിതയിലാണെങ്കിലും അനുഭവത്തിന്റെ ചൂടുള്ളപ്പോഴാണ് അത് പ്രകാശമുള്ളതായി മാറുന്നത്.

കുഞ്ഞുങ്ങളെ അതിരറ്റ് സ്നേഹിച്ചിരുന്ന കുഞ്ഞുണ്ണിമാഷ് കുട്ടിക്കൂട്ടങ്ങളിൽ ആവർത്തിച്ചു ചൊല്ലാറുണ്ടായിരുന്ന ഒരു നാട്ടുകവിത പൊടിക്കറിയെക്കുറിച്ചായിരുന്നു. "ആലത്തൂരെ പാലത്തുമ്മേന്നറുപത് ചെറുമികളറുപതു ചെറുപയറെണ്ണിയെടുത്തു കിളച്ചു മറിച്ചു നിരത്തി വിതച്ചു പറിച്ചു ചവിട്ടിയുണക്കി വറുത്തു പൊടിച്ചാലക്കറിയൊത്ത പൊടിക്കറിയുണ്ടോ" എന്നാണദ്ദേഹം ചോദിക്കുന്നത്.



വരിക്രമമില്ലാത്തതും ആദ്യവസാനം ഒറ്റവരിയായതുമായ ഈ കവിത ഒറ്റശ്വാസത്തിൽ ചൊല്ലണമെന്നു കുഞ്ഞുണ്ണിമാഷ് ആവശ്യപ്പെട്ടിരുന്നു. കുട്ടികളും അദ്ദേഹവും കൂടി ഈ നാട്ടുകവിത ഒറ്റശ്വാസത്തിൽ ചൊല്ലി രസിക്കുന്നത് അക്കാലത്തെ കുഞ്ഞു കൂട്ടായ്മകളിലെ വിസ്മയമായിരുന്നു. കുഞ്ഞുണ്ണിമാഷ് ചൊല്ലിയിരുന്ന മറ്റൊരു നാട്ടുകവിത നത്തിന്റെ കണ്ണിനെക്കുറിച്ചായിരുന്നു:

"വടകരവളവിലൊരറുപതുതെങ്ങുണ്ടറുപതുതെങ്ങിലുമറുപതുപൊത്തു-ണ്ടറുപതുപൊത്തിലുമറുപതുനത്തുണ്ടെന്നാൽ നത്തിനു കണ്ണെത്ര?"

പൊടിക്കറിയെക്കുറിച്ചുള്ള കവിതയെപ്പോലെ ഈ കവിതയും കുഞ്ഞുണ്ണിമാഷും കുട്ടികളുംകൂടി ആഹ്ലാദിച്ചു ചൊല്ലുന്നത് പോയ കാലത്തിന്റെ കമനീയതയായിരുന്നു. കുഞ്ഞുങ്ങളുടെ നാവു വഴങ്ങിക്കിട്ടാനുള്ള തുടർക്കവിതകളും ഇവിടെ തിളങ്ങി നിൽക്കാറുണ്ട്. "ഉരിമുതിരയുരുളിയിലിട്ടാൽ ഉരുളിയുരുളുമോ മുതിരയുരുളുമോ" എന്ന തുടർക്കവിത വിജയകരമായി ചൊല്ലുന്ന കുഞ്ഞുങ്ങളുടെ മുഖത്തുണ്ടാകുന്ന ആനന്ദാനുഭൂതി വർണനാതീതമാണ്.

എല്ലാ കുഞ്ഞുങ്ങൾക്കും ഒരുപോലെ ഇഷ്ടപ്പെടുന്ന മറ്റൊരു കുഞ്ഞിക്കവിത കുറുക്കന്മാരെക്കുറിച്ചുള്ളതാണ്. "അഞ്ചാറു കാടന്മാർ കിങ്ങിണികെട്ടിത്തുള്ളുന്നു. അതിലൊരു കൊച്ചുകാടൻ കാപ്പുകെട്ടി ത്തുള്ളുന്നു" എന്ന കവിത ഇത്തരം കൂട്ടായ്മകളിൽ ഉത്സാഹത്തോടെ

കുഞ്ഞുങ്ങൾ ചൊല്ലാറുണ്ട്. ആദ്യത്തെ അക്ഷരങ്ങൾ ആവർത്തിച്ചു വരുന്ന ചില നാടൻപാട്ടുകൾ കുഞ്ഞുങ്ങളെ വല്ലാതെ ആകർഷിക്കാറുണ്ട്. "കാ കാ കൃതി കനകൃതി കാക്കേ നിന്റെ കൂ കൂ കൃതി കുനകൃതി കൂടെവിടെ? മാ മാ കൃതി മനകൃതി മാവിന്റെ കോ കോ കൃതി കൊനകൃതി കൊമ്പത്ത്." ഇത്തരം പാട്ടുകൾ മനസ്സിൽ വളരേണ്ട കവിതച്ചെടിക്ക് കുളിർനീർ പകരുന്നവയാണ്.

ഇത്തരം നാടൻപാട്ടുകൾ ശീലിക്കുന്ന കുഞ്ഞുങ്ങൾ ഇടശ്ശേരിയുടെ 'പൂതപ്പാട്ടി'ലേക്കും വൈലോപ്പിള്ളിയുടെ 'പെണ്ണും പുലിയും' എന്ന രചനയിലേക്കും കൗതുകത്തോടെ പ്രവേശിക്കുകതന്നെ ചെയ്യും. ആ വഴിയേ സഞ്ചരിച്ചാൽ 'ചണ്ഡാലഭിക്ഷുകി'യും 'രമണനും' 'പ്രേമസംഗീത'വും 'ആത്മാവിലൊരു ചിത'യും കുട്ടികൾക്ക് എളുപ്പം ചെന്നെത്താവുന്ന ഇടങ്ങളാവും. നീരുറവയിൽനിന്ന് നദിയിലേക്കും നദിയിൽനിന്ന് കടലിലേക്കും മേഘവും മഴയുമായി മണ്ണിലേക്കും സഞ്ചരിക്കുന്ന ജലംപോലെ മനുഷ്യമനസ്സ് കവിതയുടെ വിവിധ ഘട്ടങ്ങൾ അറിയുകതന്നെ ചെയ്യും

– കുരീപ്പുഴ ശ്രീകുമാർ

## വായിക്കാം കണ്ടെത്താം

- 'കീരീ കീരീ കിണ്ണം താ' എന്ന പാട്ട് ഒരു കുഞ്ഞുമനസ്സിൽ പിറന്നതാണ് എന്നു പറയുന്നതെന്തുകൊണ്ട്?
- താളത്തിലുള്ള നാടൻപാട്ടുകൾ മനസ്സിൽ വളരേണ്ട കവിതച്ചെടിക്ക് കുളിർനീരാവുന്നത് എങ്ങനെയാണ്?

"കുട്ടിക്കവിതയിലാണെങ്കിലും അനുഭവത്തിന്റെ ചൂടുള്ളപ്പോഴാണ് അത് പ്രകാശമുള്ളതായി മാറുന്നത്." 'കീരീ കീരീ കിണ്ണം താ' എന്ന പാട്ടിൽ അനുഭവങ്ങളുടെ എന്തെല്ലാം സൂചനകളാണുള്ളത്?

### ഒറ്റശ്വാസത്തിൽ പാടാം

"ആലത്തൂരെ പാലത്തുമ്മേന്നറുപത്
ചെറുമികളറുപതു ചെറുപയറെണ്ണിയെടുത്തു
കിളച്ചു മറിച്ചു നിരത്തി വിതച്ചു പറിച്ചു
ചവിട്ടിയുണക്കി വറുത്തു പൊടിച്ചാലക്കറിയൊത്ത
പൊടിക്കറിയുണ്ടോ"

### ചൊല്ലിരസിക്കാം



"നീരാടിച്ചു കണ്ണെഴുതിച്ചു
നെയ്യുരുളച്ചോർ മാമൂട്ടി
ഊട്ടിയുറക്കിയൊരുണ്ണികളെത്താൻ
കാട്ടിലെ മടയിൽ കൊണ്ടാക്കി"

(പെണ്ണും പുലിയും) - വൈലോപ്പിള്ളി ശ്രീധരമേനോൻ

'കാച്ചിയ മോരൊഴിച്ചൊപ്പിവടിച്ചിട്ട്
കാക്കേ പൂച്ചേ പാട്ടുകൾ പാടീട്ട്
മാനത്തമ്പിളിമാമനെ കാട്ടീട്ടു
മാമുകൊടുക്കുന്നു നങ്ങേലി'

(പൂതപ്പാട്ട്) - ഇടശ്ശേരി ഗോവിന്ദൻ നായർ

- രണ്ടു കവിതകളുടെയും താളം കണ്ടെത്തി സംഘമായി ചൊല്ലിയവതരിപ്പിക്കൂ.

# വേനലിന്റെ ഒഴിവ്



മെലിഞ്ഞ്, വികൃതമായി വളഞ്ഞ്, ശുഷ്കിച്ച കൊമ്പുകളോടുകൂടിയ ഒരു ചെറിയ മരമായിരുന്നു അത്. മഴ തീരെയില്ലാത്ത കാലമായിരുന്നതുകൊണ്ട് അതിന്റെ ഇലകൾക്കു മീതെ അരിവാളിന്റെ ആകൃതിയിൽ വളഞ്ഞിരുന്ന ഒരു ചുള്ളിക്കൊമ്പിൽ ഒരു എട്ടുകാലിവല തൂങ്ങിക്കിടന്നിരുന്നു.

തെക്കേ പറമ്പിൽ, മരിച്ചവരെ ദഹിപ്പിക്കുമ്പോൾ നടുന്ന തെങ്ങുകൾക്കിടയിൽ ഒരു വരമ്പിനോട് ചേർന്നുനിൽക്കുകയായിരുന്നു ആ മരം.

ഞാൻ ഇവിടെ വരേണ്ടവളല്ല, പക്ഷേ, എന്നെ നശിപ്പിക്കരുത് എന്നു ഞങ്ങളോട് അത് പറയുന്നതായി എനിക്കു തോന്നി.

ഞാൻ മുത്തശ്ശിയുടെ ഒപ്പം നടന്ന് തെങ്ങിന്റെ ചുവട്ടിൽ കിടന്നിരുന്ന മച്ചിങ്ങകൾ എന്റെ പാവാടയുടെ മടക്കിൽ നിക്ഷേപിക്കുകയായിരുന്നു.

"അത് എന്തു മരാ?" ഞാൻ മുത്തശ്ശിയോട് ചോദിച്ചു. മുത്തശ്ശിക്ക് കാഴ്ചശക്തി ചെറുപ്പംമുതൽക്കേ വളരെ കഷ്ടിയായിരുന്നു. അതുകൊണ്ട്, കണ്ണുകൾ അൽപ്പം ഇറുക്കിക്കൊണ്ട് അവർ ഞാൻ ചൂണ്ടുന്നിടത്തേക്കു നോക്കി.

"ഓ, അത് ഞാവലാ."

"ഞാവലോ?"

"ആ, അമ്മു ഞാവലിൻപഴം കണ്ടിട്ടില്യേ? കടുംവയലറ്റുനിറത്തില്, കോട്ടിക്കായയുടെ വലുപ്പത്തില്...അമ്മു കണ്ടിട്ടുണ്ടാവില്യ."

"അത് തിന്നാൻ പറ്റ്വോ?"

"പിന്നെ! കൊറച്ച് ചവർപ്പ്ണ്ടാവും, മധുരോം. ഞാൻ സ്കൂളില് പഠിക്കുമ്പോ എത്ര തിന്നിരിക്കുന്നു! പറഞ്ഞപ്പോ ഒന്ന് ഓർമ്മ വരുന്നു. എന്റെ കൂടെ പഠിച്ചിരുന്നു ഒരു മഠത്തില് ദേവു. ആ ദേവൂന് വല്യേ കരിനാവേർന്നു. എന്നോടു പറയ്യ്യാണ് കുട്ട്യേ, കുട്ടീടെ കണ്ണ് കുപ്പിപ്പിഞ്ഞാണത്തില് ഞാവലിൻപഴം ഇട്ടപോലെയാ...ന്ന്. ഞാൻ കണ്ണു പൊട്ടുംന്നന്നെ വിചാരിച്ചു. അന്നു രാത്രി എനിക്ക് ഉറക്കേണ്ടായില്ലാ."

മുത്തശ്ശി തെങ്ങിന്റെ ചുവട്ടിൽ കിടന്നിരുന്ന ഒരു കൊതുമ്പ് എടുത്തു കുടഞ്ഞ് വിഷയം മാറ്റി: "വെന്ത വെളിച്ചെണ്ണ ണ്ടാക്കുമ്പോ അരിക്കാനാ."

ഞാൻ ആ ഞാവൽമരത്തിന്റെ അടുത്തേക്കു നടന്നു. അതിന്റെ കടയ്ക്കൽ ഒരു മാളമുണ്ടായിരുന്നു.

"ആ ദേവു എവിടെ?" ഞാൻ ചോദിച്ചു.

മുത്തശ്ശി ചിരിച്ചു. "ദേവു ഒക്കെ മരിച്ചുപോയി. ഇനി ഞാൻ മാത്രമേ ജീവിച്ചിരിക്ക്ണുള്ളൂ. എന്റെ കൂടെണ്ടായ്രുന്നോരൊക്കെ പോയി. കാർത്തു, വടക്കേമുറി ചിന്നമ്മു, മാരാത്തെ കുഞ്ഞു ഇവരൊക്കേർന്നു മുത്തശ്ശീടെ കൂട്ടക്കാർ..."

“അവരൊക്കെ മരിച്ചോ?”

“ഉം.”

‘‘ഇപ്പോ മുത്തശ്ശിക്ക് ആരുല്യ, ഊവ്വോ ഫ്രണ്ടായിട്ട്?’’ എനിക്കു മുത്തശ്ശിയോട് കലശലായ അനുകമ്പ തോന്നി. ഞാൻ അവരുടെ അടുത്തേക്കുചെന്ന് അവരുടെ അരക്കെട്ടു കെട്ടിപ്പിടിച്ചു.

“മുത്തശ്ശിക്ക് ഞാനില്ല്യേ?” ഞാൻ ചോദിച്ചു.



“അതെ, അമ്മൂ, മുത്തശ്ശിക്ക് അമ്മു മതി.”

അവർ എന്റെ കൈയ് മുറുക്കിപ്പിടിച്ചുകൊണ്ട് പറമ്പിൽനിന്ന് ഇറങ്ങി മുറ്റത്തേക്ക് എത്തി.

“എന്താ മുത്തശ്ശീടെ കൈയ് ഇങ്ങനെ? ഞരമ്പ് പൊന്തീട്ട്. എന്റെ കൈയില് ഞരമ്പേയില്ല്യ.”

മുത്തശ്ശി കൈയിലുണ്ടായിരുന്ന കൊതുമ്പ് ഇറയത്തേക്ക് എറിഞ്ഞ്, കുളപ്പുരയിലേക്കു നടന്നു. മുത്തശ്ശിയുടെ സോപ്പിൻകഷണം വച്ചിരുന്ന അടപ്പില്ലാത്ത ചുവന്ന പെട്ടിയും ഒരു തോർത്തുമുണ്ടും കുളക്കടവിൽ കല്ലിന്മേൽ ഉണ്ടായിരുന്നു.

“ഞാനിത് ഇവിടെ വച്ചത് തീരെ മറന്നൂട്ടോ.” മുത്തശ്ശി സോപ്പ് എടുത്തു നോക്കിക്കൊണ്ട് പറഞ്ഞു: “കാക്ക കൊണ്ടുവാഞ്ഞത് ഭാഗ്യം.”

“കാക്ക സോപ്പ് തിന്ന്വോ?”

‘‘തിന്നില്ല്യ, പക്ഷേ ഭംഗി കണ്ടാ കൊത്തിക്കൊണ്ടൂവും.”

ഞാൻ വിചാരിച്ചു - മുത്തശ്ശി എന്തു വിഡ്ഢിയാണ്! മുത്തശ്ശിയുടെ സോപ്പിൻകഷണത്തിന് യാതൊരു ഭംഗിയുമില്ലല്ലോ. പിന്നെ എന്തിനാണ് അത് കാക്ക കൊണ്ടുപോവുമെന്നു വിചാരിക്കുന്നത്? കാക്കയ്ക്ക്, തേഞ്ഞുതേഞ്ഞ് ഒരു ചെറിയ

ഓട്ടിൻകഷണംപോലെ ആയിക്കഴിഞ്ഞ ഈ സോപ്പ് ഇഷ്ടപ്പെടുമോ?

''കാക്കയ്ക്ക് ഭംഗി അറിയും, ഇല്ലേ?'' ഞാൻ ചോദിച്ചു.

"കാക്കയ്ക്ക് ഭംഗിയൊക്കെ അറിയും. സംശയണ്ടോ? ഇല്ലെങ്കിൽ അവിറ്റ എണ്ണയോടം കണ്ടാൽ കൊത്തിപ്പറക്കണത് എന്തിനാ? പക്ഷ്യോളക്ക് നല്ല ബുദ്ധിയുണ്ട്, അമ്മോ. മനുഷ്യന്മാരേക്കാളും വിവരോം തന്റേടോം അവയ്ക്കാ."

"അതെന്താ?"

"അങ്ങിനയാ, അതന്നെ." മുത്തശ്ശി എന്റെ കുപ്പായം ഊരിയെടുത്തു വെള്ളത്തിൽ മുക്കി കല്ലിന്മേൽവച്ചു. എന്നിട്ട് തിരുമ്പുന്ന സോപ്പ് പതച്ച് അതിന്മേൽ തേച്ചുതുടങ്ങി.

"മുത്തശ്ശീ!"

"ഉം?"

"ഞാൻ സ്കൂള് തൊറന്ന് കൽക്കട്ടയ്ക്ക് പോയാൽ മുത്തശ്ശീടെകൂടെ കൊളത്തില്യ്ക്ക് ആരാ വര്വാ?"

"ആരൂണ്ടാവില്ലാ, അമ്മോ."

"അപ്പോ മുത്തശ്ശിക്ക് പേടിയാവില്ലേ?"

മുത്തശ്ശി തുണി തിരുമ്പുന്നതു നിർത്തി, എന്റെ മുഖത്തേക്ക് തലയുയർത്തി നോക്കി ചിരിച്ചു.

'മുത്തശ്ശിക്ക് പേടിയാവില്യ, അമ്മോ. മുത്തശ്ശി കുട്ട്യല്ലലോ. മുത്തശ്ശിക്ക് എത്ര വയസ്സായീന്ന് അറിയ്യോ?"

ഞാൻ തലയാട്ടി.

"അറുപത്തെട്ട്. ഈ ചിങ്ങത്തില് അറുപത്തൊൻപതാവും."

"മുത്തശ്ശി എപ്പഴാ മരിക്ക്യാ?"

"എപ്പഴാന്ന് എങ്ങനെയാ അറിയ്യാ? ദൈവത്തിന് തോന്നുമ്പോ അങ്ങ്ട്ട് കൊണ്ടൂവും, അതന്നെ. ഈ തറവാട്ടില് ആരും ഇത്രകാലം ജീവിച്ചിരുന്ന്ട്ടില്യാ. അമ്മ മരിച്ചത് നാൽപ്പതാം വയസ്സിലാണ്. അമ്മാമ നാൽപ്പപത്തഞ്ചില്. അമ്മമ്മേം അൻപതാവണേന്റെ മുമ്പേ പോയി. പിന്നെ, കമലം. ഞാൻ മാത്രം മരിക്കുണൂല്യാ. എന്തൊക്കെ അനുഭവിപ്പിക്കാനാണാവോ ഈ മഹാപാപിയെ ഇങ്ങിനെ ഇരുത്തീര്യ്ക്ക്ണ്."

മുത്തശ്ശി മുണ്ടിന്റെ ഒരു തലപ്പുകൊണ്ട് കണ്ണുകൾ തുടച്ചു. മൂക്ക് ശബ്ദത്തോടെ ചീറ്റി.

"മുത്തശ്ശി അടുത്തു മരിയ്ക്കോ?"

മുത്തശ്ശി ചിരിക്കുവാൻ ശ്രമിച്ചു. അവരുടെ പല്ലുകൾ തേഞ്ഞും ചുവന്നുമിരുന്നു. അവരുടെ വായിൽനിന്ന് വെറ്റിലയുടെയും കളിയടയ്ക്കയുടെയും സുഗന്ധം ഇടയ്ക്കിടക്ക് പുറപ്പെട്ടുകൊണ്ടിരുന്നു. ഞാൻ അവരുടെ കഴുത്തിൽ കൈയിട്ട്, എന്റെ മുഖം അവരുടെ കവിളത്ത് അമർത്തിക്കൊണ്ട് ഉറക്കെ യാചിച്ചു: "മരിക്കില്യാന്ന് പറയ്യോ. മുത്തശ്ശി മരിക്കില്ലാന്ന് പറയ്യോ. എന്നോടു സത്യം ചെയ്യണം, മരിക്കില്യാന്ന്."

മുത്തശ്ശിയുടെ കണ്ണുകൾ നിറഞ്ഞു. പക്ഷേ, ചിരിച്ചുകൊണ്ട് അവർ പറഞ്ഞു: "ശെരി, അമ്മ്വോ, ശെരി. മുത്തശ്ശി മരിക്കില്യാ, ന്നാൽ പോരെ?"

***

''ഇന്ന്യത്തെ കൊല്ലം വര്മ്പഴയ്ക്കും അമ്മു ഇത്തിരികൂടി വലുതായിട്ട്ണ്ടാവും" – മുത്തശ്ശി പറഞ്ഞു.

"മുത്തശ്ശിയോ? മുത്തശ്ശി വലുതായിട്ട്ണ്ടാവ്വോ?" മുത്തശ്ശി ചിരിച്ചു.

"മുത്തശ്ശി ഇനി വല്താവ്വോ? മുത്തശ്ശി ഇനി ചെറുതാവാ ചെയ്യ്യാ. ചുളിഞ്ഞ് ചുളിഞ്ഞ് ചെറുതാവ്വാ, അതന്നെ."

എനിക്ക് പെട്ടെന്ന് ആ ചെറിയ ഞാവൽമരത്തെപ്പറ്റി ഓർമ്മ വന്നു.

"മുത്തശ്ശീ!"

"ഉം."

"ആ ഞാവൽമരല്ല്യേ? ഞാവൽമരം. അത് എത്ര കാലായി ഉണ്ടായിട്ട്? അതാരാ നട്ടത്?"

''ആരാ നട്ടത്? എനിക്കറീല്ല്യേ. ഞാൻ ഓർക്കുമ്പൊഴൊക്കെ അതവിടെണ്ട്."

"അതിമ്മ്ല് പഴം ഉണ്ടാവ്വോ?"

"ഇനി പഴം ഉണ്ടാവ്വോ, അമ്മ്വോ? എനിക്കറീല്ല്യേ. ഉണ്ടായാത്തന്നെ വലുതാവില്യ, തീർച്ച."

"അതെന്താ?"

"അതങ്ങിനെയാ, അതന്നെ."

"മുത്തശ്ശീ!"

"എന്താ അമ്മ്വോ?"

"ഒരു പക്ഷേ ഞാൻ ഇനിയത്തെ കൊല്ലം വരുമ്പോ അതില് പഴംണ്ടാവും. എന്നിട്ട് ഞാനും മുത്തശ്ശിംകൂടി അത് പൊട്ടിച്ചു തിന്നും."

വണ്ടിയിലേക്ക് എന്റെ ചെറിയ തോൽപ്പെട്ടിയും ശങ്കുണ്ണിനായർ തന്ന മലയാളപുസ്തകവും എടുത്തുവച്ചതിനുശേഷം അച്ഛൻ വാതിൽക്കൽ വന്നുനിന്നു.

മുത്തശ്ശിയുടെ മുഖം വല്ലാതെ തുടുത്തിരുന്നു.

"അങ്ങട്ട് വരില്യാന്ന് ശപഥം ചെയ്തിട്ടൊന്നുല്യലോ". മുത്തശ്ശി പറഞ്ഞു: "എനിക്ക് മകളായിട്ടും മകനായിട്ടും എല്ലാം അവളേ ഉണ്ടായിരുന്നുള്ളൂ. അവള് പോയി. എന്നാലും മകന്റെ സ്ഥാനം നിങ്ങൾക്ക് പോവില്യാലോ..."

മുത്തശ്ശി തന്റെ വേഷ്ടിയുടെ അറ്റമെടുത്ത് മൂക്കു ചീറ്റി. മുഖം തുടച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു.

"വരാം. ഇനിയത്തെ കൊല്ലം വരാം, സത്യം. എനിക്ക് ധൈര്യം പോരാഞ്ഞിട്ടാണ്. അല്ലാണ്ടെയൊന്നുല്ല. ഞങ്ങള് ഒന്നിച്ച് എല്ലാ കൊല്ലവും കടന്നു വന്നിരുന്ന ആ വീട്ടില് ഇപ്പോ ഞാൻ തനിച്ച് വന്ന് കേറുമ്പോ.... അമ്മ തെറ്റിദ്ധരിക്കരുത്. എന്റെ മനസ്സിന് കരുത്തില്യ."

"തെറ്റിദ്ധരിക്കില്യ. നിങ്ങളെയാരെയും ഞാൻ തെറ്റിദ്ധരിക്കില്യാട്ടൊ...എന്റെ കുട്ട്യോളെ ഞാൻ ഒരിക്കലും തെറ്റിദ്ധരിക്കില്യാ."

വണ്ടിയിളകിത്തുടങ്ങിയപ്പോൾ അച്ഛൻ ജനവാതിലിന്റെ ചില്ലുകൾ ചുവട്ടിലേക്കിട്ടു.

"അച്ഛാ!"

"എന്താ മോളേ?"

"മുത്തശ്ശി ഇനിയത്തെ കൊല്ലമാവുമ്പൊഴെയ്ക്ക് മരിക്ക്വോ?"

"ഇല്യ."

"മരിക്കില്യേ?"

"മുത്തശ്ശി മരിക്കില്ല."

"സത്യം?"

അച്ഛൻ എന്നെയെടുത്ത് മടിയിൽവച്ച് എന്റെ മുഖത്ത് ഉമ്മ വച്ചു. എന്നിട്ട് നിറഞ്ഞ കണ്ണുകളോടെ എന്നെ നോക്കിക്കൊണ്ടു പറഞ്ഞു: "ഞാൻ സത്യം ചെയ്യാം. മോള്ടെ മുത്തശ്ശി ഒരിക്കലും മരിക്കില്യാ."

തീവണ്ടിയുടെ ചക്രങ്ങൾ ഗർജിച്ചു: "മരിക്കില്യാ... മരിക്കില്യാ..."

- മാധവിക്കുട്ടി

### വായിക്കാം കണ്ടെത്താം

- മുത്തശ്ശിയും പേരക്കുട്ടിയും തമ്മിലുള്ള സ്നേഹബന്ധം വെളിപ്പെടുന്ന സന്ദർഭങ്ങൾ കണ്ടെത്തുക.
- ഗ്രാമീണജീവിതത്തിന്റെ എന്തെല്ലാം സൂചനകളാണ് കഥയിൽനിന്ന് കിട്ടുന്നത്?
- "മുത്തശ്ശി തന്റെ മുണ്ടിന്റെ തലപ്പുകൊണ്ട് കണ്ണുകൾ തുടച്ചു." മുത്തശ്ശിയുടെ സങ്കടത്തിനു കാരണമെന്താവാം?
- അമ്മുവിന്റെ അച്ഛൻ തറവാട്ടിൽ വരാത്തതെന്തുകൊണ്ടാണ്?
- "ആ ഞാവൽമരല്യേ? ഞാവൽമരം. അത് എത്ര കാലായി ഉണ്ടായിട്ട്? അതാരാ നട്ടത്?"

  "ആരാ നട്ടത്? എനിക്കറീല്യേ. ഞാൻ ഓർക്കുമ്പൊഴൊക്കെ അതവിടെണ്ട്."
- "അതിമ്മ്ല് പഴം ഉണ്ടാവ്വോ?"

  "ഇനി പഴം ഉണ്ടാവ്വോ, അമ്മോ? എനിക്കറീല്യേ. ഉണ്ടായാത്തന്നെ വലുതാവില്യ, തീർച്ച."

  കാലമേറെയായിട്ടും കായ്ക്കുന്ന ഞാവൽമരത്തിന് ഈ കഥയിൽ ഒരു പ്രധാന സ്ഥാനമില്ലേ? ചർച്ചചെയ്യൂ.
- "കുപ്പിപ്പിഞ്ഞാണത്തില് ഞാവലിൻപഴം ഇട്ടപോലെ" എന്ന് കണ്ണുകളെക്കുറിച്ചു പറഞ്ഞതെന്തുകൊണ്ടാവാം?

'വേനലിന്റെ ഒഴിവ്' എന്ന കഥയിലെ മുത്തശ്ശിയെക്കുറിച്ച് കൂടുതലറിയാൻ കഥ മുഴുവനായി വായിക്കൂ. മുത്തശ്ശിയുടെ സ്വഭാവസവിശേഷതകൾ തിരിച്ചറിഞ്ഞ് കഥാപാത്രനിരൂപണം തയാറാക്കൂ.

### ഞാൻ എന്നെക്കുറിച്ച്

ഇവയിൽ ഏതൊക്കെ കാര്യങ്ങളിലാണ് നിങ്ങളുടെ മികവുകൾ? ഇനിയും വർധിപ്പിക്കേണ്ടത് ഏതൊക്കെ? മികവുകൾക്ക് '✓' ചിഹ്നവും ഇനിയും മെച്ചപ്പെടുത്തേണ്ടവയ്ക്ക് '+' ചിഹ്നവും ചേർക്കൂ.

- ഒരു രചനയുടെയോ കൃതിയുടെയോ പ്രത്യേകതകൾക്കിണങ്ങും വിധം വായിച്ചവതരിപ്പിക്കൽ ☐

- ഒരു രചനയോ അവതരണമോ നടത്തുമ്പോൾ സന്ദർഭത്തിന നുസരിച്ച് പദങ്ങളുടെ തിരഞ്ഞെടുപ്പും പ്രയോഗവും.
- തന്റെ വാദങ്ങളും ആശയങ്ങളും സമർഥിക്കാനുള്ള തെളിവു കളുടെ തിരഞ്ഞെടുപ്പ്.
- ആശയങ്ങളെ ബന്ധിപ്പിച്ച് ലഘുവാക്യങ്ങളിൽ അവതരിപ്പിക്കൽ.
- ഒന്നിലധികം സ്രോതസ്സുകളിൽനിന്ന് വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനും തിരഞ്ഞെടുത്ത് പ്രയോഗിക്കാനുമുള്ള കഴിവ്.
- മറ്റുള്ളവരുടെ ആശയങ്ങളും വാദങ്ങളും മനസ്സിലാക്കി ആവശ്യമുള്ളത് തിരഞ്ഞെടുത്ത് തന്റെ ആശയങ്ങളുമായി ചേർത്തു വയ്ക്കൽ.
- സന്ദർഭത്തിനിണങ്ങുംവിധം അനുയോജ്യമായ വ്യവഹാരരൂപം തിരഞ്ഞെടുക്കാനുള്ള കഴിവ്.
- ഒരു രചനയെ ഉചിതമായ ചിഹ്നങ്ങൾ, ഖണ്ഡികാകരണം, ആശയ ക്രമീകരണം തുടങ്ങിയവ ഉപയോഗിച്ച് മെച്ചപ്പെടുത്തൽ.
- തിരഞ്ഞെടുത്ത വ്യവഹാരരൂപത്തിനനുയോജ്യമായ താൾ രൂപകല്പന ചെയ്യാനും നിശ്ചയിക്കാനും ഉള്ള കഴിവ്.
- വിവിധ തരം രചനകൾ ചേർത്ത് കൈയെഴുത്തു മാസിക, ചുമർ പത്രിക, പത്രം, പുസ്തകം എന്നിവ പ്രസിദ്ധീകരിക്കൽ.

### പദപരിചയം

| | | | |
|---|---|---|---|
| കനകം | - സ്വർണം | കാമിനി | - ഭാര്യ |
| ഉലക് | - ലോകം | ദൃഷ്ടാന്തം | - തെളിവ് |
| ശുഷ്കിച്ച | - ഉണങ്ങിയ | തണിയുവോളം | - തണുക്കുംവരെ |
| വ്യംഗ്യമായ | - ഒളിഞ്ഞിരിക്കുന്ന | അരചൻ | - രാജാവ് |